3572

പ്രേത ലോകം

അഥവാ

ആത്മ വാദം.



1048

എ. മുഹമ്മദുക്കണ്ണ ബി. എ.

3542

പ്രേത ലോകം

അഥവാ

ആത്മ വാദം.

ഗ്രന്ഥകർത്താ:—

എ. മുഹമ്മദുക്കണ്ണ ബി. എ.

(Copy Right)

1-ാം പതിപ്പു 1000 പ്രതികൾ.

'ഐക്യ' മുദ്രാലയം—എറണാകുളം

1104.

Price Re 1. വില ക. ഉ.

3542

3542

അവതാരിക.

"പ്രേതലോക" പരിശോധനയുടെ ഞാൻ പുറപ്പെട്ടതു ഗ്രന്ഥകാരൻ എന്നെ ഒരു "ആവേശപാത്ര"മാക്കിയതു കൊണ്ടാണു്. "ആവേശപാത്ര"ങ്ങളിൽ നിന്നു ആത്മവാദത്തെക്കുറിച്ചു ലഭിക്കുന്ന തെളിവുകൾ സ്വീകാരയോഗ്യങ്ങളും വിശ്വസനീയങ്ങളും ആണോ എന്ന സംശയം ഇന്നും ആത്മവാദ സംഘാടകന്മാരുടെ ഇടയിൽ പോലും വലിയ വാദവിഷയമായിരിക്കുന്നു. എനിക്കു പ്രേതങ്ങളുമായി യാതൊരു വേഴ്ചയും ചാഞ്ചല്യവുമില്ല. ഞാൻ അവരെ നിന്ദിക്കാറുമില്ല, വന്ദിക്കാറുമില്ല. മനുഷ്യബുദ്ധിക്കു ഗോചരമല്ലാത്തതും, ശാസ്ത്രീയ പരിശോധനയ്ക്കു വഴിപ്പെടാത്തതും ആയ ചില ശക്തികളും വ്യക്തികളും ലോകത്തിലുണ്ടെന്നു്, എന്നെ അന്ധവിശ്വാസി എന്നു അപഹസിച്ചാലും വേണ്ടില്ല, ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നുണ്ടു്.

മനുഷ്യർക്കു മാത്രമല്ലാ, ചരാചരങ്ങൾക്കു മുഴുവൻ തന്നെ നിത്യമായ ആത്മാവുണ്ടെന്നാണു് ഹിന്ദുക്കൾ വിശ്വസിക്കുന്നതു്. വല്ല മോട്ടോർ കാറൊ ആവിയന്ത്രമൊ പോലെ കുറെകാലം ഓട്ടുകയും, ഒട്ടമെന്നാരെ നശിച്ചു ദ്രവിച്ചു പോകയും ചെയ്യുന്ന ഒരു യന്ത്രം 'യന്ത്രു' മാണു് മനുഷ്യൻ എന്നു ഞാൻ വിചാരിക്കുന്നില്ല. ഹെൻറി ഫോർഡും (Henry Ford)

ഈശ്വരനും ഉണ്ടാക്കി വിട്ടന്ന യന്ത്രങ്ങൾ കരുപോ
ലെയാണെങ്കിൽ നമ്മുടെ കഥ നന്നെ പരുങ്ങലിലാ
ണെന്നു മാത്രമെ പറയുവാൻ തോന്നുന്നുള്ളൂ!

"പ്രേതലോകം" ഇന്ത്യക്കാർക്കു അപരിചിതമാ
യ ഒരു നവീന 'രാജ്യ'മല്ല. കൊളമ്പസ്സ് "കണ്ടുപിടി
ച്ച" തിനു മുമ്പുതന്നെ അമേരിക്ക 'ഉണ്ടാ'യിരുന്നു
എന്നാണു് തോന്നുന്നതു്. തന്റെ ഓമന മകൻ റെ
യിമണ്ടു്, കണ്ടവരുടെ മേക്കട്ടുകയറാൻ കച്ചകെട്ടി
പ്പുറപ്പെട്ട ചെന്നു വെടികൊണ്ടു ചത്തപ്പോൾ മാത്ര
മേ സേർ ഒളിവർ ലോഡ്ജിനു വിവേകം ഉദിച്ചുള്ളൂ!
അതിനു മുമ്പു "സയൻസ്" പ്രകാരം മാത്രം കാണു
കയും കേൾക്കുകയും ചെയ്തിരുന്ന ആ മഹാനുഭാവനു
ഇപ്പോൾ പറയുന്നതിലും കേൾക്കുന്നതിലും ഒന്നിലും
"സെൻസ്"പോലും വേണമെന്നില്ലാ എന്നാണു ചി
ലർ പ്രസ്താവിക്കുന്നതു്. ഞാൻ രണ്ടും പറയാൻ ആ
ളല്ല. ഇല്ലാ എന്നു ശഠിപ്പിക്കുന്നതും ഉവ്വു് എന്നു വാദി
പ്പിക്കുന്നതും എല്ലാം ഒരാൾ തന്നെ, ഒരു ശക്തിതന്നെ.

പ്രേതങ്ങളെക്കണ്ടവരും, പ്രേതങ്ങളുമായി സം
ഭാഷണം ചെയ്തിട്ടുള്ളവരും നമ്മുടെ രാജ്യത്തും ഇല്ലാ
യ്കയില്ല. മേശയുടെ കാലും സ്റ്റൂളിന്റെ തട്ടും ഒന്നും
ക്കൂടാതെതന്നെ ആവക കാര്യങ്ങളും ഈ രാജ്യത്തു നി
ർവ്വഹിക്കപ്പെടാറുണ്ടെന്നാണു പറയപ്പെടുന്നതു്. ന
മ്മുടെ എടയിലുള്ള "ടണ്ണെക്കവും" "പ്രേതോപദ്ര
വ"വും, "വെളിച്ചപ്പെടു"ലും "ചാത്തന്റെ ഉപദ്രവ"
വും മറ്റു പലതും പ്രേതലോക പരിശോധനക്കായ
ലോഡ്ജ് പ്രഭൃതികളുടെ ശ്രദ്ധയിൽ പെടേണ്ടവ

3542

യാണ്. നമ്മുടെ രാജ്യക്കാരുടെ സഹജമായ അനാ
സ്ഥയാലും, അന്വേഷണ ശീലമില്ലായ്മയാലും നിർ
ഭാഗ്യവശാൽ-ഒരുസമയം ഭാഗ്യവശാൽ, കാരണം പ്രേ
തങ്ങളെ പുസ്തകത്തിലാക്കിയാൽ നന്നായിരിക്കുമോ
അതുവോ, അതു സംബന്ധമായ ഗ്രന്ഥങ്ങൾ ഇംഗ്ലീ
ഷിലെപ്പോലെ ഇവിടെ ഉണ്ടായിട്ടില്ലെന്നു മാത്രം.

ഇന്ത്യയിലെ "പ്രേതങ്ങ"ളും മനുഷ്യ സഹജ
ങ്ങളായ വികാരങ്ങളോടു കൂടിയവയാണെന്നു തന്നെ
യാണ് പറയപ്പെടുന്നതു്. ജീവകാലത്തുണ്ടായിരു
ന്ന വാസന വിടാതെ ചത്താലും പിന്തുടരുന്നു എ
ന്നാണല്ലോ ഹൈന്ദവ ശാസ്ത്രവും. കള്ളും ചാരായ
വും കൊടുത്തും, എറച്ചിയും മീനും നൽകിയും, പാലും
പഴവും നിവേദിച്ചും, പ്രേതങ്ങളുടെ വാസനകൾക്ക
നുസരിച്ചു അവയെ പ്രീതിപ്പെടുത്തി വരാറുണ്ടു്. ക
ഴിഞ്ഞു പോയ കാരണവന്മാരുടെ ആത്മാക്കൾക്കു
"മരണാനന്തരജീവിത"മുണ്ടെന്നും അവർക്കും ചില
സദ്ഗതികളെല്ലാം ഉണ്ടെന്നും പഴയ പരിസരങ്ങ
ളിൽ അവർ ചുറ്റിസ്സഞ്ചരിക്കുകയും, പിൻവാഴ്ക്കാ
രുടെ ക്ഷേമാഭിവൃദ്ധിയിൽ തല്പരന്മാരായിരിക്കുകയും
ചെയ്യുന്നുണ്ടെന്നും ഉള്ളവിശ്വാസങ്ങൾ ഉണ്ടായിരുന്നി
ല്ലെങ്കിൽ, "കാരണവന്മാർക്കു കലശവും", "പൂർവ്വന്മാർക്കു
പൂജ"യും "പ്രേതപ്രീതി"യും നിലനില്പുമായിരുന്നില്ല.

ഏതായാലും, "പ്രേതലോകം" "പിതൃലോകം"
"ഭൂതലോകം" മുതലായവ മലയാളികൾക്കു അപരി
ചിതങ്ങളായ നൂതന രംഗങ്ങളല്ല. 'പാശ്ചാത്യൻ

പറഞ്ഞാലേ പരമാത്മാ പോലും നമുക്കു വിശ്വാസ യോഗ്യമാകയുള്ളൂ' എന്നായിരിക്കുന്ന ഇക്കാലത്തു പ്രേതങ്ങളെക്കുറിച്ചു യൂറോപ്യന്മാക്കും ചിലതെല്ലാം പറയാനുണ്ടെന്നു അറിയുന്നതു പരിഷ്കൃതരും അവിവേകികളുമായ അന്ധവിശ്വാസികൾക്കു വലിയ ആശ്വാസമായിരിക്കുന്നതാണ്. മിസ്റ്റർ മുഹമ്മദുക്കണ്ണിന്റെ ഈ പുസ്തകത്തിനു തന്നിമിത്തം ആരും സ്വാഗതം പറയുന്നതായിരിക്കും.

നമ്മുടെ നാട്ടുകാർ അടിസ്ഥാന രഹിതങ്ങളായ അന്ധവിശ്വാസങ്ങളാണെന്നും മറ്റും പറഞ്ഞു ആക്ഷേപിച്ചു വരുന്നതും, പരിഷ്കാരികൾ ഓരോന്നോരോന്നായി വിലയില്ലാതെ വലിച്ചെറിഞ്ഞുകളഞ്ഞുകൊണ്ടിരുന്നതും ആയ അഭിപ്രായങ്ങളും ആചാരങ്ങളും യൂറോപ്പിലെ "സാക്ഷാൽസ്സയൻസുകാർ" പച്ചപ്പരമാർത്ഥങ്ങളാണെന്നു കണ്ടറിഞ്ഞും കൊണ്ടാടിയും വരുന്നു!! "ലോകത്തിൽ പുതിയതു് ഒന്നുമില്ല". രാജ്യകാലഭേദം, ആകൃതിവേഷ വിശേഷം മുതലായ ചില കാരണങ്ങളാൽ ഒരേ ഒരു തത്വം തന്നെ വീണ്ടും വീണ്ടും മാറിയും മറിഞ്ഞും, പ്രചരിച്ചും നശിച്ചും, മുളച്ചും തടിച്ചും വരുന്നു! കാടന്മാരുടെ മുരട്ടബുദ്ധിയിൽ കടന്നു കൂടിയ ഭയസമ്മിശ്രമായ ചില തെറ്റിദ്ധാരണമാത്രമായിരുന്ന 'മരണാനന്തരലോകം', മാനുഷിക പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന മഹാമഹാന്മാരുടെ പരിശോധനയിലും പരീക്ഷയിലും ജയിച്ചു സമ്മാനം നേടിയിട്ടുള്ള ഒരു യഥാർത്ഥ

3542

രംഗം തന്നെയായിത്തീർന്നിരിക്കുന്നു!! പരിഷ്കാരഗതി "വട്ടത്തി" ലാണെന്നതിനു വേറെ തെളിവു വേണമോ? പരിഷ്കാരച്ചങ്ങലയുടെ രണ്ടറ്റത്തെ കണ്ണികളും കൂട്ടി മുട്ടിക്കഴിഞ്ഞു; കൂടി യോജിച്ചു കഴിഞ്ഞു. ഇരുപതാംനൂറ്റാണ്ടിലെ ഈശ്വരോപമനായ 'സയൻറിസ്റ്റും' 'നൂറ്റാണ്ടുകൾക്കു മുമ്പുള്ള' കൂടിപ്രായനായ മനുഷ്യമൃഗവും കൂടി കൈകൾ കോർത്തുപിടിച്ചു സമനിലയിൽ പെരുമാറുന്നതായ ഈ അത്ഭുത ചിത്രം നോക്കിക്കൊണ്ട് ഇതാ സ്രഷ്ടാവായ സവേശ്വരൻ സഹർഷം പുഞ്ചിരിക്കൊള്ളുന്നു! ഹാ! അതുകാണുവാൻ കണ്ണുള്ളവർ ഭാഗ്യവാന്മാർ!

ഈ പുസ്തകം മുഹമ്മദുക്കണ്ണു അവർകളുടെ "ഇടം പ്രഥമ"മായ കൃതിയാണ്. "ഐക്യ"ത്തിന്റെ മാഹാത്മ്യത്തിനു കാരണഭൂതനായ ഗ്രന്ഥകാരനേയോ, ആദിമമനുഷ്യൻ മുതൽ ആധുനികശാസ്ത്രജ്ഞൻ വരേയുള്ള സകലരേയും അമ്പരപ്പിച്ചിട്ടുള്ള "പ്രേതലോക"ത്തേയോ മലയാളവായനക്കാരുടെ സമക്ഷത്തിൽ അവതരിപ്പിക്കുന്നതിനു ഞാൻ ഒരുവിധത്തിലും പ്രാപ്തനോ ശക്തനോ അല്ല. ഈ സാഹസത്തിനു ഞാൻ സമ്മതിച്ചതു സാധാരണയിൽ കവിഞ്ഞ സങ്കോചത്തോടു കൂടിയാണ്. എന്നാലെന്റെ സ്നേഹിതനു എന്നെ പ്രേതലോകത്തോടു കൂടി ബന്ധിച്ചേ കഴിയൂ എനിക്കാണെങ്കിൽ, പ്രേതമെന്നു കേട്ടാൽ തന്നെ ഭയമാണ്. പേടിമാറി, പേടി മാറി എന്റെ സ്നേഹിതൻ എന്നെ ഈ 'പുലിവാലുപിടി'പ്പിച്ചു.

പിടിച്ചുസ്ഥിതിക്കു മുകൾപ്പിടിക്കുന്നതാണെല്ലോ രക്ഷ.

ഈ ചെറുപുസ്തകം ആവശ്യത്തിനു മതിയായിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു്. പ്രേതലോകത്തെക്കുറിച്ചു സാമാന്യമായിട്ടെങ്കിലും ഒരു സൂക്ഷ്മജ്ഞാനം നൽകുന്നതിനു ഈ പുസ്തകം പര്യാപ്തമാകുന്നില്ല. ഏതാനും ചില പാശ്ചാത്യ പണ്ഡിതന്മാർ മേശ തുള്ളിക്കുകയും, സ്വരൂപം കൂലുക്കുകയും ചെയ്തകായ്യം മാത്രമേ ഇതിൽ പ്രതിപാദിച്ചിട്ടുള്ളു. അതുകൊണ്ടൊന്നുമായില്ല. എന്നാൽ ഉള്ളതു വളരെ നന്നായിട്ടുണ്ടെന്നു ആരും സമ്മതിക്കുന്നതാണു്. ഈ പ്രേതലോകത്തെക്കുറിച്ചുള്ള ഒരു പ്രഥമപാഠം മാത്രമാണെന്നു ഞാൻ വിചാരിക്കുകയും, ഇതിനപ്പുറമുള്ള പാഠങ്ങളും, ഗ്രന്ഥങ്ങളും അചിരേണ മുഹമ്മദീയ്ക്കണ്ണൻ അവർകളുടെ പേനയിൽനിന്നു തന്നെ പുറപ്പെടുമെന്നു വിശ്വസിക്കയും ചെയ്യുന്നു. പാശ്ചാത്യരുടെ പ്രേതലോകത്തെ നമുക്കു പരിചയപ്പെടുത്തുന്നതിനു മുഹമ്മദീയ്ക്കണ്ണൻ അവർകൾ സർവ്വഥാ അർഹനും സമർത്ഥനുമാണെന്നു ഈ ചെറിയപുസ്തകം സ്പഷ്ടമാക്കുന്നുണ്ടു്. സുന്ദരവും സുലളിതവുമായ ഈ പുസ്തകത്തിനും, ഉത്സാഹിയും ചെറുപ്പക്കാരനും ആയ അതിന്റെ കർത്താവിനും ഞാൻ സകല വിജയങ്ങളും ആശംസിക്കുന്നു.

തൃശ്ശിവപേരൂർ,
ഫ്രഥമ ഇലാംക്രാംനു

എന്നു, പുത്തേഴത്തു രാമമേനോൻ
ബി. എ; ബി. എൽ.

8542

മുഖവുര.

ആത്മവാദം ഭാരതീയർക്ക് ഒരു നവീന ശാസ്ത്രമല്ല. മനുഷ്യർക്ക് ആത്മാവുണ്ടെന്നും, മരണത്തോടുകൂടി അതു നശിക്കുന്നില്ലെന്നുമാണ് ഹിന്ദുക്കളുടേയും മുസ്ലിമീങ്ങളുടേയും വിശ്വാസം. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരെന്നും പരിഷ്കാരികളെന്നും വിചാരിക്കപ്പെട്ടവരുന്ന പാശ്ചാത്യന്മാരുടെയിടയിലാണ് ആത്മാവിന്റെ മരണാനന്തരസ്ഥയെ സംബന്ധിച്ചു ഒരു 'വാദം' തന്നെ ഉണ്ടായത്. മരണത്തോടുകൂടി മനുഷ്യൻ നശിച്ചു അവന്റെ സകല വ്യാപാരങ്ങളും നിലച്ചുപോകുന്നുവെന്നതത്രെ അവരിൽ പല വിദ്വാന്മാരും വിശ്വസിച്ചിരുന്നത്. മനുഷ്യനു ആത്മാവു എന്നൊന്നു ഉണ്ടെങ്കിൽത്തന്നെ മരണത്തോടുകൂടി അതും നശിച്ചു പോകുന്നുവെന്നായിരുന്നു അവരുടെ ധാരണ. സാധനവാദത്തിന്റെ സന്താനമായ ഈ സിദ്ധാന്തം ജനങ്ങളെ ക്രമേണ നിരീശ്വരവാദത്തിലേക്കു ചാടിച്ചു. പ്രകൃതി ശാസ്ത്രമെന്ന വഞ്ചിയിൽകയറി വിജ്ഞാന സിന്ധുവിന്റെ മറുകര കണ്ടുകളയാമെന്നു മോഹിച്ച്, അതിനൊരുങ്ങിപ്പുറപ്പെട്ട പാശ്ചാത്യ പണ്ഡിതന്മാർ മാർഗ്ഗമദ്ധ്യേ പല ഭീതികളും അനുഭവിക്കേണ്ടി വന്നു. അ

നാത്മവാദക്കൊട്ടങ്കാറ അവരെ വഴിതെറ്റിച്ചു; നിരീശ്വരവാദമാകുന്ന വൻപാറകളിൽ ചെന്നുമുട്ടി വഞ്ചി തകർന്നു പോകുമെന്നുടിക്കായി. ഈ ആപൽഘട്ടത്തിലായിരുന്ന അവർക്ക് ദൈവികമായ മാർഗ്ഗദർശനം ലഭിച്ചത്. സാധനവാദത്തിന്റേയും, അനാത്മവിശ്വാസത്തിന്റേയും കേന്ദ്രമായിരുന്ന അമേരിക്കയിലെ ചില ഗൃഹങ്ങളിൽ അത്ഭുത ജനകമായ ചില തട്ടലും മുട്ടലും കേട്ടുതുടങ്ങി. ഇതിന്റെ കാരണമറിയാതെ ജനങ്ങൾ പരിഭ്രമിച്ചു. ഈ വിവരം പ്രകൃതി ശാസ്ത്രജ്ഞന്മാർ അറിഞ്ഞു ചില പരിശോധനകളൊക്കെ നടത്തി. എന്നാൽ അസാധാരണങ്ങളും, അപ്രതീക്ഷിതങ്ങളുമായ ഏതാട്ടശാസ്ത്രവങ്ങൾക്ക സാധന വാദത്തിന്റെ സഹായംകൊണ്ടു സമാധാനം പറയാൻ സാധിക്കാതെ വന്നു. അപ്പോൾ ചില ശാസ്ത്രജ്ഞന്മാർ ആത്മവാദത്തെ ആധാരമാക്കിക്കൊണ്ടു ആരായുവാൻ തുടങ്ങി. പ്രകൃതിശാസ്ത്രം മൂലം ഒരു പ്രകാരത്തിലും സമാധാനം നൽകാൻ കഴിയാതിരുന്ന പല അനുഭവങ്ങളും അപ്പോൾ അവക്ക് സുഗ്രഹങ്ങളും സുസാദ്ധ്യങ്ങളുമാണെന്നു അനുഭവപ്പെട്ടു. ഇങ്ങനേയാണ് ആത്മവാദത്തിനു പാശ്ചാത്യ പണ്ഡിതന്മാരുടെയിടയിൽ ഒരു പ്രതിഷ്ഠ ലഭിച്ചത്. ആത്മാക്കൾ മരണാനന്തരവും ശേഷിച്ചിരിക്കുമെന്നു തെളിയിക്കുന്നതിന്നായി അവർ ഒട്ടവളരെ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ശാസ്ത്രരീത്യാ നടത്തപ്പെട്ട ഇത്തരം പരീക്ഷണങ്ങളും,

ആത്മവാദികളായ പാശ്ചാത്യ പണ്ഡിതന്മാരുടെ ഏതദ്വിഷയകമായ അഭിപ്രായങ്ങളുമാണു ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവസ്തു.

നമ്മുടെ നാടുകളിൽ കാണപ്പെടാവുള്ള "ഒണ്ണെളക്ക"വും, "പ്രേതോപദ്രവ"വും, "വെളിച്ചപ്പെടലും" മറ്റും ഇതിൽ കാണാതിരിക്കാനും, പാശ്ചാത്യരുടെ "സ്ഠൂളിന്റെ തട്ടും," "മേശയുടെ കാലും" മാത്രം കാണപ്പെടാനും കാരണം ഇപ്രകാരമെന്നേയാണ്. പ്രേതലോകത്തെ സംബന്ധിച്ചു ഭാരതീയരുടെ, വിശിഷ്യ, ഹിന്തുക്കളുടെയിടയിൽ പരസ്പരവിരുദ്ധങ്ങളും, അവിശ്വാസജനകങ്ങളുമായ നിരവധി കഥകൾ പണ്ടുപണ്ടേ പറഞ്ഞുവരാറുണ്ടെങ്കിലും, ഈ "തുലാമാലകൾ" ഇത്തരമൊരു ശാസ്ത്രീയ ഗ്രന്ഥത്തിനു തീരെ അനുയോജ്യമല്ല. ഒരു സംഭവം എത്ര നിസ്സാരമായെങ്കിൽത്തന്നേയും, ഒരു സംഗതിയുടെ കാര്യകാരണ ബന്ധത്തെ തെളിയിക്കുവാൻ മതിയാവുന്നതാണെങ്കിൽ, അത്തരം സംഭവങ്ങൾക്കാണു, ഭയാനകങ്ങളായ യക്ഷികഥകളെക്കാൾ ശാസ്ത്രീയ ഗ്രന്ഥങ്ങളിൽ പ്രാധാന്യം നൽകുന്നതും, നൽകേണ്ടതും. കേട്ടമാത്രയിൽത്തന്നെ വായനക്കാരെ രോമാഞ്ചകഞ്ചുകിതരാക്കത്തക്ക വല്ല യക്ഷി കഥകളും നിറഞ്ഞ ഒരു കഥാപുസ്തകമാണിതെന്നു വല്ലവരും തെറ്റിദ്ധരിച്ചുപോയിട്ടുണ്ടെങ്കിൽ അതിനു ഞാൻ അശേഷം ഉത്തരവാദിയല്ല. ആത്മവാദത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രവും ആത്മാവിന്റെ മരണാനന്തര സത്ത

യേയും, വ്യാപാര ശക്തിയേയും തെളിയിക്കുവാനാ
യി വെള്ളക്കാർ നടത്തിയ എതാനും പരീക്ഷണ
ങ്ങളും, ചില പണ്ഡിതന്മാർ പുറപ്പെടുവിച്ചിട്ടുള്ള
അഭിപ്രായങ്ങളുമാണ ഇതിലടങ്ങിയിട്ടുള്ളതു്. സരസ
വിമർശകനായ ആർതർഹില്ലിന്റെ The Spiritualism
എന്നും സർ ഒലിവർ ലാഡ്ജിന്റെ Reymond,
Revised എന്നുമുള്ള രണ്ടു ഗ്രന്ഥങ്ങളേയും, ആത്മ
ലോക പര്യവേക്ഷകന്മാരായ ചിലരുടെ ലേഖനങ്ങ
ളേയുമാണ ഈ ഗ്രന്ഥരചനയിൽ ഞാൻ പ്രധാന
മായി ആശ്രയിച്ചിട്ടുള്ളതു്. മേല്പറഞ്ഞ രണ്ടു ഗ്രന്ഥ
ങ്ങളിൽ നിന്നു ചില ഭാഗങ്ങൾ അപ്പടി വിവർത്തനം
ചെയ്യേണ്ടിവന്നിട്ടുമുണ്ടു്.

ഇതിന്റെ കയ്യെഴുത്തു പ്രതി തയാറായിട്ടു രണ്ടു
കൊല്ലത്തിലധികമായി. പല പ്രതിബന്ധങ്ങളാലും
ഇതിനു ഇപ്പോൾ മാത്രമേ മുദ്രണ പ്രകാശം കാണ്മാ
ൻ സംഗതിയായുള്ളു. സാഹിത്യപന്ഥാവിൽ കേ
വലം "പിച്ചനട"ക്കുവാൻ മാത്രം ശീലിച്ച ഞാൻ
ഈ സന്ദർഭത്തിൽ, വിശേഷിച്ചു വിമർശന കോലാഹ
ലം കൊണ്ടു പലവിധത്തിലും പ്രക്ഷുബ്ധമായിരിക്കുന്ന
ഇന്നത്തെ ഭാഷാലോകത്തു് ഈവിധമൊരു ഗ്രന്ഥ
വുമായി തലനീട്ടുവാൻ ഉറച്ചതുതന്നെ അസാമാന്യ
മായ സങ്കോചത്തോടുകൂടിയാണു്. സഹോദരനി
ർവിശേഷമായ അനുകമ്പാബുദ്ധിയോടുകൂടി, ഈ
"പിച്ചനട"പ്പിൽ എനിക്കു "കൈതന്നു" എന്നെ സ
ഹായിക്കയും, സരസവും, ഫലിത സമ്മിശ്രവുമായ

ഈ അവതാരിക എഴുതിത്തന്നു ഈ ചെറു പുസ്തകത്തെ അലങ്കരിക്കയും ചെയ്ത, എന്റെ മാന്യസുഹൃത്തായ ശ്രീമാൻ പൂത്തേഴത്തു രാമമേനോൻ അവർകളോടു എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തുവാൻ എനിക്കു അതിയായ സന്തോഷമുണ്ടു. ഇതിന്നാവശ്യമായ സാങ്കേതികപദനിർമ്മാണത്തിൽ സാരതരങ്ങളായ പല നിർദ്ദേശങ്ങളും നൽകി എന്നെ സഹായിച്ച ശ്രീമാൻ എ. അഹ്മദു കുഞ്ഞു ബി. എ. അവർകളോടും ഞാൻ അത്യധികം കടപ്പെട്ടിരിക്കുന്നു. മറ്റു പല വിധത്തിലും ഈ ഗ്രന്ഥരചനയിലും, പ്രസിദ്ധീകരണത്തിലും എന്നോടു സഹകരിച്ചിട്ടുള്ള സകല മാന്യസ്നേഹിതന്മാർക്കും, വിശേഷിച്ചു ഇതിനെ ഇത്രഭംഗിയിൽ അച്ചടിപ്പിച്ചു തരാൻ മനഃപൂർവ്വം യത്നിച്ച "ഐക്യം" പ്രസ്സ് മാനേജർ കെ. ഇസ്മാലി അവർകൾക്കും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

എറണാകുളം
4—1—29

ഗ്രന്ഥകർത്താ

പ്രേതശാസ്ത്രം

അഥവാ

ആത്മവാദം.

അദ്ധ്യായം ൧.

പ്രാരംഭം.

സുഖോപഭോഗപ്രധാനമായ ആധുനികപരിഷ്കാരത്തിന്റെ ആവിർഭാവത്തോടുകൂടി, സാധനവാടികളുടെ സംഖ്യ അടിക്കടി വർദ്ധിച്ചുവരികയും, തൽഫലമായി അനാത്മവാദവും, നിരീശ്വരമതവും അത്ഭുതപൂർവ്വമാംവണ്ണം പ്രബലപ്പെടുകയും ചെയ്ത പാശ്ചാത്യരാജ്യങ്ങളിൽതന്നെ, ഇടക്കാലങ്ങളിൽ, ആദരണീയന്മാരും, സത്യാന്വേഷണമാത്രപരന്മാരുമായ ഏതാനും അദ്ധ്യാത്മശാസ്ത്രജ്ഞന്മാർ ആവിർഭവിക്കാനും, അവരുടെ നിരന്തര പരിശ്രമഫലമായി, പാശ്ചാത്യ ജനസമുദായാന്തരീക്ഷത്തെ ആവരണം ചെയ്തിരുന്ന അനാത്മവാദപടലങ്ങൾ ക്രമേണ നീങ്ങി, വീണ്ടും ആസ്തിക്യമതോദയം കണ്ടുതുടങ്ങാനും ഇടയായതു് ഏതാണ്ടൊരു വിധിവൈപരീത്യം എന്നു വേണം പറവാൻ. കേവലം, യാദൃച്ഛികമായി ഉ

ണ്ടായ ചില അനുഭവങ്ങളെ അടിസ്ഥാനമാക്കി, അമേരിക്കയിലും, ഇംഗ്ലണ്ടിലും മറ്റുമുള്ള ചില ശാസ്ത്രജ്ഞന്മാർ അനേകകാലം നടത്തിയ തത്പാനേഷണത്തിന്റെ ഫലമായി പാശ്ചാത്യസമുദായത്തിൽ ഇന്നു ആത്മവാദത്തിനു ഒരു സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ ലക്ഷ്യസ്ഥാനത്തിന്റെ ശേഷംഭാഗങ്ങളിൽ പ്രതിപാദിക്കാൻ പോകുന്നതു ഇവരുടെ ചിരകാലപരിശ്രമത്താൽ സിദ്ധമായിട്ടുള്ള ഏതാനും പൊതുതത്ത്വങ്ങളാണ്. ഇവയിൽ ചിലതു വായനക്കാർക്കു പക്ഷേ അത്യധികം ആശ്ചര്യജനകമായി തോന്നിയേക്കാം. ഈ ശാസ്ത്രജ്ഞന്മാർ സാധിച്ചതായി വിശ്വസിക്കയോ, പ്രസ്താവിക്കയോ ചെയ്യുന്ന ചില "പരമാത്ഥ"ങ്ങളെപ്പറ്റി കേൾക്കുമ്പോൾ വായനക്കാരിൽ ചിലർക്കു അത്ഭുതത്തിനുപുറമെ, അവിശ്വാസവും, അവഹേളനയും മറ്റുചിലർക്കു ഇവരുടെ നേർക്കും ഇവരുടെ അഭിപ്രായങ്ങളെ പ്രതിധ്വനിപ്പിക്കാൻ പുറപ്പെട്ട എന്റെ നേർക്കും അസാമാന്യമായ കോപവും ജനിച്ചേയ്ക്കാം. അതിനാൽ പ്രതിപാദ്യവിഷയത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി ഇതിനെ സംബന്ധിച്ചു വായനക്കാരോടു രണ്ടുവാക്കു പറയേണ്ടതായി വന്നിരിക്കുന്നു.

അഭിപ്രായൈകത്രയ്യം കൊണ്ടല്ല, പ്രത്യുത അഭിപ്രായവൈരുദ്ധ്യം മൂലമാണ് ലോകത്തു അറിവു വർദ്ധിക്കുന്നതു്. പരമാത്ഥം മിന്നിച്ചാൽ മനു

ഷ്യസമുദായത്തിന്റെ ഇന്നത്തെ മഹത്തായ അഭിവൃദ്ധിക്കുതന്നെ കാരണം ജനങ്ങൾക്കു തമ്മിലുണ്ടായിട്ടുള്ള അഭിപ്രായവ്യത്യാസമാണ്. അതിനാൽ, നമ്മുടെ ഏതല്പാല്പബോധത്തിനും വിശ്വാസത്തിനും വിപരീതമായി എന്തെങ്കിലും കേൾക്കേണ്ടിവന്നാൽ അതിൽ സന്തോഷിക്കയല്ലാതെ, അതിനെ നിരസിക്കാനോ, നിന്ദിക്കാനോ, തൽപ്രബോധകന്മാരുടെ നേർക്കു കോപിക്കാനോ തുനിയേണ്ടതില്ല. വിഭിന്നാഭിപ്രായശ്രവണത്തിൽ അസഹിഷ്ണുത പ്രദർശിപ്പിക്കുന്നതു സംസ്കരണവിഹീനതയുടെ ഫലം മാത്രമാണ്. അതിനാൽ സർവ്വവിധ അഭിപ്രായങ്ങളേയും സഹർഷം സ്വാഗതം ചെയ്യുക; കേട്ട മാത്രയിൽത്തന്നെ, അവയെ വിശ്വസിക്കയൊ, അവിശ്വസിക്കയൊ ചെയ്യാതെ, അവയെപ്പറ്റി ഗാഢമായി ചർച്ചചെയ്യുക; കരുണാനിധിയായ ദൈവം, നമുക്കു ഓരോരുത്തർക്കും നൽകിയിട്ടുള്ള വിശിഷ്ടബുദ്ധിയെ നിരുപയോഗപ്പെടുത്തി, തദ്വാരാ, ആ അമൂല്യസാധനത്തിന്റെ ദായകന്റെനേർക്ക് കൃതഘ്നത കാണിക്കാതെ, നിസ്തുലമായ ആ പാരിതോഷികത്തെ വേണ്ടുംവണ്ണം ഉപയോഗപ്പെടുത്തി, സ്രഷ്ടാവിന്റെ നേർക്കു കൃതജ്ഞതയെ വെളിപ്പെടുത്തുക. വിശ്വസിക്കാനോ, അവിശ്വസിക്കാനോ ആയിമാത്രം ഒരു ഗ്രന്ഥം വായിക്കരുത്. അതിൽ നമ്മുടെ ചിന്താവിഷയമായി വല്ലതുമുണ്ടോ എന്നേ നോക്കേണ്ടതുള്ളൂ. ഗ്രന്ഥപാരായണത്തെപ്പറ്റി മഹാനായ ജോ

ക്കൻ പറയുന്നതുതന്നെ നോക്കുക:—"പ്രതിഷേധിക്കാനൊ, ഖണ്ഡിക്കാനൊ, അഥവാ അപ്പടി വിശ്വസിക്കാനൊ, സുസ്ഥാപിതമെന്നു വിചാരിച്ചു സ്വീകരിക്കാനൊ ആയി വായിക്കരുത്; പിന്നെയൊ പ്രതിപാദ്യവിഷയങ്ങളെ തുലാസ്സിൽ നിറുത്തി ഇതു ലഘുത്വം നിർണ്ണയിക്കുക." ചരിത്രപഠനത്തിൽനിന്നു് നാം മനസ്സിലാക്കുന്ന ബുദ്ധിപാഠംതന്നെ, നടന്നതായി പറയപ്പെട്ടുന്ന ഏതൊരു സംഭവത്തിന്റേയും "സംഭാവ്യത"യെ അപലപിക്കരുതെന്നാണല്ലൊ. തെളിവുകൾ പോരാ എന്നു തോന്നുന്ന പക്ഷം അതിനെ അവിശ്വസിക്കാമെന്നല്ലാതെ അതിന്റെ സംഭാവ്യതയെ നിഷേധിക്കാൻ പാടില്ല.

സുവ്യാഖ്യാനീയമായ ഈ ചരിത്രതത്വത്തെ അടിസ്ഥാനപ്പെടുത്തിയെങ്കിലും, പ്രിയവായനക്കാർ ഈ പുസ്തകത്തെ വലിച്ചെറിഞ്ഞു കളയാതെ, ക്ഷമാപൂർവ്വം വായിക്കുക. ഇതിൽ പറയാൻപോകുന്ന സംഗതികളെ മുഴുവൻ വിശ്വസിക്കയൊ, എന്നാൽ അതേ അവസരത്തിൽതന്നെ അവയെ പൂർണ്ണമായി നിഷേധിക്കയൊ ചെയ്യുന്ന കൂട്ടത്തിലല്ല ഞാനും. യൂറോപ്യൻ ശാസ്ത്രജ്ഞന്മാർ നടത്തിവരുന്ന പ്രേതലോകചർച്ചയുടെ ഒരു സംക്ഷിപ്ത വിവരം ഇംഗ്ലീഷ് ഭാഷാപരിജ്ഞാനമില്ലാത്ത കേരളീയസഹോദരങ്ങളെ ധരിപ്പിക്കാമല്ലൊ എന്ന ഒരു വാഞ്ഛാമാത്രമാണു് എന്നെ ഈ സാഹസത്തിനു മുതിരിപ്പിച്ചതു്. അദ്ധ്യാത്മശാസ്ത്രതത്വാന്വേഷണത്തിൽ മുന്നിട്ട

നില്ക്കുകയും, ഈ വിഷയത്തെ സംബന്ധിച്ച് പല ഗ്രന്ഥങ്ങളും നിർമ്മിക്കയും ചെയ്തിട്ടുള്ള ശാസ്ത്രജ്ഞന്മാർതന്നേയും, പ്രേതങ്ങളും അറിയിച്ചതായി പറയുന്ന സംഗതികളെ വിശ്വസിക്കുന്നില്ല. അവർ ഈ വിഷയത്തിൽ എന്തെല്ലാം പുതുതായി അറിവാൻ കഴിയുമെന്നു ശ്രമിച്ചുനോക്കുകയും, അവരുടെ ശ്രമഫലത്തെ അപ്പഴപ്പോൾ ജനസാമാന്യത്തെ അറിയിച്ചുകൊണ്ടിരിക്കയും മാത്രമേ ചെയ്യുന്നുള്ളു. ഇവരിൽ ഒരാളായ ജെ. ആർതർ ഹിൽ എന്ന മഹാൻ ഈ വിഷയത്തെ സംബന്ധിച്ച് തന്റെ ഒരു ഗ്രന്ഥത്തിന്റെ പീഠികയായി പറഞ്ഞിട്ടുള്ള ചില സംഗതികളും പ്രത്യേകം ശ്രദ്ധേയമാണ്.

അദ്ദേഹം പറയുന്നതാവിതു:—"ഞാൻ ഒരു ആത്മവാദിയല്ല; എന്നാൽ ആത്മവാദികളായ പല പൂജ്യപുരുഷന്മാരേയും എനിക്കറിയാം. ഇന്നത്തെ പ്രകൃതിശാസ്ത്രംമൂലം സമാധാനം പറയാൻ കഴിയാത്തതും, ഈ ഭൌതികശരീരത്തിൽനിന്നു വേർപെട്ട മനസ്സുകളുടെ വ്യാപാരങ്ങളാണെന്നു തോന്നിക്കുന്നതുമായ സംഗതികളും തീച്ചയായും സംഭവിക്കുന്നതായി എനിക്കു പൂർണ്ണബോധം വന്നിരിക്കുന്നതിനാൽ, ഇവരുടെ ചില അഭിപ്രായങ്ങളെ ഞാൻ ആദരിക്കതന്നെ ചെയ്യുന്നു. അതിനാൽ ഞാൻ ഒരു സാധനവാദിയല്ലതന്നെ. ആ സ്ഥിതിയ്ക്ക് തങ്ങളുടെ അഭിപ്രായങ്ങളിൽ പൂർണ്ണമായി യോജിച്ച്, തങ്ങളുടെ കക്ഷിയിൽ ചേരാത്തതെന്തെന്നാണ്, ആ

ത്മവാദികളായ എന്റെ ചില സ്നേഹിതന്മാർ എന്നോട് ചോദിക്കുന്നതു്. ഞാൻ അങ്ങനെ ചെയ്യാതിരിക്കുന്നതു്, പ്രധാനമായി, ആത്മവാദികളിൽ പലരിലും കേവലം അജ്ഞാനപരമായ പല അന്ധവിശ്വാസങ്ങളും കാണുകയാൽ, അവരുമായി കൂടിക്കഴിയുക എന്ന വിചാരംതന്നെ എനിക്കു അവിഹിതമായി തോന്നുകയാലാണു്. മറ്റൊരുകാരണം, എന്നെ സംബന്ധിച്ചേടത്തോളം, ആത്മാവിന്റെ അതിജീവനത്തിൽ, അതായതു്, മരിച്ചുശേഷം വീണ്ടും ജീവിച്ചിരിക്കുമെന്ന എനിക്കു അശേഷം ആഗ്രഹമില്ലാത്തതുതന്നെ. ഇന്നു്, മരണാനന്തരാസ്തിത്വത്തെ വെളിപ്പെടുത്തുന്നതായി പറയപ്പെടുന്ന സംഗതികളെ അന്യഥാ വ്യാഖ്യാനിക്കാനും, ഇവയിൽനിന്നു, മറേറതെങ്കിലുമൊരു പരമാത്മതത്വത്തെ സമർത്ഥിക്കാനുമാണു് ഞാൻ സദാ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതു്.

"ചുരുക്കിപ്പറയുന്നപക്ഷം, ഞാൻ ഒരു ആത്മവാദിയുമല്ല, അനാത്മവാദിയുമല്ല. ആത്മീയ വിഷയങ്ങളെ ശാസ്ത്രീയമായ വിചാരണചെയ്യുന്ന ആധ്യാത്മികതത്വാന്വേഷണ സംഘത്തിലെ ഒരു അംഗം മാത്രമാണു ഞാൻ. ഞങ്ങളുടെ അവേക്ഷണ വൃത്തത്തിൽ ഉൾപ്പെടുന്ന ഏതു അനുഭവങ്ങളേയും പററി അറിയുന്നതിനു് എനിക്കു് പ്രത്യേക സന്തോഷമാണുള്ളതു്. ഞാൻ എപ്പോഴും ഉറന്ന മനസ്സോടുകൂടിയിരിക്കുന്നു. എന്നാൽ പ്രകൃതവിഷയം താത്വികമായ

ഗഹനവും, നവീനവുമാകയാൽ, ഇതിനെ സംബന്ധിച്ച് ഖണ്ഡിതമായ ഏതെങ്കിലും നിഷ്പത്തികൾ നിർദ്ദേശിക്കുന്നതിന് കാലമായിട്ടില്ലാ എന്നാണ് എന്റെ ബലമായ അഭിപ്രായം. അതിനാൽ തല്ക്കാലം, തെളിവുകൾ ശേഖരിക്കുന്നതിലും, ചില വിഹിത സങ്കേതങ്ങളുടെ സഹായത്താൽ അവയെപ്പറ്റി അവേക്ഷണം നടത്തുന്നതിലും ഞാൻ തൃപ്തനായിരിക്കുന്നു. ഈ സങ്കേതങ്ങളിൽ, ആത്മാക്കളുടെ മരണാനന്തര സത്തയെയും, അവയ്ക്കും നമുക്കും തമ്മിലുള്ള ആശയവിനിമയ സാദ്ധ്യതയേയും ഞാൻ ഉൾപ്പെടുത്തുന്നുവെന്ന വസ്തുതയെ ഞാൻ തീരെ മറച്ചുവെയ്ക്കുന്നില്ല. ഈ രണ്ടു സംഗതികളേയും ഞാൻ വിശ്വസിക്കുന്നത്, അങ്ങനെ വേണമെന്ന് എനിക്ക് എന്തെങ്കിലും പ്രത്യേക ഉദ്ദേശം ഉള്ളതുകൊണ്ടല്ല; പിന്നെയോ, ഇവയെ അപലപിക്കാൻ എന്റെ മനസ്സാക്ഷി എന്നെ അനുവദിക്കാത്തതുകൊണ്ടു മാത്രമാണ്. എന്തെന്നാൽ, എന്റേയും, എന്റെ ചില സ്നേഹിതന്മാരുടേയും അനുഭവത്തിൽ പെട്ടിട്ടുള്ള ചില സംഗതികളെ സംബന്ധിച്ച്, ഇതുത്തോളമെങ്കിലും യുക്തിയുക്തമോ, ശാസ്ത്രീയമോ ആയ മറ്റൊരു സങ്കല്പവും ഇല്ലാ എന്നാണ് എനിക്കു തോന്നുന്നത്. എന്റെ ഈ സങ്കല്പങ്ങളെ സ്വീകരിച്ചുകൊള്ളണമെന്ന് ഞാൻ ആരേയും നിർബ്ബന്ധിക്കുന്നില്ല. ഓരോരുത്തരും അവരവർക്ക് സ്വന്തമായി ഒരു അഭിപ്രായം സ്ഥാപിക്കണമെന്നാണ് എന്റെ അപേക്ഷ. ഈ

വിഷയത്തിൽ ജിജ്ഞാസമുള്ളവർ, ഉഭയഭാഗത്തുമു
ള്ള ന്യായങ്ങളെ വേണ്ടപോലെ പഠനം ചെയ്യുയും,
നിവൃത്തിയുള്ളപക്ഷം, അല്പമെങ്കിലും ചില സ്വാന്ത
ഭവങ്ങളും കൂടി സമ്പാദിക്കയും ചെയ്തിട്ടേ തങ്ങ
അഭിപ്രായങ്ങളെ പ്രകടിപ്പിക്കാവൂ എന്ന് ഞാൻ
അവരോട് പറഞ്ഞുകൊള്ളട്ടെ. എന്നതന്നെയല്ല,
വിശ്വസിക്കവഴിയായി അബദ്ധത്തിൽ ചാടുന്നവരേ
ക്കാൾ, അവിശ്വസിക്കമൂലം തെറ്റു ചെയ്തുപോകുന്ന
വരേയാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത്. തീവ്ര
മായ സത്യാന്വേഷണ വാഞ്ഛയും, നിഷ്പ്രകാരപരവും
നിഷ്പക്ഷവുമായ തീരുമാനവും, ഇതിന്നായുള്ള യത്ന
ത്തിൽ ധാരാളമായ സഹന ബുദ്ധിയുമാണ് നമുക്ക
വേണ്ടത്. "ജനസാമാന്യത്തിൽ ഇന്നു അവശ്യം
ഉണ്ടാകേണ്ടതു്, വിശ്വാസമല്ല, മുൻകരുതലും, വിമ
ർശന സ്വഭാവവുമാണ്" എന്നതു പരേതനായ
പ്രൊഫസർ വില്യം ജേംസ് പറയുന്നതു്."

ആർതർ ഹില്ലിന്റെ ഈ പ്രസ്താവത്തിൽനി
ന്നതന്നെ, ഇന്നത്തെ ആത്മവാദപ്രബോധകന്മാരാ
യ ശാസ്ത്രജ്ഞന്മാരുടെ മനോഗതി ഏതാണ്ടു നി
ർണ്ണയിക്കാവുന്നതാണ്. ഇവർ എതിരും കരുതലോ
ടും, എന്നു മാത്രമല്ല, പലപ്പോഴും, തീരെ അവിശ്വാ
സത്തോടും കൂടിയാണ് ഈ വിഷയത്തെ ആരാ
യുവാനായി അടുക്കുന്നതു്. തീരെ അനിഷേധ്യങ്ങ
ളായ നിഗ്രഹതനങ്ങളെ മാത്രമേ അവർ അംഗീക
രിച്ചിട്ടുള്ളൂ. ഏതുവിധമുള്ള എതിരും ശാസ്ത്രീയമാ

യ തങ്ങളുടെ അനുഷ്ഠാനഫലമായി അവർ ഇന്ന പ്രബോധനം ചെയ്യുന്ന ചില പ്രധാന സംഗതികളാ ണ് താഴെ പറയുന്നത്.

മരണാനന്തരം മനുഷ്യാത്മാവു നാശമടയാതെ ശേഷിച്ചിരിക്കുമെന്നും, അതിനു ഇഹലോകജീവിത ത്തിൽവച്ചെന്നപോലെ ചില വ്യാപാരങ്ങൾ നട ത്തുവാൻ സാധിക്കുമെന്നും, തെളിയിക്കുന്ന ചില പ്രതിഭാസങ്ങളെ ആത്മവാദികൾ ആദരിക്കുന്നുണ്ട്. ഉദ്ഗമായ യാതൊരുവിധ പ്രേരണയും ക്രൂരതയും, തന്മയാവസ്ഥയിലും, ചില ആളുകൾ സംസാ രിക്കയും, എഴുതുകയും ചെയ്യുന്നതിൽ നിന്നാണ് പ രലോകഗതമായ ആത്മാക്കളുടെ വ്യാപാരങ്ങളെ അ വർ നിർദ്ദേശിക്കുന്നത്. ഇതിനുംപുറമെ, ആത്മാ ക്കളുടെ പ്രവൃത്തികളായി അവർ വേറേയും ചില അനുഭവങ്ങളെ എടുത്തു കാണിക്കുന്നുണ്ട്. മേശ കലുക്കുക, പ്ലാഞ്ചറ്റ് എന്ന ഒരുതരം പലക ഉപ യോഗിച്ചു എഴുതുക, സ്ലേറ്റിൽ പെൻസിൽ തന്നെ ത്താൻ എഴുതുക, സംഗീതോപകരണങ്ങളായി ഒരു പ്രകാരത്തിലും പരിഗണിക്കാൻ നിവൃത്തിയില്ലാത്ത ചട്ടി, കലം, വസി മുതലായ അടുക്കളസാധനങ്ങ ളിൽനിന്നു സംഗീതധ്വനി പുറപ്പെടുക, എന്നി ത്യാദി ഇവയിൽ പെട്ടവയാണ്. ഇതിനുംപുറമെ ചില ആത്മാക്കൾ ജീവിച്ചിരിക്കുന്ന മനുഷ്യരിലൊ, കാഹളം മുതലായവയിലൊ ആവേശിച്ചിട്ട്, അവ രുടെ പൂർവ്വസ്വരത്തിലും, രീതിയിലും സംസാരിച്ചു

തായും, ചിലർ മരണശേഷം, അവരുടെ ബന്ധുക്കൾ കാണത്തക്കവിധത്തിൽ പ്രത്യക്ഷപ്പെട്ടതായും ചില ഉദാഹരണങ്ങൾ ഇവർ പറയുന്നുണ്ട്. തങ്ങളുടെ അനുഭവത്തിൽപെട്ട ഒട്ടുവളരെ സംഗതികളെ ശോധനചെയ്തശേഷം ഇവർ സങ്കല്പിക്കുന്ന മറ്റൊരു വാദകോടി, മരണാനന്തരജീവിതരീതി ഏതാണ്ടു ഇഹലോകത്തേതിനോടു സാദൃശ്യമുള്ളതാണെന്നും, ഒരുവന്റെ പരലോകജീവിതം, അവൻ ഈ ലോകത്തുവച്ചു ചെയ്തിട്ടുള്ള പുണ്യദോഷങ്ങളുടെ ന്യൂനാധികഭാവമനുസരിച്ച് സന്താപഭൂയിഷ്ഠമോ സന്തോഷസമ്പൂർണ്ണമോ ആയിരിക്കുമെന്നുമാണ്.

ഈ വാദമുഖങ്ങളേയോ, ഇവരുടെ മറ്റു പ്രസ്താവങ്ങളേയോ പറ്റി, വിമർശിക്കേണ്ട ഉദ്ദേശമോ ആവശ്യമോ ഏനിക്കില്ല. പ്രകൃതവിഷയത്തെ പരാമർശിച്ച് ആധുനിക ശാസ്ത്രപണ്ഡിതർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളെ പ്രതിധ്വനിപ്പിക്കുകയും, അവരുടെ തത്വാന്വേഷണശ്രമത്തിന്റെ ഒരു സംക്ഷിപ്തവിവരം നിവേദനം ചെയ്യുകയും മാത്രമാണ് എന്റെ തല്ക്കാലകൃത്യം. യാതൊരുവിഷയത്തിന്റെയും അന്ത്യംവരെ അറിഞ്ഞവർ ആരുമില്ല. സർവ്വജ്ഞനായി, ജഗത്പാലകനായ ദൈവം മാത്രമേയുള്ളൂ. കരുണാകരനും, കാരുണ്യവാരിധിയുമായ ദൈവം സത്യാന്വേഷണമാർഗ്ഗപരന്മാരായി, ജ്ഞാനസമ്പാദനമാർഗ്ഗത്തിൽ സുധീരം മുന്നിട്ടിറങ്ങി ആത്മ

ത്യാഗസമന്വിതം തീവ്രയത്നം ചെയ്യുന്ന തത്വാന്വേഷികളുടെ സർവ്വയത്നങ്ങളേയും സഫലീകരിപ്പൂതാക!

—— * ——

അദ്ധ്യായം ൨.

ആത്മവാദത്തിന്റെ സംക്ഷിപ്തചരിത്രം.

ആത്മവാദം ഒരു നവീന ശാസ്ത്രമല്ല. മരണത്തോടുകൂടി ആത്മാവു നശിക്കുന്നില്ലെന്നും, അതിന്റെ വിചാരങ്ങളെ പ്രകടിപ്പിക്കാൻ അതിനു സാധിക്കുമെന്നും ഉള്ള ഒരു വിശ്വാസം ഏറ്റവും പൌരാണികജനസമുദായത്തിൽപോലും ഉണ്ടായിരുന്നുവെന്നാണ് പറയപ്പെടുന്നത്. ഈ വിശ്വാസം ആദ്യമായി സ്വപ്നത്തിൽനിന്നുണ്ടായിരിക്കണമെന്നാണ് ചില തത്വാന്വേഷികൾ ഘോഷിക്കുന്നത്. പൂർവ്വകാലത്തെ അപരിഷ്കൃതന്മാരായ കാട്ടാളജാതിക്കാർ ചിലപ്പോൾ, മരിച്ചുപോയ തങ്ങളുടെ ബന്ധുക്കളെ സ്വപ്നത്തിൽ ദർശിക്കയും, അവർ വേട്ടയാടുക, യുദ്ധംചെയ്യുക, മുതലായ പ്രവൃത്തികൾ ചെയ്യുന്നതായി കാണുകയും ചെയ്യുന്നതിൽനിന്ന് ആ ആത്മാക്കൾ മരണശേഷവും ജീവിച്ചിരുന്ന് ഇത്തരം പ്രവൃത്തികൾ നടത്തുന്നുവെന്ന വിചാരിക്കുവാനാണല്ലൊ ആ മന്ദബുദ്ധികൾക്കു എളുപ്പം. ഇതിൽനിന്നാണ് മരണാനന്തരജീവിതത്തെ സംബന്ധിച്ച ഈ വിശ്വാസം ആദ്യമായി സ്വപ്നത്തിൽനിന്നുണ്ടായ

ഇതിനു ചില തത്വജ്ഞന്മാർ ഉദാഹരിക്കുന്നതു്. എന്നു മാത്രമല്ല, പുരാണികജനങ്ങളുടെയിടയിൽ സ്വപ്നാവസ്ഥയും, ജാഗ്രദവസ്ഥയും തമ്മിലുള്ള അന്തരം ഇന്നത്തെപ്പോലെ അത്ര പ്രകടമായി കണ്ടിരുന്നില്ലെന്നുള്ളതിനും പല രേഖകളുണ്ട്. ഇക്കാലത്തു തന്നേയും ചിലരെ സംബന്ധിച്ചേടത്തോളം, പ്രസ്തുത അവസ്ഥാദ്വയം തമ്മിൽ ചില അവസരങ്ങളിൽ, വേർതിരിച്ചറിയാൻപാടില്ലാത്തവണ്ണം അത്ര യോജിച്ചു കാണാറുണ്ടല്ലൊ. ചില സ്വപ്നദർശികൾ കാണുന്ന സംഗതികൾ, യഥാർത്ഥത്തിൽ നടക്കുന്നതോ, അതല്ല സ്വപ്നമോ എന്നു ഖണ്ഡിതമായി പറവാൻ ചിലപ്പോൾ അവർക്കുതന്നെ സാധിക്കാതെ വരുന്നില്ലേ? പ്രാചീനന്മാരുടെയിടയിൽ, ഈ രണ്ടവസ്ഥകൾക്കും തമ്മിൽ ഈഷൽഭേദമില്ലാതിരുന്നതായ ഒരു കാലം ഉണ്ടായിരുന്നിരിക്കാം. അപ്പോൾ അവരുടെ നിദ്രയിലെ അനുഭവങ്ങളെല്ലാം അവർക്ക് ജാഗ്രദവസ്ഥയിലേതുപോലെ യഥാർത്ഥമായും തോന്നുമല്ലൊ.

അനന്തരകാലങ്ങളിൽ ഇന്ദ്രിയദർശനങ്ങൾ, മാസ്മരവിദ്യാപ്രയോഗത്താൽ കൃത്രിമമായി സൃഷ്ടിക്കുവാൻ ചിലരൊക്കെ ശ്രമിക്കയും, പലർക്കും സാധിക്കയും ചെയ്തിട്ടുണ്ട്. ഗ്രീസിലേയും റോമിലേയും ഇതിഹാസഗ്രന്ഥങ്ങളിൽ വിവരിച്ചുകാണുന്ന ചില "അമാനുഷിക" സംഭവങ്ങൾ ഇപ്രകാരം മാസ്മരവിദ്യമൂലം ഉണ്ടായതായി വിചാരിക്കാൻ ന്യായമുണ്ട്.

പ്ലേറ്റൊ, പ്ലൂട്ടാക്ക് മുതലായ തത്വശാസ്ത്രജ്ഞന്മാരും, അഗാധ ചിന്തകന്മാരും നിർമ്മിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ അന്നു നടപ്പുണ്ടായിരുന്ന ഉത്തരം സംഭവങ്ങളെ പറഞ്ഞു കാണ്മാനായി പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നു തന്നെ, ശ്രദ്ധേയവും ചിന്ത്യവുമായ പല അത്ഭുതകർമ്മങ്ങളും അക്കാലത്ത് ചിലരിൽ നിന്നു അനുഭവപ്പെട്ടിട്ടുള്ളതായി ധാരാളം ഊഹിക്കാം. പക്ഷേ ആ സംഭവങ്ങളുടെ യഥാർത്ഥ സ്വഭാവം നമുക്കു അറിവാൻ കഴിയുന്നില്ലെന്നേയുള്ളൂ. ജ്യോതിഷന്മാരുടേയും, റോമാക്കാരുടേയും ചരിത്രങ്ങളിൽ, ഭൂതഭവിഷ്യദ്വർത്തമാനങ്ങൾ തന്നത്താൻ പറകയും, ഏതു ചോദ്യങ്ങൾക്കും സമാധാനം നൽകയും ചെയ്യുന്ന ഒരുതരം "പ്രവാചക"ന്മാരുണ്ടായിരുന്നതായി പ്രസ്താവിച്ചു കാണുന്നുണ്ട്. ചിലർ മരിച്ചവരുടെ ആത്മാക്കളെ അന്യർക്കു കാണത്തക്കവിധത്തിൽ, വരുത്തിയിരുന്നതായും, ഇതിനെ ഭയന്നു റോമിലെ ചില ശാസ്ത്രജ്ഞന്മാരെ പോലീസ് മേൽനോട്ടത്തിൽ വച്ചിരുന്നതായും ചരിത്രങ്ങളിൽ കാണുന്നുണ്ടല്ലൊ. ഭൂതപ്രേതാദികളുടെ പ്രത്യക്ഷാഗമനത്തേയും, ഇതുപോലത്തെ മറ്റു ചില അനുഭവങ്ങളേയും പറയിയുള്ള പ്രസ്താവങ്ങൾ, റെയ്‌ലറുടെ "ആദിമസംസ്മരണം" മുതലായ ഗ്രന്ഥങ്ങളിൽ സുലഭങ്ങളാണ്.

ഈദൃശസംഭവങ്ങൾ ഒചെനാക്കാരുടെയിടയിൽ ഇന്നും നടപ്പുണ്ട്. മരിച്ച ആത്മാക്കളുടെ ആവേശം ചിലരിൽ ഉണ്ടായിട്ട്, അവർ സപ്പോധരഹി

രായി സംസാരിക്കുന്ന സംഭവം അവിടെ അടിക്കടി ഉണ്ടാകാറുണ്ട്. ഭാവിഫലങ്ങൾ അറിവാനായി, അവർ ഒരുതരം പ്ലാഞ്ചെറ്റും ഉപയോഗിച്ചുവരുന്നു. ഇതു് ഒരു തൊഴിച്ചായിട്ടാണു് അവിടെ കരുതിവരുന്നതു്. ഒരു ഫീസുമാത്രം കൊടുത്താൽമതി, ഏതു ചോദ്യത്തിനേറയും സമാധാനം, ഈ പ്രയോഗംമൂലം നൽകപ്പെട്ടുമതു്. ഈ ക്രിയ നടത്തുന്നതു് ഒരു ക്ഷേത്രത്തിലുള്ള ചൈതൃത്തിന്റെ മുമ്പിൽ വച്ചു്, എല്ലാവരും കാണത്തക്കവിധത്തിലാണു്. സമാധാനം അറിയേണ്ടതായ ചോദ്യം, ആദ്യമായി ഒരു കടലാസിൽ എഴുതുകയും, അതു മറെറാരുത്തരും കാണാൻ ഇടവരുന്നതിനുമുമ്പിൽ, ആ ചൈത്യത്തിന്റെ പുരോഭാഗത്തുവച്ചതന്നെ ദഹിപ്പിച്ചുകളകയും ചെയ്യുന്നു. ഉടൻതന്നെ ചോദ്യത്തിന്റെ സമാധാനം, മണൽത്തരികൾ നിറച്ചിട്ടുള്ള ഒരു സാധനത്തിൽ, ഓരൊ പടംവീതം എഴുതപ്പെടുന്നു. ഇംഗ്ലീഷിലെ V എന്ന അക്ഷരത്തിന്റെ ആകൃതിയിലുള്ളതും, അറ്റത്തു ഒരു മരപ്പെൻസിൽ ഏറിയിട്ടുള്ളതുമായ ലേഖനോപകരണത്തിന്റെ അഗ്രങ്ങളെ, ചോദ്യത്തിനെപറ്റി യാതൊരറിവും ഇല്ലെന്നു വിശ്വസിക്കപ്പെട്ടവരായ രണ്ടുപേർ പിടിച്ചുകൊടുക്കയും, ഒരു വാക്കു എഴുതിക്കഴിഞ്ഞാൽ അടുത്തവാക്കു എഴുതുവാനായി, ആദ്യത്തേതു അഴിച്ചുകളകയും ചെയ്യുന്നു. ഈ മാതിരി പ്രവൃത്തികൾ അനേക വർഷങ്ങൾക്കു മുമ്പു തുടങ്ങി ചൈനയിൽ നടന്നുവരു

നതെന്നു അവിടത്തെ സാഹിത്യം തെളിയിക്കുന്നു.

പാശ്ചാത്യരാജ്യങ്ങളിലെ ഇന്നത്തെ ആത്മവാദത്തിന്റെ ആവിർഭാവം 1847 ലാണെന്നാണ് വിശ്വസിക്കപ്പെട്ടുന്നതു്. ന്യൂയാക്കിൽ ഹൈഡ്വിൽ എന്ന സ്ഥലത്തുള്ള ജാൺ ഡി. ഫോക്സ് എന്നയാളുടെ വസതിയിൽ, അത്ഭുതജനകവും, അവ്യക്തവുമായ ചില മുട്ടലുകൾ കേട്ടുതുടങ്ങി. അയാളുടെ പുറമെ, ആ കുടുംബത്തിൽ അയാളുടെ ഭാര്യയും, പന്ത്രണ്ടും, പതിനഞ്ചും വയസ്സു പ്രായമുള്ള രണ്ടു പെൺമക്കളുമുണ്ടായിരുന്നു. ആദ്യമാദ്യം ഈ മുട്ടലുകളെ അതും അത്ര വകവച്ചില്ലെങ്കിലും, അവസാനം ഇവയെസംബന്ധിച്ച് പലതും ശ്രദ്ധിച്ചുതുടങ്ങുകയും, ചില സംജ്ഞകൾ ഉപയോഗിച്ച് * ഇതിന്റെ ജനയിതാവായ ആ അപ്രത്യക്ഷശക്തിയുമായി ചില സംഭാഷണങ്ങൾ നടത്തുകയും ചെയ്തതിന്റെ ഫലമായി, അതു അന്തരിച്ചുപോയ ഒരു ചില്ലറക്കച്ചവടക്കാരന്റെ ആത്മാവാണെന്നും, അവനു 31 വയസ്സായിട്ടുണ്ടെന്നും, അവനു മൂന്നു പുത്രിമാരും രണ്ടു പുത്രന്മാരുമുണ്ടെന്നും, അവന്റെ പണം മോഹിച്ചു ചില ഘാതകന്മാർ അവനെ വധിച്ചുകളഞ്ഞുവെന്നും, മറ്റും മനസ്സിലാകയും ചെയ്തു. ആശ്ചര്യജനകമായ ഈ സംഭവത്തിന്റെ വിവരം പെട്ടെന്നു സമീപപ്രദേശങ്ങളിൽ പരക്കുകയും, അനേകം ജന

* ആത്മസംഭാഷണത്തിന്റെ രീതി ൧൦ംഅദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

ങ്ങൾ ഇതു കാണ്മാനും കേൾപ്പാൻമായി ആ വീ
ട്ടിൽ എത്തിക്കൂട്ടുകയും ചെയ്തു. കാലതാമസമെന്നി
യെ ഇത്തരം മുട്ടലുകൾ വേറെ ചില ഗൃഹങ്ങളിലും
ഉണ്ടായി. കുറച്ചുകാലത്തിനകം ഈ അനുഭവം
കാട്ടുതീ കണക്കെ അമേരിക്കയിലെ കിഴക്കൻ സംസ്ഥാ
നങ്ങളിൽ മുഴുക്കെ പരന്നുപിടിക്കയും ചെയ്തു. ഇ
ത്തരം സംഭവങ്ങളെപ്പറ്റി വളരെക്കാലം അമേ
രിക്കൻ ശാസ്ത്രജ്ഞന്മാരുടെയിടയിൽ വലുതായ വാ
ദപ്രതിവാദം നടന്നു. ജാൺ ഡി. ഫാക്സിന്റെ പെ
ൺമക്കളുടെ പേരിൽ ചിലക്കൊക്കെ സംശയം ജനി
ക്കയും, അവരെ പിടിക്രൂടി വിസ്തരിച്ചതിന്, അവരിൽ
ഒരുത്തി, ഈ ശബ്ദം പുറപ്പെടുവിച്ചതു്, അവളുടെ
കാൽമുട്ടിലേയും, തള്ളവിരലിലേയും ഞെട്ടി ഒടിച്ചാ
ണെന്നു സമ്മതിച്ചു പറകയും ചെയ്തു. മറവളും
പിന്നീടു കുറ്റം സമ്മതിച്ചുവെങ്കിലും ഒടുവിൽ മാ
റിപ്പറഞ്ഞുകളഞ്ഞു. അങ്ങനെപ്പോടെ ഇവരിൽ നിന്നു
ലഭിച്ച വിവരങ്ങൾകൊണ്ടു ഒരു തുമ്പും കിട്ടുകയു
ണ്ടായില്ല.

അനന്തരകാലങ്ങളിൽ, സർ, വില്യം ക്രൂക്സ്,
സർ, ഒളിവർ ലാഡ്ജ് മുതലായവരുടെ പരിശോധ
നാഫലമായി, എന്തോ പ്രത്യേകശക്തിയുള്ള ചില
രിൽനിന്നു അസാധാരണരീതിയിൽ ഇത്തരം ശബ്ദ
ങ്ങൾ പുറപ്പെടാമെന്നു തീരുമാനിച്ചു. പക്ഷേ ഇവ
യെപ്പറ്റി ഖണ്ഡിതമായി ഒരു ഉപപത്തി കണ്ടു
പിടിക്കുവാൻ, ഓരോരുത്തർക്കുണ്ടായിരുന്ന അഭി

പ്രായഭിന്നത നിമിത്തം സാധിക്കാതെ പോയി. ഈ മുട്ടലുകളെ സംബന്ധിച്ചു ആർതർ ഹിൽ പറയുന്ന അഭിപ്രായത്തെ ഇവിടെ ഉദ്ധരിക്കാം:— "തന്റെ ഭൂജത്തിലെ ചില അസ്ഥികളുടെ സഹായത്താൽ ഈ മാതിരി ശബ്ദം പുറപ്പെടുവിക്കുന്ന ഒരാളിനെ എനിക്കറിയാം. ഇയാൾക്കു ആത്മവാദത്തെ സംബന്ധിച്ചു യാതൊരു വിവരവുമില്ല. തന്നത്താൻ രസീക്കാനും, തന്റെ സ്നേഹിതന്മാരെ രസിപ്പിക്കാനുമായി ഇയാൾ പലപ്പോഴും ഇത്തരം ശബ്ദങ്ങൾ പുറപ്പെടുവിക്കാറുണ്ടായിരുന്നു. ഇതിൽ ഇയാൾക്കുണ്ടായിരുന്ന വിശേഷ സാമർത്ഥ്യം കണ്ട്, അസാധാരണരീതിയിൽ ഉണ്ടായതായി പറയപ്പെടുന്ന ഇത്തരം മുട്ടലുകളെ സംബന്ധിച്ചു എനിക്കു അതിരുകടന്ന സന്ദേഹം ഉണ്ടായിപ്പോയിട്ടുണ്ട്. എങ്കിലും എന്റെ അനുഭവത്തിൽപെട്ട ഒരു സംഭവം എന്നെ വളരെ വിസ്മയിപ്പിച്ചു. എന്റെ ഒരു സ്നേഹിത, ഒരു ദിവസം സന്ധ്യാസമയത്തു അവളുടെ വീട്ടിന്റെ ചുവരിൽനിന്നു അസാധാരണമായ ചില ശബ്ദങ്ങൾകേട്ടു; അവൾ കുറച്ചൊന്നു പരിഭ്രമിച്ചു. ആ വീട്ടിനുപുറത്തു ആരും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, അതിന്റെ സമീപം മറ്റു വീടുകളും ഇല്ലായിരുന്നു. വീട്ടിനകത്തുനിന്നും ഈ ശബ്ദം ഉണ്ടാകത്തക്ക യാതൊരു കാരണവും ഉണ്ടായിരുന്നില്ല. ഈ ശബ്ദത്തിന്റെ ഭയങ്കരതനിമിത്തം ഇവൾക്കു ബോധക്ഷയംപോലും ഉണ്ടായിപ്പോയി. ഈ ശബ്ദം പുറപ്പെടുന്നതിനു ഏ

താണ്ടു ഇരുപതുനിമിഷത്തിനുമുമ്പു ഇവളുടെ വാത്സല്യപാത്രമായ സഹോദരൻ് യാട്ടുപ്പികമായി വധിക്കപ്പെട്ടുവെന്ന ഒടുവിൽ അറിയാൻ കഴിഞ്ഞു! ഏതായാലും ഈ വിഷയത്തെ സംബന്ധിച്ചു കൂടുതൽ വിശ്വാസയോഗ്യമായ തെളിവുകൾ ലഭിക്കുന്നതു വരെ ഇതിനെക്കുറിച്ചു ഞാൻ ഒരു തീരുമാനവും ചെയ്യുന്നില്ല. ഇതുപോലെതന്നെ കാരണം ഒന്നും കൂടാതെ, ചില സാധനങ്ങൾ ചലിക്കുന്നുണ്ടെന്നും, പുഷ്പങ്ങൾ, നാണയങ്ങൾ മുതലായവ ആകാശത്തുനിന്നു വീഴുന്നുണ്ടെന്നും മറ്റും പറയപ്പെടുന്നതിനെ പറ്റിയും ഞാൻ ഖണ്ഡിതമായി യാതൊന്നും പറയുന്നില്ല. ഇവയെ സംബന്ധിച്ചുള്ള രേഖകൾ എനിക്കു തൃപ്തികരമായി തോന്നിയിട്ടില്ല. ഈ മാതിരി സംഭവങ്ങൾ മിക്കവാറും ഉണ്ടായിട്ടുള്ളതു്, ഇരുട്ടുമുറികളിലും, "ആവേശപാത്രങ്ങൾ" * പറയുന്ന വ്യവസ്ഥകൾ അനുസരിച്ചും ആയിരുന്നു. ഇതു തീരെ തൃപ്തികരമല്ല. തന്ത്രം പ്രയോഗിക്കാൻ ഇവിടെ ധാരാളം സൌകര്യമുണ്ടു്. ഇത്തരം പരിശോധനാവസരങ്ങളിൽ ചില തന്ത്രജ്ഞന്മാരെ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ടു്. കള്ളത്താടി, മസ്സിൽ മുതലായ സാധനങ്ങൾ, കസേരകളിലെ മെത്തയുടെ അടിയിൽനിന്നു കണ്ടെടുത്തശേഷം, സാധനങ്ങൾ വീഴുക മുതലായ സംഭവങ്ങൾക്കു ഒരു വലിയ തടസ്ഥവും ഉണ്ടായിപ്പോയി. പദാർത്ഥങ്ങൾ ചലിക്കുന്നതിനെ—വിശേഷിച്ചു്, മേശ, സ്റ്റൂ

* ൧—ാം അദ്ധ്യായം നോക്കുക.

ക മൃതല്പായവയുടെ ചലനത്തെ— സംബന്ധിച്ച് ഇ
ക്കാലത്തുണ്ടായിട്ടുള്ള രേഖകളിൽ പ്രധാനപ്പെട്ടതു്
1908—ൽ നേപ്പിൾസിൽവച്ച് യൂസേപ്യാ പലാഡി
നൊ എന്ന ആവേശപാത്രവുമായി ശാസ്ത്രാന്വേഷ
ണസംഘക്കാർ നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെ
അനുഭവ്യാനമാണ്. ഇത്രയും വിചാരണകൾ നട
ത്തുന്നതിനു പല പ്രകാരത്തിലും സമർത്ഥന്മാരായ മൂ
ന്നുപേരായിരുന്നു ഈ പരിശോധന കഴിച്ചതു്. ഇ
വരെല്ലാപേരും ആവേശപാത്രങ്ങളുടെ തന്ത്രം കണ്ടു
പിടിക്കാൻ വിശേഷസാമർത്ഥ്യമുള്ളവരും, രണ്ടുപേർ
പേരെടുത്ത കൺകെട്ടുവിദ്യക്കാരുമായിരുന്നു. ഇവർ
ഇത്തരം അനുഭവങ്ങളെ സംബന്ധിച്ചു തീരെ അവി
ശ്വാസികളായിട്ടാണ് പരിശോധനയ്ക്കു പോയതെ
ങ്കിലും, മടങ്ങി വരുമ്പോഴെക്കു ഇവരുടെ അവിശ്വാ
സം മിക്കവാറും നശിച്ചുപോയിരുന്നു. പരിശോ
ധനാനന്തരം ഇവർ പുറപ്പെടുവിച്ച അഭിപ്രായം ഇ
ങ്ങനെയാണ്:— "അജ്ഞേയമായ എന്തോ ഒരു
ശക്തി തീച്ചയായും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും
ഇത്തരം പ്രതിഭാസങ്ങളുടെ കാരണം മരിച്ചവരുടെ
ആത്മാക്കളാണെന്നു വിശ്വസിക്കേണ്ട നിർബന്ധ
മൊന്നും ഞങ്ങൾ കാണുന്നില്ല." ഇവരുടെ ഈ വി
പ്രോർട്ട് ആത്മവാദത്തിന്റെ എല്ലാ ഭാഗങ്ങളേ
യും സ്ഥാപിക്കുന്നില്ലെങ്കിലും, എത്രയും ശ്ലാഘ്യ
മായ ഒന്നുതന്നെയാണെന്നു പറഞ്ഞേ കഴിയൂ. ഈ
പരിശോധകന്മാർ വല്ലവിധേനയും ഒഴിക്കപ്പെട്ട

പോയിരിക്കാമെന്നു വിചാരിക്കാനും എനിക്കു ഏ
പ്പോഴും സാധിക്കും."

ഭൗതികമായ ഈദൃശദർശനങ്ങളെ വിട്ടിട്ടു കേവ
ലം ആത്മീയമായ അനുഭവങ്ങളുടെ ചരിത്രം പരി
ശോധിക്കാം. ഇവിടെ മെസ്മെറിസത്തെയും, സ്വീഡൻ
ബർഗ്ഗിനേറയും നാമങ്ങൾ പ്രത്യേകം സ്മരിക്കുന്നു
ണ്ട്. ഫ്രെഡ്റിക് ആൻറൺ മെസ്മെർ (1714-1815)
വീയന്നാക്കാരനായ ഒരു ഡാക്ടർ ആയിരുന്നു. പാരി
സിൽവച്ചായിരുന്നു തൻെറ നവീനചികിത്സാസമ്പ്ര
ദായം ഇദ്ദേഹം ആദ്യമായി പ്രയോഗിച്ചതു്. ഇതു
മൂലം ഇദ്ദേഹം അനേകരോഗികളെ സുഖപ്പെടുത്തു
കയും, തൻെറ നൂതനതത്വങ്ങളെ ഉത്സാഹശീലന്മാ
രായ ശിഷ്യഗണങ്ങൾക്കു പഠിപ്പിച്ചുകൊടുക്കയും
ചെയ്തിരുന്നു. മാസ്മരനിദ്രയിൽ കിടക്കുമ്പോൾ, രോ
ഗികൾ തന്നത്താൻ അവരുടെ രോഗനിർണ്ണയം ചെ
യ്യുവെന്നതന്നെയല്ല, പലപ്പോഴും ചികിത്സ നിശ്ചയി
ക്കുകൂടി ചെയ്തിരുന്നു. മെസ്മെറിൻെറ നാമം കാല
വിളംബമെന്നിയെ, അമേരിക്കയിൽ ഏത്തുകയും,
1830—ാമാണ്ടിടയ്ക്കു പൂർവ്വസംസ്ഥാനങ്ങൾ മുഴുക്കെ
മാസ്മരമതത്തിൻെറ അലകൾ അടിച്ചുതുടങ്ങുകയുംചെ
യ്തു. മാസ്മരവിദ്വാന്മാർ പട്ടണങ്ങൾതോറും സഞ്ചരി
ച്ചു രോഗശമനം നടത്തിവന്നു. ചിലപ്പോൾ നിർദ്ധി
നന്നായ രോഗി, മറ്റുള്ളവരുടെ രോഗവും കണ്ടുപി
ടിച്ചു ചികിത്സ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം പ്ര
വർത്തിച്ചിട്ടുള്ളവരിൽ പ്രധാനി ആൻഡ്രൂ ജാക്സൺ

ഡേവിസ് എന്നയാളായിരുന്നു. ഇദ്ദേഹം ഒടുവിൽ ദൈവപ്രബോധിതമാണെന്നു വിശ്വസിക്കപ്പെട്ടുവരുന്ന Harmonial philosophy എന്ന ഗ്രന്ഥം നിർമ്മിച്ചു. വൈദ്യശാസ്ത്രപരിജ്ഞാനമില്ലാത്തവർ രോഗനിർണ്ണയം ചെയ്തു ചികിത്സ നിശ്ചയിക്കുക, കാര്യമായ അറിവും സംസ്കരണവും ഒന്നുമില്ലാത്ത സാധാരണക്കാരൻ ഗഹനവും തത്വശാസ്ത്രവിഷയകവുമായ ഗ്രന്ഥങ്ങൾ രചിക്കുക ആദിയായ ഈ ദ്വിശാനുഭവങ്ങളിൽനിന്നു സിദ്ധമാകുന്നതു്, പരേതരായ പ്രസിദ്ധഭിഷഗ്വരന്മാരുടേയും, വിദ്വാന്മാരുടേയും ആത്മാക്കളാണു് ഇവക്കു ദുസ്സാധ്യമായ ഇത്തരം പ്രവൃത്തികൾ ചെയ്യിക്കുന്നതു എന്നത്രെ. ഡേവിസിന്റെ "ആവേശക"ന്മാരിൽ * ഒരാൾ ഗാലൻതന്നെ ആയിരുന്നുവെന്നും വിശ്വസിക്കപ്പെട്ടുവരുന്നു.

അദ്ധ്യാത്മവാദചരിത്രത്തിൽ മെസ്മെറിനെപ്പോലെ സ്മരണീയനായ മറെറാരു മാന്യൻ ഇമാനുവൽ സ്വീഡൻബർഗ്ഗ് ആണ്. ഇദ്ദേഹം 1688 മുതൽ 1772 വരെ ജീവിച്ചിരുന്നു. 50 കൊല്ലത്തിലധികം കാലം ഇദ്ദേഹം ശാസ്ത്രപരീക്ഷണങ്ങൾ നടത്തുകയും, പല പ്രധാന സർക്കാരുദ്യോഗങ്ങൾ വഹിക്കയും ചെയ്തിരുന്നു. ഇതിനുശേഷം ഇദ്ദേഹത്തിനു ചില 'വെളിച്ചപ്പാടു'കൾ ഉണ്ടായതായി പറയപ്പെടുന്നു. മരിച്ചുപോയ പല മഹാന്മാരുമായി ഇദ്ദേഹം സംഭാഷണം നടത്തുക പതിവായിരുന്നുവെന്നും ഊഹിക്കപ്പെ

* 9—ാം അദ്ധ്യായം നോക്കുക.

ട്ടുന്നു. ഇതിനുംപുറമെ "സ്വയംപ്രേരിത ലേഖനം" (automatic writing) എന്നു പറയപ്പെടുന്ന തന്നത്താൻ എഴുതുക എന്ന സമ്പ്രദായവും ഇദ്ദേഹത്തെ സംബന്ധിച്ച് ധാരാളം അനുഭവപ്പെട്ടിട്ടുണ്ട്. ചിലരുടെ ആത്മാക്കൾ തന്നിൽ ആവേശിച്ച് തൻറെ കയ്യിനെ എഴുതുവാൻ പ്രേരിപ്പിക്കുമെന്നും, അതനുസരിച്ച്, തൻറെ പ്രത്യേക വിചാരമൊ സഹായമൊ ഒന്നും കൂടാതെ തന്നെ കൈ തന്നത്താൻ എഴുതുമെന്നുമാണ് ഇദ്ദേഹം പറയുന്നത്. ഇത്തരം സ്വയം പ്രേരിത ലേഖനത്തെ സംബന്ധിച്ച് ആത്മവാദപ്രമുഖന്മാരിൽ തന്നേയും അഭിപ്രായവ്യത്യാസമുണ്ട്. ചിലരുടെ അഭിപ്രായം, ഇത്തരം ലേഖനകർത്താക്കളുടെ അബോധമനസ്സിൻറെ നിലകൊണ്ടു ഈ വിധം എഴുതുവാൻ സാധിക്കുമെന്നാണ്. തീച്ചയായും ആത്മാവിൻറെ പ്രേരണകൊണ്ടേ ഈ വിധം എഴുതാൻ കഴിയൂ എന്നാണ് വേറെ ചിലർ വാദിക്കുന്നത്. ഈ വിധത്തിൽ മറ്റുള്ളവരും എഴുതാൻ ശ്രമിക്കുന്നതിനെ സ്പീഡ്ൻബർഗ്ഗ് ഇഷ്ടപ്പെട്ടിരുന്നില്ല. തനിക്കു എന്തൊ ഒരു പ്രത്യേക ശക്തി ഉണ്ടെന്നും, തന്മൂലം തൻറെ ബുദ്ധിക്കൊ മനസ്സിനൊ യാതൊരു ദോഷവും ഭവിക്കാതെ ഇപ്രകാരം എഴുതാൻ സാധിക്കുമെന്നും, മറ്റുള്ളവർ ഈ വിധം ശ്രമിക്കുമ്പോൾ അവക്കു ചില ദോഷങ്ങൾ പറ്റുമെന്നും മറ്റുമാണ് ഇദ്ദേഹം പറഞ്ഞിട്ടുള്ളത്.

ഏതായാലും എന്തൊ ചില അസാധാരണ ശ

കത്തിക്കുക പാത്രമായിരുന്ന മെസ്മർ, സ്പീഡൻ ബർഗ് മുതലായവരുടെ അനുഭവങ്ങളാലും, അന്നത്തെ സമുദായസ്ഥിതിയുടെ അനുകൂലഭാവം നിമിത്തവും, ആത്മവാദത്തിനു ക്രമപ്രവൃദ്ധമായ വളർച്ചയുണ്ടായി. ഈ നവീനവിശ്വാസത്തിന്റെ പ്രബോധകന്മാരായി പലരും അമേരിക്കയിൽനിന്നു പുറപ്പെട്ടു. ഇവരിൽ പ്രധാനിയായ ഡി. ഡി. ഹോം 1855—ൽ ഇംഗ്ലണ്ടിലെത്തി. ഇദ്ദേഹം ഇംഗ്ലണ്ടിനുപുറമെ യൂറോപ്പിലുള്ള മറ്റു പല രാജ്യങ്ങളിലും ചുറ്റിസഞ്ചരിച്ചു. ഒരു പ്രധാന ആവേശപാത്രമായ ഇദ്ദേഹം ഫ്രാൻസിലേയും, റഷ്യയിലേയും കൊട്ടാരങ്ങളിൽപോലും ചെന്നു, ആത്മാക്കളുടെ വ്യാപാരങ്ങളെന്നു വിശ്വസിക്കപ്പെട്ടിരുന്ന പല അനുഭവങ്ങളും കാണിച്ചുകൊടുത്തു. ഇതിനു പ്രതിഫലമായി മറ്റുള്ളവർ ചെയ്യാറുള്ളതുപോലെ ഇദ്ദേഹം യാതൊന്നും വാങ്ങിയിരുന്നില്ല. എന്നാൽ ചില പാരിതോഷികങ്ങളൊക്കെ പലരിൽനിന്നും ഇദ്ദേഹം സസന്തോഷം സ്വീകരിച്ചിരുന്നു. വേറെ ചിലരെപ്പോലെ കാപട്യം പ്രയോഗിച്ചതായി ഇദ്ദേഹത്തെ ആരും കണ്ടുപിടിച്ചിട്ടുമില്ല. തന്റെ സത്യസന്ധതയെ പറ്റി ചിലക്കൊക്കെ സംശയം ജനിപ്പിച്ച ഒരേ ഒരു സംഗതി, ഇദ്ദേഹവും, മിസിസ് ലയൻ എന്നു പേരായ ഒരു വിധവാപ്രഭ്വിയുമായുണ്ടായ ബന്ധവും, തൽഫലമായുളവായ ഒരു വ്യവഹാരവുമാണ്. ഇവരിൽ ഒരിക്കൽ ഇദ്ദേഹത്തിനു 24,000 പവൻ സം

ഭാവന ചെയ്തയും, ഒടുവിൽ ഇവളുടെ അനന്തരാ
വകാശിയായി ഇദ്ദേഹത്തെ ദത്തെടുക്കയും ചെയ്തു.
ഇതിനെപ്പറ്റി ഒടുവിൽ ഇവർ പശ്ചാത്തപിക്കയും,
ആത്മാക്കളാണ് ഇവളെക്കൊണ്ട് ഈ പ്രവൃത്തി ചെ
യ്യിച്ചതെന്ന് ഹോം പറഞ്ഞതായി ഘോഷിച്ചുകൊ
ണ്ട്, ഇദ്ദേഹം തന്നിൽ അന്യായമായ സ്വാധീനശ
ക്തി പ്രയോഗിച്ചു തനിക്ക സ്വതെ മനസ്സില്ലാത്ത
ഈ പ്രവൃത്തി ചെയ്യിച്ചുകളഞ്ഞുവെന്ന ന്യായം കാ
ണിച്ചു ഇദ്ദേഹത്തെ പ്രതിയാക്കി ഒരു കേസ് കൊടു
ക്കയും ചെയ്തു. കേസിന്റെ അവസാനത്തിൽ, ഈ
തുക ഹോം ഇവർക്ക മടക്കിക്കൊടുക്കണമെന്ന വി
ധിയുണ്ടായി. പക്ഷേ, ഹോമിനെ സംബന്ധിച്ചു
ഈ സ്ത്രീ ചെയ്ത ആരോപണങ്ങൾക്ക ശരിയായ തെ
ളിവില്ലെന്നും, യഥാർത്ഥത്തിൽ ഹോമിന്റെ സത്യസ
ന്ധതയ്ക്ക വിരുദ്ധമായി യാതൊരു തെളിവും ഉണ്ടാ
യിട്ടില്ലെന്നും, ജഡ്ജ്മെന്റിൽ വ്യക്തമായി പ്രസ്താവി
ച്ചിരുന്നു.

ഹോമിനുണ്ടായിരുന്ന ശക്തികൾ വിവിധങ്ങ
ളായിരുന്നു. തന്നെ സന്ദർശിക്കുന്നവരുടെ, പരേത
രായ ബന്ധുക്കളുടേയും മിത്രങ്ങളുടേയും ആത്മാക്ക
ളെ അവരുടെ പൂർവ്വരൂപത്തിൽ ഇദ്ദേഹം കാണുക
യും, അവരുടെ പേരുകൾ പറയുന്നതിനോടുകൂടി,
അവരെത്തന്നെയാണ് താൻ കണ്ടതെന്നുള്ളതിനു
തെളിവായി പല സന്ദേശങ്ങളും ആ ആത്മാക്കളിൽ
നിന്നു ഗ്രഹിച്ച് ഇദ്ദേഹം അവർക്ക അറിയിച്ചുകൊടു

ക്കയും ചെയ്തിരുന്നു. വിശ്വാസ്യന്മാരായ പല മാന്യന്മാരും ഇദ്ദേഹത്തെ പരിശോധിച്ചു തൃപ്തരായിട്ടുമുണ്ട്. മോഹാലസ്യത്തിൽ കിടക്കുമ്പോൾ ആത്മാക്കളുടെ പ്രേരണാഫലമെന്നു വിശ്വസിക്കത്തക്കവിധത്തിലുള്ള പല പ്രസംഗങ്ങളും ഇദ്ദേഹം നടത്തിയിരുന്നു. വിശേഷവിധിയായി ഇദ്ദേഹത്തെപ്പറ്റി പറയാനുള്ളതു് ഇതാണ്: അതായതു് ഇദ്ദേഹത്തിന്റെ സന്നിധിയിൽ മേശകളും തന്നത്താൻ—ആരും തൊടുകപോലും ചെയ്യാതെതന്നെ—വായുവിൽ ഉയർന്നുപോകയും, സ്റ്റൂളുകളും പൊങ്ങിച്ചാടുകയും, നൃത്തം ചെയ്യുകയും, പാത്രങ്ങളിൽ ഇരിക്കുന്ന പുഷ്പങ്ങളും തന്നത്താൻ ഇളകി ഓരോരുത്തരുടേയും അടുക്കൽ ചെന്നു വീഴുകയും ചെയ്യാറുണ്ടായിരുന്നു. ഇവയെ സംബന്ധിച്ചു നടത്തിയ ചില പരിശോധനകൾമൂലം ലഭിച്ചിട്ടുള്ള തെളിവുകൾ എത്രയും പ്രബലവും, അനിഷേധ്യവുമായിരുന്നുവെന്നാണ് പറയപ്പെടുന്നതു്. ഇത്തരം പരിശോധനകൾ നടത്തി, അവയുടെ വിവരങ്ങളെ സവിസ്തരം രേഖപ്പെടുത്തിയിട്ടുള്ള ഒരു മാന്യൻ, റായൽ സൊസൈറ്റിയിലെ ഒരു അംഗവും (Fellow of the Royal Society) ലോകത്തെ സുപ്രസിദ്ധ പ്രകൃതിശാസ്ത്രജ്ഞന്മാരിൽ ഒരാളുമായ സർ വില്യം ക്രൂക്സ് ആയിരുന്നു. പ്രകൃതിശാസ്ത്രസിദ്ധാന്തങ്ങളെ നിരീക്ഷണം ചെയ്യുന്ന വിഷയത്തിൽ ഇദ്ദേഹം പ്രദർശിപ്പിച്ചുപോന്നിരുന്ന അവധാനബുദ്ധിയേയും, മതിപ്രതാപത്തേയും പറ്റി അറിഞ്ഞിട്ടുള്ളവർ

പ്രസ്തുതപരീക്ഷണങ്ങളെക്കുറിച്ചുള്ള ഇദ്ദേഹത്തിന്റെ അനുഭവജ്ഞാനങ്ങളും വായിച്ചാൽ, തീച്ചയായും ആകൃഷ്ടരായിത്തീരാതിരിക്കയില്ല. ഈ സംഭവങ്ങൾക്കു കാരണം ആത്മാക്കളാണെന്നു തീർത്തുപറയാൻ ഇദ്ദേഹം ഒരുക്കമില്ലതന്നെ. എന്നാൽ ഇവിടെ ശ്ലോഘ്യമായസംഗതി ഒന്നുമാത്രമാണ്. അതായത്, സർ വില്യമിന്റെ അഭിപ്രായംതന്നെയും, ഇവയുടെ കാരണം എന്തുതന്നെ ആയിരുന്നാലും, ഇത്തരം ദൃശ്യങ്ങളും തീച്ചയായും ഉണ്ടാകുന്നുണ്ടെന്നും, ഇവയുടെ ശരിയായ കാരണം പ്രകൃതിശാസ്ത്രം മുഖേന വിവരിക്കാൻ സാധിക്കുന്നില്ലെന്നുമാണ്. സുപ്രസിദ്ധശാസ്ത്രജ്ഞനായ സർ വില്യമിന്റെ വിലയേറിയ ഈ അഭിപ്രായപ്രകടനത്താൽ, ആത്മവാദികളുടെ വാദമുഖം സ്ഥാപിക്കപ്പെടുന്നില്ലെങ്കിലും, അനാത്മവാദികളുടെ ന്യായം ശിഥിലമായിപ്പോകുന്നുണ്ടെന്നുള്ള സംഗതി പ്രത്യേകം ഓർക്കേണ്ടതാണ്.

ഹോം 1866-ൽ തന്റെ 53-ാമത്തെ വയസ്സിൽ അന്തരിച്ചുപോയി. ആത്മവാദചരിത്രത്തിൽ സ്മരണീയമായ മറെറാരു നാമം, റെവറണ്ട് ഡബ്ളിയൂ സ്റ്റെയിണ്ടൻ മോസസിന്റേതാണ്. ഇദ്ദേഹത്തിന്റെ ജീവിതദശ ഹോമിന്റേതിനെ അപേക്ഷിച്ചു തുലോം ആശ്ചര്യജനകമായിരുന്നു. ലിങ്കൺഷയർ വ്യാകരണപാഠശാലയിലെ പ്രഥമാധ്യാപകന്റെ മകനായി ഇദ്ദേഹം 1839-ൽ ഭൂലോകജാതനായി. ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസ

വിധം എത്രയും പ്രശസ്തമായിരുന്നു. 1860-ൽ ആക്സ്ഫോർഡ് സർവ്വകലാശാലാ ബിരുദ നേടിയ ശേഷം, ഇദ്ദേഹത്തിനു പാതിരിപ്പട്ടം സിദ്ധിക്കയും കുറേക്കാലം ക്യൂറേറ്റായി ജോലിനോക്കുകയും ചെയ്തു. തന്റെ കണ്ണുത്തിനു പറ്റിയ ഒരു സുഖക്കേടുനിമിത്തം ഈ ജോലിയിൽ നിന്നു വിരമിച്ചിട്ടു ഇദ്ദേഹം ഡാക്ടർ സ്റ്റാർഹോപ്പ് സ്പീയർ എന്നയാളുടെ പുത്രന്റെ ട്യൂട്ടറായിത്തീർന്നു. ഇതിനു ശേഷം 17 കൊല്ലക്കാലം യൂനിവെർസിറ്റി കാളേജിലെ ഒരു സ്കൂളിൽ ഉപാദ്ധ്യായനായി ജോലിനോക്കി. 1872-ൽ ഇദ്ദേഹം ഒരു അമേരിക്കൻ ഗ്രന്ഥകാരനായ ഡെയിൽ ഓവൻ രചിച്ചിട്ടുള്ള "ഡിബേറ്റബിൾ ലാൻഡ്" Debatable Land എന്ന ആദ്ധ്യാത്മിക ഗ്രന്ഥം വായിക്കയും, അതിൽ വളരെ ആകൃഷ്ടനാവുകയും ചെയ്തു. ഇതിനുശേഷം ഇദ്ദേഹം ഹോം മുതലായ പല ആവിഷ്കന്മാരേയും സന്ദർശിച്ചു പല പരീക്ഷണങ്ങളിലും പങ്കെടുത്തു. ഒടുവിൽ താൻ തന്നെ ഒരു ആവേശപാത്രമായി ഭവിച്ചു. തന്നതാൻ എഴുത്തു ഇദ്ദേഹം ധാരാളം നടത്തി. ഇംഗ്ലണ്ടിലെ ആത്മവാദ സംഘസ്ഥാപന ശ്രമത്തിൽ ഇദ്ദേഹം കായ്മായി പങ്കുകൊള്ളുകയും, ആത്മലോക ചർച്ചാസംഘത്തിൽ ഒരു അംഗമായിരിക്കയും ചെയ്തു. പല അനുഭവങ്ങളേയും സംബന്ധിച്ചു ഈ സംഘാംഗങ്ങൾക്കുണ്ടായിരുന്ന അതിരുകടന്ന സംശയങ്ങൾ നിമിത്തവും, ചില ആവേശപാത്രങ്ങളുടെ നേർക്കുള്ള അവരു

ടെ പെരുമാറ്റം കേവലം വിരോധപരമാണെന്നു തനിക്കു തോന്നുകയാലും അവരോടുണ്ടായ അതൃപ്തി മൂലം ഈ സംഘത്തിൽ നിന്നു ഇദ്ദേഹം 1886-ൽ ഒഴിഞ്ഞു കളഞ്ഞു. അനന്തരം "ലണ്ടൻ സ്പിരിച്ച്വലിസ്റ്റ് അലയൻസ്" London Spiritualist Alliance എന്ന പേരൊരു സംഘത്തിന്റെ അദ്ധ്യക്ഷനാവുകയും, 1892-ൽ അദ്ദേഹം മരിക്കുന്നതുവരെ ആ സ്ഥാനത്തു തന്നെ ഇരിക്കയും ചെയ്തു. "ലൈറ്റ്" Light എന്ന ആദ്ധ്യാത്മിക മാസികയുടെ അധിപരായും ഇദ്ദേഹം ഏതാനും വർഷം ജോലിനോക്കിയിട്ടുണ്ട്.

ഹോമിനെപ്പോലെ തന്നെ ഇദ്ദേഹവും തന്റെ വിശേഷ ശക്തിയെ ഒരു തൊഴിലായി പരിചിച്ചിരുന്നില്ല. ഇക്കാര്യത്തിൽ ഇദ്ദേഹം ഹോമിനെ അപേക്ഷിച്ച് തുലോം ഉൽകൃഷ്ടനായിരുന്നുവെന്നു വേണം പറവാൻ. തന്റെ ഈ ആത്മീയശക്തിയെ പരോക്ഷമായിട്ടപോലും ഉപജീവന മാർഗ്ഗമായി ഇദ്ദേഹം ഉപയോഗിച്ചിരുന്നില്ല. എന്നു തന്നെയല്ല, തന്റെ ഈ അസാധാരണ ശക്തിയെ പരസ്യപ്പെടുത്തുവാൻ തന്നെയും ഇദ്ദേഹം ആഗ്രഹിച്ചില്ല. മാന്യവും, ഏകാന്തവുമായ ഒരു ജീവിതമാണു നയിച്ചുപോന്നതു്. ഡാക്ടർ സ്റ്റീയർ മുതലായ ചുരുക്കം ചില സ്നേഹിതന്മാരേ ഇദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. തന്നെ അറിഞ്ഞവരെല്ലാം ഇദ്ദേഹത്തെ വളരെ ബഹുമാനിച്ചിരുന്നു. സച്ജീവിതം തന്നെ സുവിധേനയും ഉത്തമമായ ഒന്നായിരുന്നതിനാൽ, ഇദ്ദേഹത്തിന്റെ

3542

പ്രവൃത്തികളെ സംബന്ധിച്ചു ന്യായമായ യാതൊരു സംശയവും ജനങ്ങൾക്കുണ്ടായില്ല. എന്നാൽ ഇദ്ദേഹത്തെ സംബന്ധിച്ച അനുഭവങ്ങൾ മാത്രം അത്യത്ഭുതങ്ങളും, അവിശ്വാസയോഗ്യങ്ങളുമായിരുന്നതിനാൽ അവയ്ക്കു തക്ക സമാധാനം കാണാതെ അല്പാത്മശാസ്ത്രജ്ഞന്മാർ നന്നേ കുഴങ്ങേണ്ടിവന്നിട്ടുണ്ട്. ഈ അനുഭവങ്ങളിൽ പലതും നൂതനങ്ങളാകയാൽ, ഭാവിയിൽ ഇതുപോലെ മറെറാരുവക്കും ഉണ്ടായിത്തുടങ്ങുമ്പോൾ, ഇവയെ സംബന്ധിച്ചു ആളുകൾക്കു കൂടുതൽ വിശ്വാസം ജനിച്ചേക്കാം എന്നുമാത്രമാണ് ചില ആത്മവാദതത്പാനേപ്പഷികൾ സമാധാനിക്കുന്നത്.

പാശ്ചാത്യരാജ്യങ്ങളിലെ ഇന്നത്തെ ആത്മവാദികളുടെ സംഖ്യ നിർണ്ണയിക്കുക സുകരമല്ല. അതു അടിക്കടി വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. ഗ്രേറ്റ് ബ്രിട്ടനിൽ മാത്രം മുന്നൂറോളം സംഘങ്ങൾ ഇവരുടെ വകയായുണ്ട്. ചില ആവേശപാത്രങ്ങളുടെ സഹായത്താൽ മരിച്ചുവരുടെ ആത്മാക്കളെ കാണുക, അവരുമായി സംഭാഷണങ്ങൾ നടത്തുക, ഇവയെ സംബന്ധിച്ചു പ്രസംഗങ്ങൾ ചെയ്യുക, സാഹിത്യം പ്രചരിപ്പിക്ക ഇതൊക്കെയാണ് അവരുടെ പ്രവൃത്തികൾ. അവിടെ പല ആത്മവാദസംഘക്കാരും തങ്ങളുടെ വകയായി പല പാഠശാലകൾ ഏർപ്പെടുത്തി നടത്തുകയും സമുദായ പരിഷ്കരണത്തിൽ ബദ്ധശ്രദ്ധരായിരിക്കയും ചെയ്യുന്നുണ്ട്.

ഇംഗ്ലണ്ടിലെ ആത്മവാദചരിത്രത്തെപ്പറ്റി മാത്രമാണല്ലൊ ഇതുവരേയും വിവരിച്ചതു്. യൂറോപ്പിലെ ഇതരരാജ്യങ്ങളിലും ആത്മവാദം ക്രമപ്രവൃദ്ധമായി പ്രചരിച്ചുവരുന്നുണ്ടു്. ഫ്രാൻസിലെ ആത്മവാദത്തിനു കൌതുകാവഹമായ ഒരു പ്രത്യേകതയുണ്ടു്. അവിടത്തെ "ആത്മാക്കൾ" പുനർജ്ജന്മവാദികളാണു്! അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും ആത്മവാദത്തിൽ പുനർജ്ജന്മത്തിനു സ്ഥാനമില്ല. ഇതിന്റെ കാരണമാണു വിചിത്രം. ഫ്രാൻസിൽ മുമ്പു ജീവിച്ചിരുന്ന അലൻകാർഡേ എന്ന ഗ്രന്ഥകാരൻ ഒരു പുനർജ്ജന്മവാദിയായിരുന്നു. ഇദ്ദേഹം ഫ്രാൻസിലെ ആത്മലോകത്തും ഈ വിശ്വാസം കടത്തിവിട്ടു. അവിടത്തെ ആത്മാക്കളെയെല്ലാം മതപരിവർത്തനം ചെയ്യുകളഞ്ഞുവെന്നാണു വിശ്വസിക്കപ്പെടുന്നതു! അതുകൊണ്ടായിരിക്കാം ഫ്രാൻസിലെ ആവേശപാത്രങ്ങളും മുഖേന സംസാരിക്കുന്ന ആത്മാക്കളും പുനർജ്ജന്മമതതത്തെ ആദരിക്കുന്നതു്. നേരേമറിച്ചു് ഇംഗ്ലീഷുകാരും അമേരിക്കക്കാരുമായ ആത്മാക്കൾ പുനർജ്ജന്മവാദത്തെ നിഷേധിക്കയാണു ചെയ്യുന്നതു്.

ജെർമ്മനിയിൽ ഈ മതത്തിന്റെ വളർച്ച ഇതരരാജ്യങ്ങളെ അപേക്ഷിച്ചു് തീരെ മന്ദഗതിയിലാണു്. ഇപ്പോൾ തിയോസഫി ഏതാണ്ടു് ഇതിനെ ജയിക്കാനും തുടങ്ങിയിട്ടുണ്ടു്.

ഇറാലിയിലും ആത്മലോകചർച്ചയെ സംബന്ധിച്ചു പല പരിശ്രമങ്ങളും നടക്കുന്നുണ്ടു്. യൂസേ

ഫ്യാ പലാഡിനോ എന്ന പേരായ ഒരു പ്രസിദ്ധ ആവേശപാത്രം അവിടെയുണ്ട്. ഇവർ സർ ഒലിവർ ലാഡ്ജ് തുടങ്ങിയുള്ള പല ശാസ്ത്രജ്ഞന്മാർക്കും വിശ്വാസം വർത്തക്കു പല അനുഭവങ്ങളും കാണിച്ചു കൊടുത്തിരിക്കുന്നു.

ഇതിനും പുറമെ അർജെൻറീനാ, സ്പെയിൻ, നോർവേ, ഡെൻമാർക്ക്, ഹോളണ്ട്, റഷ്യാ മുതലായ സ്ഥലങ്ങളിലും ആത്മവാദമതം വ്യാപിച്ചിട്ടുണ്ട്. പക്ഷേ ഇതിനു പ്രാബല്യം സിദ്ധിച്ചിട്ടുള്ളതു ഇംഗ്ലണ്ടിലും, അമേരിക്കയിലും, ഫ്രാൻസിലുമാണ്. പ്രധാനമായി ഈ ഗ്രന്ഥത്തിൽ വിവരിക്കുവാൻ വിചാരിക്കുന്നതു് ഇംഗ്ലണ്ടിൽ ഇതുവരെ നടത്തിയിട്ടുള്ളതും ഇപ്പോഴും നടത്തി വരുന്നതുമായ ആത്മലോകവൃത്തിയുടെ വിവരങ്ങളും, ഇന്നത്തെ ആത്മവാദികൾ സാമാന്യമായി വിശ്വസിച്ചു വരുന്ന പൊതുതത്വങ്ങളും മാത്രമാണ്.

അദ്ധ്യായം ൧

അദ്ധ്യാത്മതത്വാന്വേഷണ സംഘം.

ഡി. ഡി. ഹോം, സ്റ്റെയിൻഡൻ മോസസ്സ് മുതലായ ആവേശപാത്രങ്ങളുടെ പ്രവൃത്തികളുടേയും, ആത്മവാദസംബന്ധമായി പലരും പ്രസിദ്ധപ്പെടുത്തിയ ലേഖന പരമ്പരകളുടേയും ഫലമായി, ഈ ആവേശപാത്രങ്ങൾ മുഖേന വെളിപ്പെട്ട അനുഭവങ്ങളുടെ

യാഥാർത്ഥ്യത്തെയും, അവ ആത്മാക്കളുടെ വ്യാപാരങ്ങളാണെന്നുള്ള തെളിവിനേയും പറഞ്ഞ് ഇംഗ്ലണ്ടിലെ ജനസാമാന്യത്തിൽ ഒരു പ്രബലമായ വിശ്വാസം പരന്നു പിടിച്ചു. അച്ചിരേണ, സാഹിത്യം പ്രകൃതിശാസ്ത്രം മുതലായ പല തുറകളിലും പ്രഖ്യാതിസമ്പാദിച്ച പലരും മേൽ പ്രകാരം വിശ്വസിക്കാൻ തുടങ്ങി. ഇതോടുകൂടി ചില പ്രകൃതിശാസ്ത്രനിരീക്ഷകന്മാരുടെ തലകാഞ്ഞു തുടങ്ങുകയും, ഏതായാലും ഇതു പ്രാധാന്യത്തെ അഹിച്ചുപോയ ഒരു വിഷയത്തെ ഇനി അഗണ്യകോടിയിൽ തള്ളിക്കളയാൻ പാടില്ലെന്നും, ഇതിന്റെ സത്യാസത്യ വിവേചനം ചെയ്യ എന്തെങ്കിലും നിർദ്ദിഷ്ടമായ ഒരു നിഗമനം കണ്ടുപിടിക്കാതിരിക്കുന്നതു് പ്രകൃതിശാസ്ത്രജ്ഞന്മാർക്കു പൊതുവെ അപമാനഹേതുവാണെന്നും, തോന്നുകയാൽ അ[illegible] പ്രകൃത സംഗതികളെപ്പറ്റി വേണ്ട പരിശോധനകൾ [illegible]താനായി ശാസ്ത്രജ്ഞന്മാരുടെ ഒരു സംഘം സ[illegible]മാക്കേണ്ടതു് അത്യന്താപേക്ഷിതമെന്നു നിശ്ചയിച്ചുറയ്ക്കുകയും ചെയ്തു. തദനുസരണം സർ വില്യം ബാററ്റ്, പ്രൊ[illegible]ഹ സിഡ്ജ്വിക്, മയഴ്സ്, എഡ്മണ്ട് ഹർനി മുതലായ പ്രസിദ്ധശാസ്ത്രാനേഷികൾ, മുമ്പേതന്നെ ആത്മവാദികളായിതീർന്നിട്ടുള്ള സ്റ്റെയിൻടൻ മോസസ്സ് പ്രഭൃതികളേയും ചേർത്തു ഒരു തത്വാനേഷണ സംഘം സ്ഥാപിച്ചു. ഇതു 1882 ൽ ആയിരുന്നു. ആവേശപാരുഷ്യം നടത്തി വന്നിരുന്ന, സ്വയം പ്രേരിതലേഖ

നം, സംസാരം എന്നിവയുടെ പുറമെ, പരമനസ്സംക്രമണം (telepathy) അനേന്ത ദർശനം * (clairvoyance) മാസ്മരവിദ്യ മുതലായ പല വിഷയങ്ങളെ സംബന്ധിച്ചും ഈ കമ്മറിക്കാർ വളരെക്കാലം പരിശോധനകൾ നടത്തി. ഇവരുടെ ഈ ചിരകാലനിരീക്ഷണങ്ങളുടെ പൂർണ്ണവിവരങ്ങൾ, "പ്രൊസീഡിംഗ്സ്" (Proceedings) എന്ന പേരിൽ 30 വാല്യങ്ങളായും, "ജേർണൽ" (Journal) എന്ന പേരിൽ 18 വാല്യങ്ങളായും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എ. ജെ. ബാൽഫർ, ജി. ഡബ്ളിയു ബാൽഫർ, പ്രൊഫസർ ഹെൻറി ബെർഗ്സൻ, സർ വില്യം ബാറെറ്റ്, ബിഷപ്പ് ബോയിഡ് കാർപെൻറർ, സർ വില്യം ക്രൂക്സ്, പ്രൊഫസർ വില്യം ജേംസ്, ആൻഡ്രൂ ലാംഗ്, സർ ഒലിവർ ലാഡ്ജ്, മൂന്ഴ്സ്, പ്രൊ: സിഡ്ജ്വിക്കുപ്പെടുന്നവരെന്ന സമ്മതിക്കാതിരിക്കാൻ ഈ സംഘം എന്തുകൊണ്ടെന്നാൽ ഇവർക്കു [illegible]ിച്ചിട്ടുണ്ട്. ഇയലേശം പോലുമോ ഇല്ലാത്ത പ്രകൃതിശാസ്ത്രത്തിൽ ഇവർ അത്യവസരത്തിൽ [illegible]രെടുത്തിട്ടുള്ള ലോകചെയ്യുന്നു. ആദ്യം തന്നെയും ഉൾപ്പെട്ടിരുന്നു.

ക്രിസ്തുമതസംഘത്തിനു പൊതുവായി ഒരു പ്രത്യേക മതമൊ ആദർശമൊ ഉണ്ടായിരുന്നില്ല. അതിനാൽ ഓരോ അംഗവും അവനവന്റെ അഭീഷ്ടം പോലെ എന്തും വിശ്വസിക്കുവാൻ സ്വതന്ത്രനായിരുന്നു. ആത്മവാദത്തിൽ അതിരുകടന്ന വിശ്വാസികൾ തുട

* ആറാം അദ്ധ്യായം നോക്കുക.

ങ്ങി, തീരെ അവിശ്വാസികൾ വരെ ഈ സംഘത്തിൽ ഉണ്ടായിരുന്നു. കേവലം തത്വാന്വേഷണത്തിനു മാത്രമല്ലാതെ, ഒരു നിഗമനത്തെ ആദ്യമേ നിർദ്ദേശിച്ചുകൊണ്ടല്ല ഈ സംഘം സ്ഥാപിച്ചിട്ടുള്ളത്. അതിനാൽ ഇതിലെ അംഗങ്ങളുടെ വിശ്വാസവും വിഭിന്നമായിത്തന്നേയിരുന്നു. എങ്കിലും സാമാന്യമായി പറയുന്നപക്ഷം, ഇവരിൽ ഭൂരിപക്ഷവും ഇംഗ്ലീഷിൽ "റെറലപതി" എന്നു പറയുന്ന പരമനസ്സംക്രമണത്തിൽ വിശ്വാസമുള്ളവരായിരുന്നു. ഈ സംഘത്തിന്റെ നായകന്മാരിൽ ചുരുക്കം ചിലർ ഈ വിശ്വാസത്തിനു പുറമെ ആത്മാവിന്റെ സത്തയിലും അതിന്റെ അനശ്വരത്വത്തിലും വിശ്വസിപ്പാൻ ഒരുക്കമുള്ളവരായിരുന്നു. ആത്മാവിനു ശരീരത്തിൽനിന്നു പിരിഞ്ഞാലും [illegible] എന്നു വിശ്വസിക്കുവാനാണ് പ്രധാനഹേതുവായിട്ടുണ്ടായത്. കൃത സംഗതികളെപ്പറ്റി വേണ്ട പഠനം ക്രമേണ ഇവർ അവലംബിച്ചതാനായി ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ വസ്തുത പ്രധാനമായിക്കേണ്ടതു് അത്യന്താപേക്ഷിതമാണെപ്പോൾ എന്നു പേരായ [illegible] തദനുസരണം സിദ്ധ അതീവശക്തിയുടെ അഭിസിദ്ധിക്കു, മനസ്സാണ്. ഇവളെ ഈ സംഘക്കാർ [illegible] പരിശോധന കഴിച്ചിട്ടുണ്ട്. ഇവളെ സംബന്ധിച്ചു അനുഭവങ്ങൾ ഏറെ കൌതുകാവഹങ്ങളാകയാൽ ഇവയെ സംബന്ധിച്ചു കുറച്ചൊന്നു വിവരിക്കാതെ ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതു് വിഹിതമാണെന്നു തോന്നുന്നില്ല.

ആവേശപാത്രങ്ങൾക്ക് പല വിധത്തിലാണ് അനുഭവങ്ങളുണ്ടാകുന്നതെങ്കിലും തന്മയാവസ്ഥയിൽ സംസാരിക്കുകയും എഴുതുകയും ചെയ്തയാണ് ഇവയിൽ പ്രധാനം. ഇങ്ങനെയുള്ള ഒരുവളാണ് മിസിസ് ഡെപ്പൂർ. ഇവൾ ചിലപ്പോൾ പെട്ടെന്ന ബോധരഹിതയായി ഭവിക്കുന്നു. ഈ സ്ഥിതിയിൽ കിടന്നുകൊണ്ടാണ് ഇവൾ എഴുതുകയോ സംസാരിക്കയോ ചെയ്യുന്നത്. ഇവളുടെ കയ്യിനേയൊ, നാവിനേയോ ആയവസരത്തിൽ ഭരിച്ചുകൊണ്ടിരിക്കുന്നത് മരിച്ചുപോയ ചിലരുടെ ആത്മാക്കളാണെന്നാണ് വിശ്വസിക്കപ്പെട്ടുന്നത്. ചുരുക്കത്തിൽ ഇതു ഒരു "ഭ്രതാവേശം" ആണെന്നു വേണം പറവാൻ. എന്തുതന്നെ ആയാലും, അനിതരസാധാരണമായ ഒരു ശക്തിവിശേഷത്താൽ ഈ സ്ത്രീ ആ സമയം ഭരിക്കപ്പെട്ടുന്നുണ്ടെന്നു സമ്മതിക്കാതിരിക്കാൻ തരമില്ല. എന്തുകൊണ്ടെന്നാൽ ഇവൾക്കു അറിവൊ, പരിചയലേശം പോലുമോ ഇല്ലാത്ത പല സംഗതികളും ഇവൾ ആയവസരത്തിൽ പറകയൊ എഴുതുകയൊ ചെയ്യുന്നു. ആദ്യകാലങ്ങളിൽ ഇവളെ ആവേശിച്ചിരുന്നത് ഏതാനും കൊല്ലങ്ങൾക്കു മുമ്പു മരിച്ചുപോയ ജാർജ്ജു പെൽഹാം എന്ന പേരായ ഒരു വക്കീലായിരുന്നുവെന്നാണ് വിശ്വസിക്കപ്പെട്ടുന്നത്. ഈ തത്വാന്വേഷണ സംഘത്തിന്റെ അമേരിക്കയിലെ സിക്രട്ടറിയും ഒരു പ്രധാന നിരീക്ഷകനുമായ ഡാക്ടർ റിച്ചാർഡ് ഹഡ്സൻ ഈ വക്കീലിനെ പ

രിചയമുണ്ടായിരുന്നു. ഇദ്ദേഹം തന്നെ മിസിസ് പൈപ്പറിനെ അനേകകാലം പരിശോധിച്ചിട്ടുണ്ട്. ഈ പരിശോധനകളിൽ വിഭിന്ന തരക്കാരായ 120 പേരെയോളം ഇദ്ദേഹം മിസിസ് പൈപ്പറിന്റെ അടുക്കൽ കൊണ്ടുചെന്നിട്ടുണ്ട്. ഇവരിൽ 29 പേർ മരിച്ചുപോയ വക്കീലിനു പരിചയമുള്ളവരായിരുന്നു. എന്നാൽ ഇവരെയെല്ലാവരേയും വേഷപ്രച്ഛന്നരാക്കിയും പേരു മാറ്റിയുമാണു പരിശോധനസ്ഥലത്തു ഹാജരാക്കിയിട്ടുള്ളതു്. എന്നിട്ടും വക്കീലിന്റെ പരിചിതന്മാരെ, മിസിസ് പൈപ്പർ നിഷ്പ്രയാസം തിരിച്ചറിയുകയും, അവരുമായി അയാൾക്കു ജീവിതകാലത്തുണ്ടായിരുന്ന പരിചയത്തിന്റേയും സ്നേഹത്തിന്റേയും തോതനുസരിച്ചു ഓരോ വിധത്തിൽ അവരെ സംബോധന ചെയ്തും, ഓരോ വിഷയത്തെപ്പറ്റി സംസാരിക്കയും ചെയ്തു. ബാക്കിയുള്ള 91 പേരേയും അറിവാൻ പാടില്ലെന്നും ഇവർ പറഞ്ഞു. ഇവർ പെൽഹാമിനും അപരിചിതരായിരുന്നല്ലൊ.

ആ 29 പേരിൽ ഒരാളെ സംബന്ധിച്ചു രസകരമായ ഒരു സംഭവം ഉണ്ടായി. ഇതു ഒരു അമേരിക്കൻ യുവതിയായിരുന്നു. ഇവർക്കു പരേതനായ പെൽഹാമിനെ പരിചയമുണ്ടായിരുന്നുവെങ്കിലും, പൈപ്പറിനു — അഥവാ പെൽഹാമിന്റെ ആത്മാവിനു — ഇവളെ അറിവാൻ കഴിഞ്ഞില്ല. ഒടുവിലാണു ഇതിന്റെ കാരണം വെളിപ്പെട്ടതു്. ഈ യുവതി ഇവരും ഒരു കുട്ടിയായിരുന്നയവസരത്തിലായിരുന്നു

ഇവർ തമ്മിലുള്ള പരിചയം. അതിനു 8 കൊല്ലങ്ങൾക്കും പെൽഹാമിന്റെ മരണത്തിനു 5 കൊല്ലങ്ങൾക്കും ശേഷമാണു ഇപ്പറഞ്ഞ പരിശോധന നടന്നതു്. ഈ കാലത്തിനിടയ്ക്കു ഇവളുടെ ആകൃതിക്കും പ്രകൃതിക്കും കായ്മായ മാറ്റം തീച്ചയായും വന്നിരിക്കാവുന്നതുമാണല്ലൊ. ഇതു മൂലമാണു പ്രഥമദർശനത്തിൽ പെൽഹാമിന്റെ ആത്മാവിനു അവളെ മനസ്സിലാകാതെ പോയതു്. ഈ യുവതിയെ അറിയുന്നില്ലാ എന്നു മിസിസ് പൈപ്പർ പറഞ്ഞ ഉടനെ "നിങ്ങൾ മിസ് വാർനറിനെ (അതായതു ഈ യുവതിയുടെ മാതാവും പെൽഹാമിന്റെ ഒരു സ്നേഹിതയും) ഓർക്കുന്നില്ലെ?" എന്നു ഡാക്ടർ ഹഡ്സൻ ചോദിച്ചു. തൽക്ഷണം തന്നെ മിസിസ് പൈപ്പർ "നീ അവളുടെ ഇളയ മകളല്ലെ? ഞാൻ ഇവൾക്കു വായിക്കാനായി കൊടുത്ത പുസ്തകത്തെപ്പറ്റി ഓർമ്മയുണ്ടൊ എന്നു ഇവളോടു ചോദിക്കുക" എന്നു പറഞ്ഞു. ഇതിനും പൂർവ്വം പെൽഹാമിന്റെ ജീവിത കാലത്തു മിസിസ് വാർനറും മറ്റു പലരുമായുണ്ടായിട്ടുള്ള പല സംഭവങ്ങളെ പറ്റിയും പറകയുണ്ടായി.

ഈ സംഭവം കൗതുകാവഹമായിരിക്കുന്നുവെന്നു തന്നയല്ല, ആത്മവാദവിഷയകമായി ഇതു കുറെ പ്രാധാന്യത്തെ അർഹിക്കുന്നതും ക്രൂടിയാണെന്നാണ് ആർതർ ഹിൽ പറയുന്നതു്. എന്തുകൊണ്ടെന്നാൽ ഇത്തരം അനുഭവങ്ങളെ സംബന്ധിച്ചു ചിലർ സമാധാനിക്കാറുള്ളതുപോലെ കേവലം പരമനസ്സംക്രമണം

ആണ് ഇതിനു കാരണമെങ്കിൽ— അതായത് ഈ യുവതിയെ മിസിസ് പൈപ്പർ തിരിച്ചറിഞ്ഞതു അന്യരുടെ മനസ്സിലുണ്ടായിരുന്ന വിചാരം തന്നതാൻ അവളുടെ മനസ്സിൽ കടന്നു ക്രൂടിയതുകൊണ്ടാണെങ്കിൽ മറ്റെ 28 പേരേയും തിരിച്ചറിഞ്ഞതു പോലെ ആദ്യമേ തന്നെ ഈ യുവതിയേയും ഇവർ അറിയേണ്ടതായിരുന്നു. എന്നതന്നയല്ല, പരമനസ്സംക്രമണം മൂലമാണു ഇവർ അന്യരെ അറിഞ്ഞതെങ്കിൽ, ഇവളുടെ അടുക്കൽ വന്ന 120 പേരേയും ഇവർ അറിയേണ്ടതായിരുന്നില്ലേ? ഇതിനു ഇവർക്കു കഴിഞ്ഞില്ലെന്നു തന്നയല്ല, ഇവർക്കു തിരിച്ചറിയാൻ കഴിഞ്ഞവരെല്ലാവരും പെൽഹാമിനു ജീവിതത്തിൽ പരിചയപ്പെട്ടവരുമായിരുന്നു. മറ്റൊരു സംഗതി ക്രൂടി ഇവിടെ ഓർക്കേണ്ടതായുണ്ട്. അതായത് പരേതനായ പെൽഹാം, മിസിസ് പൈപ്പറിനു സ്നേഹമൊ പരിചയമൊ ഉണ്ടായിരുന്ന ആളല്ല. അയാളുടെ ജീവിതത്തിൽ ഒരു തവണ മാത്രമെ മിസിസ് പൈപ്പറെ കണ്ടിട്ടുമുള്ളു. എന്നു തന്നയല്ല, മറ്റേതെങ്കിലും വിധത്തിൽ പെൽഹാമിന്റെ സ്നേഹിതന്മാർ ആരൊക്കെയെന്നു അറിവാനും മിസിസ് പൈപ്പറിനു കഴിഞ്ഞിട്ടില്ല.

ഈ പരിശോധനയുടെ ആരംഭത്തിൽ, പെൽഹാമിന്റെ ആത്മാവാണു മിസിസ് പൈപ്പറെ ആവേശിച്ചിരിക്കുന്നതെന്ന കാഴ്ച്ചയിൽ ഡാക്ടർ ഹഡ്സനു അശേഷം വിശ്വാസമില്ലായിരുന്നു. എന്നത

ന്നയല്ല, ഇതിൽ എന്തൊ കാര്യമായ തന്ത്രമുണ്ടെന്നു വിശ്വസിക്കയും, അതു പരീക്ഷണങ്ങൾ കൊണ്ടു വെളിപ്പെടുത്തിക്കളയാമെന്നു ബലമായി ആശിക്കയുമായിരുന്നു അദ്ദേഹം ചെയ്തത്. എന്നാൽ കാര്യത്തിന്റെ പരമാർത്ഥം ഒടുവിൽ അദ്ദേഹത്തെയാണു പരാജയപ്പെടുത്തിയതു്. എന്നതന്നയല്ല, വ്യാജനാമത്തിൽ പല അപരിചിതന്മാരേയും ഇദ്ദേഹം പരിശോധന സ്ഥലത്തു വരുത്തുകയും, ഒരാളെ മുഖകവചം ധരിപ്പിച്ചു ഹാജരാക്കയും ചെയ്തതിൽ ഇതുപോലെ തന്നെ വിശ്വാസയോഗ്യങ്ങളായ പല തെളിവുകളും അദ്ദേഹത്തിനു ലഭിച്ചു. ഇതുകൊണ്ടൊന്നും തന്റെ വിമർശനസ്വഭാവത്തിനു തൃപ്തിവരാതെ, ഇദ്ദേഹം പല പ്രാവശ്യവും ഒറ്റുകാരെ നിയോഗിച്ചു മിസിസ് പൈപ്പറുടെ നടപടികളെ, അവൾ അറിയാത്ത നിലയിൽ, പരിശോധിച്ചു നോക്കുക കൂടിചെയ്തു. ഏവം വിധം അനേക കൊല്ലക്കാലം അന്വേഷണം ചെയ്തതിനുശേഷം, തനിക്കു ലഭിച്ച വിവിധ തരങ്ങളായ അനുഭവങ്ങൾ മൂലം അവസാനം ഇദ്ദേഹം അനുമാനിച്ചതു്, ആത്മാവിന്റെ പ്രവൃത്തിയല്ലാതെ ഇത്തരം അനുഭവങ്ങൾക്കു തൃപ്തികരമായ മറ്റൊരു കാരണവും പറവാൻ നിവൃത്തിയില്ലെന്നാണ്. ഇത്രത്തോളമൊക്കെ സമ്മതിച്ചു പോയി എങ്കിലും ഇതരസ്മാരോടൊപ്പം ഇദ്ദേഹം ഒരു ശരിയായ ആത്മവാദിയായില്ല. എന്തെന്നാൽ, മനുഷ്യസമ്പർക്കം കൂടാതെ മേൽമുതലായ സാധനങ്ങൾ ചലിക്കുക, ചില പദാർത്ഥ

ങ്ങൾ തന്നത്താൻ ആകാശത്തു നിന്നു വീഴുക, മുതലായ ദൃശ്യങ്ങളിൽ ഇദ്ദേഹത്തിനു ഇനിയും വിശ്വാസം ജനിച്ചിട്ടില്ല. പരമാർത്ഥത്തിൽ മറവുള്ള പരീക്ഷകന്മാരുടെ ശ്രമഫലങ്ങളിലും, മറവുള്ള ആവേശപാത്രങ്ങളുടെ അനുഭവങ്ങളിലും ഇദ്ദേഹത്തിനു ശരിയായ വിശ്വാസമുണ്ടായിരുന്നില്ല. എന്നാൽ മിസിസ് പൈപ്പറുടെ സംഗതിയിൽ മാത്രം ഇദ്ദേഹത്തിനു തൃപ്തിയുണ്ടായി. ഇവളുടെ ഈ ഭ്രാന്താവേശം കുറെ കാലം കഴിഞ്ഞപ്പോൾ നിശ്ശേഷം ഇല്ലാതെ ആയി. എന്നാൽ ഇതിനുശേഷവും ചിലപ്പോഴൊക്കെ ഇവളുടെ കൈ തന്നത്താൻ എഴുതാറുണ്ടായിരുന്നു.

മറ്റൊരു പ്രധാന ആവേശപാത്രം മിസിസ് തോംസൻ ആയിരുന്നു. സർ വില്യം ക്രൂക്സ്, സർ ഒളിവർ ലാഡ്ജ്, പ്രൊഫസർ സിഡ്ജ്വിക്, മയഴ്സ് മുതലായ കെങ്കേമന്മാരായ ശാസ്ത്രാന്വേഷികളായിരുന്നു ഇവളെ പരീക്ഷിച്ചതു്. ചില അനുഭവങ്ങൾ ഇവർക്കു വളരെ തൃപ്തി നൽകി. ഇവയിൽ പരേതയായ ഒരു മിസിസ് ബി. എന്നവളുടെ ആത്മാവു, അവളുടെ ലോകജീവിതത്തെ സംബന്ധിച്ചു അറിയിച്ച വിവരങ്ങൾ എത്രയും അൽഭുതകരമായിരിക്കുന്നു. എന്തെന്നാൽ ഇവളുടെ ആത്മാവു അറിയിച്ചതായി മിസിസ് തോംസൻ എഴുതുകയൊ പറയുകയൊ ചെയ്ത വിവരങ്ങൾ ഒന്നും, ഇവർക്കു വേറെ വിധത്തിൽ അറിയാൻ വഴിയില്ലായിരുന്നു. ഇവയിൽ ഒരു നിസ്സാര സംഗതി ഏറെ അൽഭുതകരമായിരിക്കുന്നതി

നാൽ അതിനെ ഇവിടെ വിവരിക്കാം. മിസ്സിസ്സ് ബി സാധാരണ കുറിപ്പുകൾ എഴുതിയിടാറുള്ള നോട്ടുബുക്കിൽ "പൊമാറ്റ"ത്തെ (Pomatum) പറ്റി ഒരു ടാപ്പു (കുറിമാനം) എഴുതിയിട്ടുള്ളതായി മിസ്സിസ്സ് താംസൻ പറഞ്ഞു. ഇതിനേ പറ്റി അന്വേഷണം നടത്തിയതിൽ, ഇങ്ങനെ ഒരു നോട്ടുബുക്ക് തങ്ങളുടെ മാതാവിനുണ്ടായിരുന്നുവെന്നല്ലാതെ, "പൊമാറ്റ"ത്തെക്കുറിച്ചു തങ്ങൾക്കു ഒരു വിവരവുമില്ലെന്നു മിസ്സിസ്സ് ബി. യുടെ പുത്രിമാർ പറഞ്ഞു. പൊമേഡ് (Pomade) എന്ന പദത്തെ "പൊമാറ്റം" എന്നാണു തങ്ങളുടെ മാതാവു പറയാറുണ്ടായിരുന്നതെന്നുകൂടി ഇവരിൽനിന്നു മനസ്സിലായി. ഇതുകൊണ്ടൊന്നും അന്വേഷകന്മാർ തൃപ്തിപ്പെട്ടില്ല. ഒടുവിൽ പ്രസ്തുതസ്ത്രീയുടെ ഗൃഹം ശോധനചെയ്ത് ആ നോട്ടുബുക്ക് കണ്ടെടുത്തു. പരിശോധിച്ചതിൽ, അതിലെ ഉള്ളടക്കത്തെപ്പറ്റി ശരിയായ ഒരു വിഷയാനുക്രമണിക ബുക്കിന്റെ ആരംഭത്തിൽ ചേർത്തിരിക്കുന്നതുകണ്ടു. അതിൽ "പൊമാറ്റം" എന്ന പദമേ കണ്ടില്ല. ബുക്കിന്റെ ഉള്ളു മുഴുവൻ പരിശോധിച്ചപ്പോൾ, അവർ അറിയിച്ചതുപോലെയുള്ള ഒരു കുറിമാനം അതിൽ എഴുതിയിട്ടുണ്ടായിരുന്നു. ഇത് മിസ്സിസ്സ് ബി മരിക്കുന്നതിനു ഏതാനും ദിവസങ്ങൾക്കു മുമ്പിലാണു എഴുതിയതെന്നും മനസ്സിലായി. ഇതുകൊണ്ടായിരിക്കാം വിഷയസൂചിയിൽ ഇതുംകൂടി ഉൾപ്പെടുത്താൻ കഴിയാതെ പോയതു്. കുറിപ്പു ഏതൊ ഒരു വൈദ്യന്റെ കേശതൈല

(Pomade)ത്തിന്റേതുമായിരുന്നു.

പരമനസ്സംക്രമണത്തിനു ഇവിടേയും സ്ഥാനമില്ല. ജീവിച്ചിരിപ്പുള്ള മറ്റാരാളും (ഈ അന്വേഷകന്മാർ അറിഞ്ഞുടത്തോളം) ഈ കുറിമാനത്തെപ്പറ്റി അറിഞ്ഞിട്ടില്ലല്ലോ. എന്നാൽ ഇതറിഞ്ഞിരുന്നതു മരിച്ച മിസ്സിസ്സ് ബീ. മാത്രം.

ഈ മാതിരി വേറെയും അനേകം അനുഭവങ്ങളെ ആത്മവാദശാസ്ത്രാന്വേഷികളുടെ അനവദ്യമായ ഗ്രന്ഥമായ "പ്രൊസീഡിംഗ്സി"ൽ വിവരിച്ചുകാണുന്നുണ്ട്. വിസ്തരഭയത്തെമാത്രം കരുതി ഇതിൽ കൂടുതലായി ഇവിടെ ഉദ്ധരിക്കാൻ വിചാരിക്കുന്നില്ല.

ഈ വിഷയത്തെ സംബന്ധിച്ചു നവീനമായി ലഭിച്ചിട്ടുള്ള ഉത്തമരേഖകളും ഉഭയസംവാദം—അതായതു ഒരു സംഗതിതന്നെ രണ്ടു ആവേശപാത്രങ്ങളും മുഖേന ഒരു സന്ദർഭത്തിൽ വെളിപ്പെടുക—എന്നു പറയുന്ന മറ്റൊരുതരം അനുഭവങ്ങളും വഴിയായിട്ടാണ്. ഡാക്ടർ സിഡ്ജ്വിക്കിന്റേയും മയഴ്സിന്റേയും മരണാനന്തരം, വിശേഷിച്ചു ഡാക്ടർ ഹഡ്സൻ മരിച്ചതായ 1906-നുശേഷം, അവ്യക്തങ്ങളും പരസ്പരസംബന്ധവിഹീനങ്ങളുമായ അനേകം സന്ദേശങ്ങളും വെളിപ്പെടാൻ തുടങ്ങി. ഇതുകൊണ്ടു, സാധാരണ തങ്ങൾക്കുള്ള ആത്മീയശക്തിയെ തൊഴിലായി വരിച്ചിട്ടില്ലാത്ത മാന്യകളായ ആവേശപാത്രങ്ങളും മുഖേനയാണു വെളിപ്പെട്ടതും. പരസ്പരബന്ധമില്ലാത്ത ഈ വിവിധവിവരങ്ങളെ അന്വേഷകന്മാർ ഒ

ന്നിച്ചു ചേർത്തു നോക്കിയപ്പോൾ ഇവയ്ക്കു ചില അർത്ഥമുണ്ടെന്നും, ഇതുകൾ തമ്മിൽ ബന്ധമുള്ളവയാണെന്നും തോന്നിത്തുടങ്ങി. മയഴ്സും, സിഡ്ജ്വിക്കും ജീവിച്ചിരുന്ന കാലത്തു ഒരേ സംഗതി ഒന്നിലധികം ആവേശപാത്രങ്ങൾ മുഖേന വെളിപ്പെടുത്തുവാൻ സാധിക്കുമോ എന്ന സംഗതിയെപ്പറ്റി ഗാഢമായി ചിന്തിക്കയും, ഈ വിഷയത്തിൽ അവർ ഏതാനും ചില പരിശോധനകൾതന്നെ നടത്തുകയും ചെയ്തിരുന്നു. പരസ്പരം തെളിയിക്കുന്നതായ ഇത്തരം അനുഭവങ്ങൾ തീരെ സമ്മിശ്രങ്ങളും, ശ്രമലഭ്യങ്ങളുമായിരുന്നതിനാൽ ഇവയെപ്പറ്റി മറ്റാരും പരിചിന്തിച്ചിരുന്നില്ല. എന്നാൽ പ്രസ്തുതശാസ്ത്രജ്ഞന്മാരുടെ മരണാനന്തരം ഈ വിഷയകമായി ലഭിച്ചിട്ടുള്ള അനുഭവങ്ങൾ തന്നെയും, മനസ്സിലാകണമെങ്കിൽ വളരെ ദീർഘമായ വിവരണങ്ങൾ ആവശ്യമായിരിക്കുന്നു. സംക്ഷിപ്തവിവരണംകൊണ്ടു സംഗതി മനസ്സിലാക്കാവുന്ന ചില അനുഭവങ്ങളെമാത്രം താഴെ ഉദ്ധരിക്കാം.

1907 ഫെബ്രുവരി 12-ാംനു- ഡാക്ടർ ഹഡ്സൺറാണെന്നു പറഞ്ഞുകൊണ്ടു ഒരു ആത്മാവു മിസ്സിസ്സ് പൈപ്പറിനെ ആവേശിക്കയും, താൻ "ആരോ" Arrow (അസ്രൂം) എന്ന വാക്കു മിസ്സിസ്സ് വെറലിനോടു പറഞ്ഞിരിക്കുന്നുവെന്ന അറിയിക്കയും ചെയ്തു. അനന്തരമുണ്ടായ അന്വേഷണത്തിൽ, ഫെബ്രുവരി 11-ാംനു- മിസ്സിസ്സ് വെറലിന്റെ കൈ എഴുതിക്കൊണ്ടിരുന്ന അവസരത്തിൽ, അക്ഷരങ്ങൾ തമ്മിൽ ഒത്തു

ചേരുന്ന വിധത്തിലുള്ള മൂന്നു അസ്സുങ്ങളുടെ പടം അവർ വരച്ചതായി അറിവാനിടയായി. ഇതിനും പുറമെ ഫെബ്രുവരി 18-ാംനു (മിസ്സിസ്സ് പൈപ്പർ മുഖേന അറിഞ്ഞ സംഗതിയുടെ യാതൊരു വിവരവും ലഭിക്കുന്നതിനുമുമ്പായിട്ടത്തന്നെ) മിസ്സിസ്സ് വെറൽ AR. എന്നു തുടങ്ങിക്കുന്നതായ അനേകം പടങ്ങൾ എഴുതുകയും ചെയ്തു. അവസാനം അസ്സുത്തിന്റെ അഗ്രംപോലെ തോന്നുന്ന ഒരു ആച്ചിന്റെ പടവും അവർ വരച്ചു.

ഉഭയസംവാദം (Cross Correspondence) എന്ന ഇത്തരം ഒട്ടുവളരെ അനുഭവങ്ങൾ ശാസ്ത്രനിരീക്ഷകന്മാരുടെ അനുഭവ്യാനങ്ങളിൽ കാണുന്നുണ്ട്. ഇവയിൽ മിക്കതും മുഴുക്കി എഴുതാൻ സാധിക്കാത്തവണ്ണം അത്ര സമ്മിശ്രങ്ങളായിരിക്കുന്നതിനാൽ ദൈർഘ്യത്തെ ഭയന്നു അവയെ ഇവിടെ ഉദ്ധരിക്കാൻ വിചാരിക്കുന്നില്ല. അവയുടെ പ്രതിനിധകമായ ഒരു ഉദാഹരണമാണു മേലുദ്ധരിച്ചതു്. ഇതിൽനിന്നുതന്നെ ഇതിന്റെ ഒരു ഏകദേശബോധം വായനക്കാർക്കു ലഭിക്കുമല്ലൊ. ഈ ഉഭയസംവാദാനുഭവങ്ങളെ സംബന്ധിച്ചു ഒന്നു രണ്ടു സംഗതികൾ ഓർക്കേണ്ടതായുണ്ടു്. മേല്പറഞ്ഞ ആവേശപാത്രങ്ങൾ, തങ്ങൾക്കുണ്ടാകുന്ന ഇത്തരം അനുഭവങ്ങളെ പ്രദർശനം ചെയ്തു അതിനെ ഒരു ജീവിതമാർഗ്ഗമായി വരിച്ചിട്ടുള്ളവരല്ല. പ്രത്യുത, ഇവർ സമ്പന്നകുലം സമുദായത്തിൽ മാന്യസ്ഥാനത്തിൻ അർഹകളുമാണു്. എന്നു തന്നെയല്ല, മറവുള്ള

ആവേശപാത്രങ്ങളെപ്പോലെ ഇവർ ആത്മവാദികൾ പോലുമല്ല. മറ്റൊരു സംഗതി, ഒരു ആവേശപാത്രം പറയുന്ന വിഷയത്തെ സംബന്ധിച്ചു യാതൊരു അറിവും ലഭിക്കുന്നതിനു മുമ്പാണ് അതേ സംഗതി തന്നെ മറ്റൊരുവനും മൂലം വെളിപ്പെടുന്നത്. ഒരേ ഒരു ശക്തിയുടെ പ്രേരണകൊണ്ടാണു ഈ വിധം സംഭവിക്കുന്നതെന്നു വിചാരിക്കാൻ വളരെ എളുപ്പവുമാണല്ലൊ.

അദ്ധ്യായം ൪.

സ്വയംപ്രേരിത ലേഖനങ്ങൾ.

യാതൊരു പ്രേരണയും കൂടാതെ, ചില ആവേശപാത്രങ്ങളുടെ കൈ തന്നത്താൻ എഴുതുക എന്നതു, മൻപു പറഞ്ഞതുപോലെ ആത്മവാദികൾ പുറപ്പെടുവിക്കുന്ന ഒരു പ്രധാന തെളിവാണ്. ഇതിനെ സംബന്ധിച്ചു ആർതർ ഹില്ലിന്റെ മതം ഇപ്രകാരമാണ്:—

"സ്വയംപ്രേരിത ലേഖനങ്ങളെല്ലാം ആത്മാക്കളുടെ പ്രവർത്തനത്തിന്റെ തെളിവായി വിചാരിക്കാൻ പാടില്ല. ഈ വിധമുള്ള എഴുത്തും സംസാരവും പലപ്പോഴും ആത്മാക്കളുടെ പ്രവൃത്തിയുമായി യാതൊരു സംബന്ധവുമില്ലാതെയാണ് ഞാൻ കണ്ടിട്ടുള്ളതു്. ആത്മവാദനിരീക്ഷണസമ്പ്രദായങ്ങളിൽ വച്ച് ചില പ്പോൾ ചില ആവിഷ്ടന്മാർ, അജാഗ്രദാവസ്ഥയിൽ കിടന്നുകൊണ്ടു, മതസംബന്ധവും തത്വശാസ്ത്രപരവു

മായ ശക്തിമത്തായ പ്രസംഗങ്ങൾ നടത്തിയേയ്ക്കും. ഇതു ആത്മാവിന്റെ പ്രേരണമൂലമാണെന്നാണു സാധാരണ സങ്കല്പിക്കപ്പെടാറു. എന്നാൽ ഇതിനു തക്കതായ തെളിവൊന്നുമില്ല. മാസ്മരവിദ്യാപ്രയോഗം കൊണ്ടും—അതായതു ഒരാളെ മാസ്മരനിദ്രയിൽ കിടത്തിയിട്ടു, അയാൾ ഗ്രാഡ്സ്റ്റനൊ വേറെ വല്ല മഹാനൊ ആണെന്നു അയാളെ വിശ്വസിപ്പിച്ചശേഷം പ്രസംഗിക്കാൻ ആവശ്യപ്പെട്ടുമ്പോൾ—ഇത്തരം പ്രസംഗം നടത്താറുണ്ടു്. ഇതുപോലെതന്നെയാണു് സ്വയംപ്രേരിതലേഖനവും. ഇതിൽ മിക്കതും അത്ഭുതകരമായി തോന്നിയേക്കാമെങ്കിലും ശാസ്ത്രീയമായ തെളിവിനു ഉപകരിക്കുന്നില്ല. ചില പ്രത്യേക ആത്മാക്കളുടെ പ്രവൃത്തിയാണെന്നു വിശ്വസിക്കപ്പെടുന്ന ഇത്തരം എഴുത്തുകൾ, മതത്തെയും ആത്മലോകത്തെയും സംബന്ധിച്ചുതായിരിക്കുമ്പോൾ, ചിലർക്കു പലപ്പോഴും ആശ്വാസവും, സമാധാനവുമൊക്കെ തോന്നിയേക്കാം. എന്നാൽ ഇതു ആത്മലോകത്തുനിന്നു വരുന്നതാണെന്നു തെളിയിക്കാൻ പ്രയാസമാണു്. പരേതരായ ബന്ധുമിത്രാദികളുടെ വിവരങ്ങളറിയാതെ വ്യസനിക്കുന്ന ഏതൊരാൾക്കും ലഭിച്ചേക്കാവുന്ന ആശ്വാസമാർഗ്ഗത്തെ അടച്ചുകളയണമെന്നു എനിക്കു അശേഷം ആഗ്രഹമില്ല. ഇത്തരം സ്വയംപ്രേരിതലേഖനങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ ആരെയെങ്കിലും ആശ്വസിപ്പിക്കുന്നുണ്ടെങ്കിൽ അവയെ ധാരാളം വായിച്ചാശ്വസിക്കുവാൻ ഞാൻ അവരെ ക്ഷണി

ക്കുകപോലും ചെയ്യുകൊള്ളാം. ഒരു സംഗതിയുടെ ഉഭയഭാഗങ്ങളും സംശയഗ്രസ്തങ്ങളായിരിക്കുമ്പോൾ, സൽഫലപ്രദായകഭാഗസ്വീകരണം തന്നേയാണല്ലൊ നല്ലത്. ഇത്തരം എഴുത്തുകൾ ആത്മപ്രവർത്തനഫലങ്ങളെന്നു വിശ്വസിക്കുന്നതുതന്നെ ആയിരിക്കാം ചിലർക്കു കാരണം. അവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. എന്നാൽ ഞാൻ അതിനു ഒരുക്കമില്ല. ഇതുമൂലം ആത്മാവിന്റെ പ്രവർത്തനത്തെ ഞാൻ നിഷേധിക്കുന്നുവെന്നും അർത്ഥമില്ല. കൂടുതൽ തെളിവിനായി ഇതിനെ സംബന്ധിച്ചു എന്റെ വിധി നീട്ടിവക്കുക മാത്രമാണു ഞാൻ ചെയ്യുന്നത്. ഒന്നിനേയും ഞാൻ നിഷേധിക്കുന്നില്ല."

അദ്ദേഹം വീണ്ടും പറയുന്നു:— "സ്വയംപ്രേരിതമായ ചില എഴുത്തുകൾ മതപരവും, ആത്മലോകസംബന്ധവുമായിരിക്കുമ്പോൾ, ചിലക്കൊക്കെ അപ്പ ആശ്വാസകരമായി തോന്നുമെങ്കിൽ, മറ്റു ചിലതു നേരേമറിച്ചു് ആളുകളെ വഴിതെറ്റിച്ചു അബദ്ധത്തിൽ ചാടിക്കുന്ന മാതിരി, സംഭവിക്കാത്തതായ പ്രവചനങ്ങളും, താൻ ഒരു ലോകാനുഗ്രഹിയും, ലോകോദ്ധാരണത്തിനായി സവിശേഷ ദൈവത്തോടുകൂടി വന്നിരിക്കുന്ന പ്രവാചകനുമാണെന്നും മറ്റും എഴുത്തുകാരെ വ്യാമോഹിപ്പിക്കുന്ന വ്യത്യാകൃതികളുമായിരിക്കും. ഈ മാതിരി സ്വയംപ്രേരിതലേഖനാനുഭവം ഉണ്ടാകുന്ന ആളുകൾ വിദ്യാഭ്യാസം കുറഞ്ഞവരും, വിശ്വാസശീലന്മാരും ആയിരിക്കുമ്പോൾ ബോധാതിത

മായ മനോലൈല്യങ്ങളെപ്പറ്റി വേണ്ട അറിവില്ലാ തെ ഇപ്രകാരം എഴുതിവിടുന്നതിനെയെല്ലാം അപ്പടി വിശ്വസിച്ച് തങ്ങൾക്ക എന്തൊ ഒരു ദിവ്യത്വം ല ഭിച്ചുവെന്ന ഭ്രമിച്ചുപോകുന്നു. ഇതുമൂലം ഗുണത്തി നു പകരം ദോഷമുണ്ടാകാനാണെളുപ്പം. എന്തെന്നാൽ ഇത്തരം വിശ്വാസംമൂലം പരിശ്രമപാടവം നശി ച്ചുപോകയും, ഇച്ഛാശക്തി കൈവിട്ടുപോകയും, മന സ്സു വലുതായ വിപ്ലവത്തിനു പാത്രമായി ഭവിക്കയും ചെയ്യുന്നു."

സ്വയംപ്രേരിത ലേഖനങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ചു പൊതുവേയും, മേല്പറഞ്ഞമാതിരി ഭ്രമ ജനകങ്ങളായ ദൈവത്വലേഖനങ്ങളെപ്പറ്റി സവിശേ ഷമായും വായനക്കാർക്ക ഒരറിവു ലഭിക്കാനായി ഇത്ത രം ലേഖനങ്ങളിൽ ചിലതിനെ ചുരുക്കി വിവരിക്കാം.

മിസ്സ് കർട്ടിസ് എന്ന സ്ത്രീ ആർതർ ഹില്ലിന്റെ ഒരു സ്നേഹിതയും, സമർത്ഥയും, ബുദ്ധിശാലിനിയുമാ യിരുന്നു. തനിക്കു ആത്മീയമായ അനുഭവങ്ങൾ ഉ ണ്ടായ കാലത്തു ഇവൾ ഒരു പാഠശാലയുടെ നായി കയായിരുന്നു. ഒരു ദിവസം തന്റെ ഒരു ബന്ധു ഇവരെ ഒരു ആവേശപാത്രവുമായി പരിചയപ്പെട്ട ത്തി. അവൾ ആയവസരത്തിൽ എഴുതിയതു മി ക്കവാറും മിസ്സ് കർട്ടിസിനെ സംബന്ധിച്ചായിരുന്നു. ഇതിനെ വിസ്തരഭയത്തെ ഓർത്തു ഇവിടെ വിവരിക്കു ന്നില്ല. ഇതിനുശേഷമുള്ള തന്റെ അനുഭവങ്ങളെപ്പ റ്റി മിസ്സ് കർട്ടിസ് തന്നെ പറഞ്ഞിട്ടുള്ള ഭാഗം മാത്രം

താഴെ ഉദ്ധരിക്കാം.

"ഈ സന്ദേശം, എന്റെ ഒരു സ്നേഹിതയുടെ രക്ഷാധികാരിയാണെന്നു പറയപ്പെടുന്ന ഒരു ആത്മാവിൽ നിന്നാണു ലഭിച്ചതു്. സ്വയംപ്രേരിതലേഖനത്തെ സംബന്ധിച്ചു എനിക്കു ആദ്യമായുണ്ടായ അനുഭവം ഇതായിരുന്നു. എന്റെ സ്നേഹിത എഴുതിക്കൊണ്ടിരുന്ന അവസരത്തിലെല്ലാം എന്റെ കൈ അവളുടെ മണിബന്ധത്തിൽ (Wrist) വച്ചിരുന്നു. ഇതുമൂലം ഞാൻ അവർക്കു കൂടുതൽ ശക്തി നല്കുന്നുണ്ടെന്നു അവർ പറഞ്ഞു. എഴുത്തെല്ലാം കഴിഞ്ഞശേഷം, ഞാൻതന്നെ പെൻസിൽ കയ്യിലെടുത്തു; എന്നാൽ എനിക്കു എഴുതുവാൻ കഴിഞ്ഞില്ല. ഏതാനും നിമിഷത്തെ പരിചയം മാത്രമല്ലെ എനിക്കുണ്ടായിരുന്നുള്ളൂ. അതുകൊണ്ടു ഇതിൽ ഞാൻ അശേഷം വിസ്മയിച്ചില്ല. ഇതിനുശേഷം, ഈ വിധത്തിലുള്ള എഴുത്തിനു ഞാൻ ശ്രമിച്ചതു് ഒരു കൊല്ലത്തിനുശേഷം, എന്റെ ഒരു സ്നേഹിത അവളുടെ അനുഭവത്തെപ്പറ്റി എന്നോടു പറഞ്ഞയവസരത്തിലായിരുന്നു. എനിക്കും ഇതിനു കഴിയുമൊ എന്നു പരിശോധിച്ചുനോക്കാൻ ഞാൻ ആഗ്രഹിച്ചു. എന്റെ ഈ രണ്ടാമത്തെ ശ്രമം ആദ്യത്തേതുപോലെ നിഷ്ഫലമായില്ല. ഇത്തവണ ഞാൻ കൂടുതൽ ശ്രദ്ധയോടുകൂടി ശ്രമിച്ചു; എന്റെ കയ്യിൽ പിടിച്ചിരുന്ന പെൻസിൽ തന്നത്താൻ ചലിക്കാനും, ചില പടങ്ങളെ രേഖപ്പെടുത്താനും തുടങ്ങി. എനിക്കു ആദ്യമായി ലഭിച്ച അനു

ആത്മീയസന്ദേശം ഇതാ താഴെ ചേർക്കുന്നു. ഇതിൽ ആവരണചിഹ്നങ്ങൾക്കുള്ളിൽ എഴുതിയിരിക്കുന്നത് ഞാൻ ആത്മാവിനോടു മനസാ ചെയ്ത ചോദ്യങ്ങളാണ്.

എന്റെ പേരു് വെർട്ടിഗ് എന്നാണ്.

(നിങ്ങൾ എന്റെ മാർഗ്ഗദർശികളിൽ ഒരാളാണോ?)

അതെ.

(നിങ്ങൾ ഇംഗ്ലീഷ് കാരനാണോ?)

അല്ല.

(പിന്നെ ഏതു ദേശക്കാരനാണ്?)

നാർവേക്കാരൻ.

(നിങ്ങൾ എപ്പോഴാണു മരിച്ചതു്?)

തൊണ്ണൂറിരണ്ടു വർഷത്തിനു മുമ്പു്.

(നിങ്ങൾ പുരുഷനോ സ്ത്രീയോ?)

പുരുഷൻ.

(നിങ്ങളുടെ പ്രവൃത്തി എന്തായിരുന്നു?)

പാട്ടു്.

(എനിക്കു് എത്ര മാർഗ്ഗദർശികളുണ്ടു്?)

അനേകം.

(അവരെല്ലാം പുരുഷന്മാരാണോ?)

അതെ.

(മാർഗ്ഗദർശികളുമായി സംഭാഷണം നടത്തുവാൻ എനിക്കു സാധിക്കുമോ?)

അതെ, സാധിക്കും.

"ഇപ്പോൾ ഞാൻ പൂർവ്വാധികം എളിമയിൽ എ

ഴുതുന്നു. അനേകം ഔദ്യങ്ങളും എനിക്കു ലഭിച്ചു. ഒന്നൊഴിച്ചു മറ്റതെല്ലാം ഈ നാർവേക്കാരൻ വെർറിഗിൻറേതാണ്. ഇവയിൽ മിക്കതും സാധാരണ സംഭാഷണമായിരുന്നതിനാൽ, ഇവയെപ്പറ്റി വിശേഷവിധിയായി ഒന്നും പറയാനില്ല. എന്നാൽ ഇവയിൽ ഒന്നു എൻറെ ഒരു വലിയ രഹസ്യത്തെ സംബന്ധിച്ചതും, എന്നെ കായ്മമായവിധത്തിൽ ഉപദേശം ചെയ്യുന്നതുമായിരുന്നു. ഇതു പിന്നീടു ലഭിച്ച ഈദ്ദശസന്ദേശങ്ങളിൽ എനിക്കു കൂടുതൽ വിശ്വാസം ജനിപ്പിച്ചു.

1910 മേയ് 8-ൽ നടന്ന സംഭാഷണം:—

"വെർട്ടിഗ് തന്നെയാണ് ഞാൻ. ഇന്നു നിനക്കു എന്തുസംഗതിയെപ്പറ്റിയാണ് കേൾക്കേണ്ടതു?"

(ദയവുചെയ്തു ആത്മലോകത്തെ സംബന്ധിച്ചാകട്ടെ; മരണാനന്തരജീവിതത്തെക്കുറിച്ചു നിങ്ങൾക്കു വല്ലതും പറവാൻ കഴിയുമോ?)

"അതെ; ഈ ലോകത്തെപ്പറ്റി ഞങ്ങൾക്കു പലതും പറവാൻ കഴിയും. ഒരു ആത്മലോകമുണ്ടെന്നു നിങ്ങൾ വിചാരിക്കയും, അതിനെപ്പറ്റി അറിവാൻ ആഗ്രഹിക്കയും ചെയ്യുന്നു. ഈ വിചാരത്തിൻറെ യാഥാർത്ഥ്യത്തെപ്പറ്റി നീ ഒരു ദിവസം ചിന്തിക്കും. ഈ ലോകത്താണ് നീ ഇക്കൊല്ലം തന്നെ പ്രവേശിക്കാൻ പോകുന്നതു."

"ഈ അവസാനവാക്യം എന്നെ ഒന്നു വല്ലാതെ പരിഭ്രമിപ്പിച്ചു. ഈ എഴുതുന്നതു വെർട്ടിഗ് തന്നെ

യാണോ എന്നു ഞാൻ ചോദിച്ചു. ഇതിനു തൽക്ഷണംതന്നെ ഇങ്ങനെ സമാധാനമുണ്ടായി:—

"അതെ; നിന്റെ ലോകജീവിതയാത്രയിൽ, ഇനി അധികദൂരം ചെല്ലുന്നതിനുമുമ്പുതന്നെ നീ പ്രവേശിക്കുന്ന ലോകം തന്നേയാണിത്. എന്തെന്നാൽ നീ....."

"ഇതുകണ്ടു ഞാൻ ഭയവിഹ്വലയാകയും, പെൻസിൽ എന്റെ കയ്യിൽനിന്നു വഴുതിപ്പോകയുംചെയ്തു. ഇത്തരം വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാൻ ആത്മാക്കൾക്കു അവകാശമില്ലെന്നു എനിക്കു നല്ലവണ്ണം അറിയാം എന്നു ഞാൻ പറഞ്ഞു.

"നിന്നോടു ഇതു പറവാൻ ഞങ്ങൾക്കവകാശമുണ്ടു; എന്തെന്നാൽ ഈ വിവരം ഞങ്ങളിൽനിന്നു ഗ്രഹിക്കുവാൻ നീ ധൈര്യപ്പെടുന്നു. നിനക്കു അറിവാൻ അവകാശമുണ്ടെങ്കിൽ നിനക്കു അതു സഹിക്കാനും കഴിയും. എന്തെന്നാൽ അതു സഹിക്കുന്നതിനുള്ള ശക്തി ദൈവം നിനക്കു പ്രദാനം ചെയ്തിരിക്കുന്നു."

("ഈ കൊല്ലം" എന്നാണല്ലൊ നിങ്ങൾ എഴുതിയതു്. അതു വാസ്തവമാണോ?)

"അതെ, ഇക്കൊല്ലംതന്നെ. നിന്റെ ബന്ധുമിത്രാദികളിൽനിന്നു ഈ സമാധാനലോകത്തിലേക്കു നീ ആനയിക്കപ്പെട്ടതിനുശേഷമേ ഈ കൊല്ലം അതിന്റെ അന്ത്യദശയെ പ്രാപിക്കയുള്ളു. ഇങ്ങനെ ഞാൻ എഴുതുന്നതു സദുദ്ദേശത്തോടുകൂടിയാണെന്നു

അപ്പോൾ നി അറിയും. ഞങ്ങൾ നിന്നോട് പറഞ്ഞ തെല്ലാം അപ്പോൾ നീ ഓർക്കയും, നിന്റെ കുടുംബത്തേയും അതറിയിക്കുവാൻ നി ശ്രമിക്കയും ചെയ്യും. എന്തെന്നാൽ നിന്നോട് ഞങ്ങൾ പറയുന്നതിന്റെ എല്ലാം പരമാർത്ഥം അവരും അറിയണമെന്നു ദൈവം ആഗ്രഹിക്കുന്നു."

(ഞാൻ ഇക്കൊല്ലംതന്നെ മരിച്ചുപോകുമെന്ന വിവരം ഞാൻ അവരേയും അറിയിക്കണമൊ?)

"അതെ; ദൈവം അങ്ങനെ ഇച്ഛിക്കുന്നു. ഇതിനെപ്പറ്റി നീ പരിഭ്രമിക്കേണ്ടാ. എന്തെന്നാൽ ദൈവത്തിനുവേണ്ടി വേലചെയ്വാൻ നീ ഇവിടെ വരേണമെന്നു ദൈവം ആഗ്രഹിക്കുന്നു. നീ അറിയുന്നതിൽനിന്നു വ്യത്യാസമായി വിചാരിക്കുവാൻ ദൈവം നിന്നെ സഹായിക്കയും ചെയ്യും."

"ഈയവസരത്തിൽ, എന്റെ സഹായംമൂലം കഴിഞ്ഞുകൂടുന്ന ചിലരുടെ അവസ്ഥയെപ്പറ്റി ഞാൻ ചോദിച്ചു.

"അവർ നിന്റെ വേർപാടിൽ അതിയായി ഖേദിക്കും; നീ അവർക്കു നൽകിയിട്ടുള്ള സഹായത്തെ അവർ എപ്പോഴും സ്മരിക്കും. നിന്റെ ഈ മനശ്ശല്യം എന്താണെന്നു അവർ അറിയുന്നില്ലെങ്കിലും, ഇപ്പോഴും അവർ നിന്നെ ഓർത്തുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ നിന്നെ അത്യധികം സ്നേഹിക്കുന്നതിന്റെ ഫലമായി, നിനക്കു

ണ്ടാകുന്ന വിപത്തുകളെപ്പറ്റിയുള്ള ബോധം തന്നെത്താൻ അവക്കുണ്ടാകുന്നു."

(വിപത്തു എന്നു ഇതിനെപ്പറ്റി നിങ്ങൾ പ്രയോഗിക്കാതിരിക്കണമെന്നാണ് എന്റെ ആഗ്രഹം. ഇനിയും അങ്ങനെ നിങ്ങൾ പറയുമോ?)

"ഇല്ല; ഞങ്ങൾ അങ്ങനെ പറകയില്ല; എന്തെന്നാൽ പരമാർത്ഥം ഞങ്ങൾ അറിയുന്നു. യഥാർത്ഥത്തിൽ ഈ അനന്തമായ ലോകത്തു നീ പ്രവേശിക്കുന്നുവെന്നും ഞങ്ങൾക്കറിയാം. ഈ വിധത്തിൽ എഴുതുവാൻ (ഈയവസരത്തിൽ എഴുത്തിന്റെ വേഗം വളരെ വർദ്ധിച്ചു) നീ സന്നദ്ധയായിരുന്നില്ലെങ്കിലും, നിനക്കു അതു എളുപ്പമാക്കാനായി ഞങ്ങൾ ശ്രമിച്ചു. നിന്റെ ശ്രമം കുറയ്ക്കാനും, നല്ലവണ്ണം എഴുതിക്കാനും ഞങ്ങൾ ശ്രമിക്കാം; എന്തുകൊണ്ടെന്നാൽ ഈ ലോകത്തിൽ, സർവ്വും നല്ലതിലേക്കാണെന്ന വിശ്വാസം ജനങ്ങളിൽ ഉണ്ടാകുന്നതു് വളരെ പ്രയാസമാണെന്നു ഞങ്ങൾക്കറിയാം.....ഇതിനെപ്പറ്റി ധൈര്യം അവലംബിക്കുവാനായി നി വളരെ യത്നിച്ചു; ദൈവം നിന്നോടു പ്രീതനായിരിക്കുന്നു. ഞങ്ങളെക്കാൾ ക്രൂരതലായി, നിന്നെ ദൈവം സഹായിക്കും; ദൈവത്തിനു സർവ്വത്തിന്റെ മേലും ശക്തി ഉണ്ടല്ലൊ. ഇനി നീ എഴുത്തു നിറുത്തുക; നീ അധികം ക്ഷീണിച്ചിരിക്കുന്നു. ഞങ്ങൾക്കും താമസിക്കാൻ തരമില്ല. ഞങ്ങളുടെ സാന്നിദ്ധ്യം എപ്പോഴും നിനക്കുണ്ടെന്നും, ഈ

വിവരം ധൈര്യത്തോടും, ആശയോടുംകൂടി സഹിക്കുവാൻ നിന്നെ ദൈവം സഹായിക്കുമെന്നും, നീ ദൃഢവിശ്വാസം വിശ്വസിച്ചുകൊൾക.....വെർട്ടിഗ്, മണ്ടിറിസൻ അല്ല."

"വെർട്ടിഗ് എപ്പോഴും തന്റെ സന്ദേശത്തെ ഈ ഒടുവിലത്തെ വാക്കുകളിലാണ് അവസാനിപ്പിക്കാറു. ഒരിക്കൽ മാത്രം എന്നെ ആവേശിച്ച മണ്ടിറിസൻ ഒരു ദുരാത്മാവാണെന്നു ഇയാൾ പറഞ്ഞിട്ടുണ്ട്.

"ഇതിനടുത്ത ദിവസങ്ങളിലും ഇതേവിധത്തിലുള്ള സന്ദേശങ്ങൾ ലഭിക്കയുണ്ടായി. എന്റെ ചരമവൃത്താന്തത്തെ പ്രബലപ്പെടുത്തുന്ന പ്രവചനങ്ങളും, ഹൃദയാവജ്ജകങ്ങളായ ധർമ്മപ്രബോധനങ്ങളുമാണ് ഈയവസരങ്ങളിൽഉണ്ടായിട്ടുള്ളത്. മേയ് 11-ാംനു- അമ്ലാത്മശാസ്ത്രത്തിൽ നിപുണയായ എന്റെ സ്നേഹിത വന്നുചേർന്നു. ഈ ആത്മീയദൌത്യങ്ങളിൽ ഞാൻ സുദൃഢം വിശ്വസിച്ചിരിക്കുന്ന വിവരമറിഞ്ഞു അവർ അത്ഭുതപരവശയായി. ഇവയിൽ യാതൊരു ചരമാർത്ഥവുമില്ലെന്നായിരുന്നു അവരുടെ ബലമായ വാദം. അവർ സഭാഗൃഹത്തിൽ മടങ്ങിച്ചെന്നശേഷം, തന്റെ മിത്രാത്മാക്കളിൽനിന്നു അവർക്കു താഴെ പറയുന്ന സന്ദേശം ലഭിച്ചു.

"നിങ്ങളുടെ സ്നേഹിത (അതായതു ഞാൻ) വഞ്ചിതയായിപ്പോയിരിക്കുന്നുവെന്നു ഞങ്ങൾക്കു പൂർണ്ണവിശ്വാസമുണ്ട്. തന്റെ സ്വന്ത മാർഗ്ദർശികളുമാ

യല്ല അവർ സംഭാഷണം നടത്തുന്നത്. അവർ ഈ എഴുത്തു മതിയാക്കട്ടെ. ഇതിൽനിന്നും കുറച്ചു കാലം അവളുടെ മനസ്സിനെ തീരെ പിന്തിരിച്ചുകളയണമെന്നാണ് ഞങ്ങൾ അവളെ ബലമായി ഉപദേശിക്കുന്നത്. അധികം താമസിയാതെതന്നെ അവളുടെ മാർഗ്ഗം അവർക്കു തെളിഞ്ഞുകാണും. അപ്പോൾ ഇതിന്റെ കാരണമൊക്കെ അവർക്കു വെളിപ്പെടുകയുംചെയ്യും. അവളെപ്പറ്റി നിങ്ങൾ അശേഷം ഭയപ്പെടേണ്ടതില്ല. അവളെ പരിരക്ഷിക്കത്തക്ക ഉത്തമമാർഗ്ഗദർശികൾ അവർക്കുണ്ട്. അവർ തന്നത്താൻ അവർക്കു വെളിപ്പെടുന്നതിനു കാലമായിട്ടില്ല. എന്നാൽ ഇതു അതിന്നായുള്ള പ്രാരംഭസജ്ജീകരണമാണ്. മിക്കപ്പോഴും, വലുതായ ദുഃഖത്തിന്റെ സാന്നിദ്ധ്യത്തോടുകൂടിയാണ് അറിവുകൾ സമ്പാദിക്കപ്പെടുന്നതെന്ന വസ്തുത നിങ്ങൾ ഓർക്കണം. ആത്മീയകായ്ങ്ങളുടെ പാരമാർത്ഥ്യത്തെ ആരായുന്നവരെല്ലാം കുറേക്കാലത്തേയ്ക്കു ഇത്തരം ദുഃഖങ്ങളെ എതിരിടേണ്ടതാണെന്നു മാത്രമേ ഞങ്ങൾക്കു പറയാൻ കഴിയൂ. അവർക്കു ഒരിക്കലും ഉപദേശമോ, മുന്നറിയിപ്പോ ലഭിക്കാതിരിക്കയില്ലെന്നുകൂടി ഞങ്ങൾ പറഞ്ഞുകൊള്ളട്ടെ.....ആത്മാവായി ലഭിക്കുന്ന സന്ദേശങ്ങളിൽ സത്യവും അസത്യവും വിചിത്രമാംവണ്ണം കലർന്നുകിടക്കും. അപ്പോൾ ആവേശപാത്രത്തിന്റെ കൈ ശരിയായ നിയന്ത്രണത്തിൽ പെടുന്നില്ലെന്നതിനായല്ല, അയാൾക്കു ലഭി

ക്കുന്ന സന്ദേശങ്ങൾതന്നെ വിഭിന്ന മൂലസ്ഥാനങ്ങളിൽനിന്നു വരുന്നവയുമാണ്. നിങ്ങളുടെ സ്നേഹിത, അവൾക്കു കിട്ടിയിരിക്കുന്ന സന്ദേശങ്ങളിൽ അശേഷം വിശ്വസിക്കാതിരിക്കട്ടെ. അതുകൊണ്ട് അവാസ്തവങ്ങളാണെന്നു ഞങ്ങൾക്കു പൂർണ്ണബോദ്ധ്യമായിരിക്കുന്നു."

ഇതിനുശേഷവും ഈ സ്നേഹിതക്കു ഇപ്രകാരം കിട്ടിയ സന്ദേശങ്ങളിൽ ചിലതുകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"നിങ്ങളുടെ സ്നേഹിതയെ ഞങ്ങൾ സ്പഷ്ടമായി കാണുന്നുണ്ട്. അവളുടെ പരിസരങ്ങളിലുള്ള ഇതരവസ്തുക്കളെ അപേക്ഷിച്ച് എത്രയും വിശദമായിട്ടാണ് അവളെ ഞങ്ങൾ ദർശിക്കുന്നത്. എന്നാൽ അവൾ ലൗകികവ്യാപാരങ്ങളെ കൈവെടിയേണ്ടിവരുന്ന യാതൊരു ലക്ഷ്യങ്ങളും ഞങ്ങൾ കാണുന്നില്ല. അവളുടെ പരിസരങ്ങളിൽ കടന്നുകൂടാൻ ഞങ്ങൾക്കു കുറച്ചൊക്കെ സാധിക്കുന്നുണ്ട്. ഇതുമൂലം അവൾ പ്രാപിച്ചിരിക്കുന്നതായ ആത്മശക്തിയുടെ അളവു നിർണ്ണയിക്കാൻ ഞങ്ങൾക്കു കഴിയും. ഈ വിഷയത്തിൽ അവൾക്കു വലുതായ ശക്തിയുണ്ട്. ഇതിനെ ഇനിയും വർദ്ധിപ്പിക്കുന്നതു് അവൾക്കും, അന്യർക്കും സഹായകവും, ഉപകാരപ്രദവുമായിരിക്കും..... ഈ സംഗതിയിൽ സാവധാനമെങ്കിലും സുദൃഢമനസ്സോടെ ഉദ്യമിക്കുന്നതാണുത്തമം. ശാരീരികാരോഗ്യം വളരെ അധികം ഇല്ലാത്തവർ, അ

വരുടെ ആത്മശക്തിയെ നന്നെ കുറച്ച് മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. നിങ്ങളുടെ യഥാർത്ഥ മാർഗ്ഗദർശികളും, ആത്മീയ ഗുരുക്കന്മാരുമായി നേരിട്ട സംഭാഷണം കഴിക്കുന്നതിനുമുമ്പിൽ ഭൂലോകത്തുള്ള നിങ്ങൾ ഓരോരുത്തരും, ഈ ആത്മലോകത്തുള്ള ചിലരുമായി ആദ്യം ഒരു പ്രാരംഭസംഭാഷണം നടത്തേണ്ടതുണ്ടെന്നാണ് ഞങ്ങളുടെ അറിവു്. ആഗന്തുകന്മാരെന്ന അഭിധാനത്തിനു അർഹരും, ഈ ആദ്യസംഭാഷണത്തിനായി ആഗ്രഹരാകുന്നവരുമായ ആത്മാക്കളാൽ വഞ്ചിതരാകാതെ, അതിനപ്പുറത്തുള്ളതിനെ ആരായുന്നതിനു ആഗ്രഹിക്കുന്ന ആളുകളെ അനുഗ്രഹിതർ."

ഈ പ്രത്യേക ഔദ്യത്തിന്റെ കാരണം എന്തായിരിക്കുമെന്നു അവർ ചോദിച്ചതിനു അവരുടെ മിത്രങ്ങളായ ആത്മാക്കൾ ഇങ്ങനെ അറിയിച്ചു.

"ഇതിന്റെ കർത്താവിന്റെ പരമോദ്ദേശ്യം എന്താണെന്നറിവാൻ ഞങ്ങൾക്കു കഴിയുന്നില്ല. ചിലപ്പോൾ അതു ദുർവ്വിചാരമായിരിക്കും; ചിലപ്പോൾ ഇത്തരം സന്ദേശങ്ങളും കൊണ്ടുവരുന്ന ആത്മാക്കളുടെ തെറ്റിദ്ധാരണ ആവാം; പലപ്പോഴും, ജനങ്ങളെ കബളിപ്പിച്ചു്, ലജ്ജിതരാക്കാനുള്ള അവരുടെ ദുർമ്മോഹമായിരിക്കും. നിങ്ങളുടെ സ്നേഹിതയ്ക്കുള്ള ഈ ആത്മസംവാദശക്തിയെ കുറച്ചുകാലം വിനിയോഗിച്ചില്ലെന്നുവച്ചു അതു നശിച്ചുപോകയില്ല. വിസ്മയാവഹവും, ദുർഗ്രഹവുമായി തോന്നുന്ന

ഈ ദൌത്യത്തിനെ സംബന്ധിച്ച് ക്രൂതൽ അറിവും അവർക്കു പിന്നീടു ലഭിക്കും.....സർവ്വോപരി, താൻ മരിച്ചുപോകുമെന്ന വിചാരത്തെ അവർ നിശ്ശേഷം ത്യജിക്കട്ടെ."

1911 ജനുവരിയിൽ—അതായതു പ്രസ്തുത സന്ദേശപ്രവചനം കഴിഞ്ഞശേഷം—മിസ്സ് കർട്ടിസ് എഴുതിവച്ച വിവരങ്ങളെ തന്നെ നമുക്കു വീണ്ടും തുടരാം.

"എനിക്കു ലഭിച്ച ആ സന്ദേശം അവാസ്തവമായി പരിണമിച്ച ഈയവസരത്തിൽ, എന്റെ ഹൃദയത്തിൽ അതിനെ സംബന്ധിച്ചുണ്ടായിട്ടുള്ള ധാരണ മങ്ങിപ്പോകുന്നതിനു മുമ്പായി, അതിനെപ്പറ്റി ചിലതൊക്കെ ഇവിടെ രേഖപ്പെടുത്തുന്നതു കൊള്ളാമെന്നു കരുതുന്നു. മൂന്നു പകലും, മൂന്നു രാവും, എന്റെ അജ്ഞതയുടേയും, പരിചയവിഹീനതയുടേയും ഫലമായി, എന്റെ മരണത്തെപ്പറ്റിയുള്ള മുന്നറിയിപ്പാണ് എനിക്കു ലഭിച്ചിരിക്കുന്നതെന്നു ഞാൻ വിശ്വസിച്ചുപോയി. ദൌത്യശ്രവണമാത്രത്താൽ, ആദ്യമായുണ്ടായ ആഗസ്മികക്ഷോഭം ഉദ്വേഗജനകമായിരുന്നു. സന്ദേശപ്രബോധകമായ ആ ഭയങ്കരസംഭവം നടന്നേയ്ക്കാമെന്നു ഞാൻ വിചാരിച്ച ആദ്യരാത്രിയുടെ ഭയാനകത്വം അവർണ്ണനീയമത്രെ. ഇതിനുശേഷവും, എനിക്കു ദുഃഖാനുഭൂതി ഉണ്ടായിട്ടുണ്ടെങ്കിലും, എന്തെന്നില്ലാത്ത ഒരു അത്ഭുതശക്തി എന്നിൽ കടന്നുകൂടുകയും, എന്നിൽ

നിന്നു അന്യമായ ഏതൊ പ്രവർത്തനത്തിന്റെ ഫലമായി, ഞാൻ സാധാരണപോലെ എന്റെ പ്രവൃത്തികൾ അന്വേഷിക്കുന്നതിനും, കുട്ടികളുമായി കളിച്ചു വിനോദിക്കുന്നതിനുക്രൂടിയും, ശക്തയായിത്തീരുകയും ചെയ്തു. എന്നിൽ എന്തെങ്കിലും ഭാവഭേദമുണ്ടെന്നു എന്റെ ഗൃഹത്തിലുള്ളവരിൽ ആരുംതന്നെ മനസ്സിലാക്കിയില്ല. ഇക്കൊല്ലത്തിലെ ശേഷമുള്ള എട്ടു മാസവും ഞാൻ നിശ്ചലയായും, നിർവികാരയായും കഴിച്ചുകൂട്ടി. കുറച്ചു കഴിഞ്ഞപ്പോൾ ചുറ്റും നടക്കുന്ന സംഭവകാര്യങ്ങളിലും യഥേഷ്ടം പങ്കുകൊള്ളാൻ എനിക്കു കഴിഞ്ഞു. ആ ദുഃഖത്തെ പരിഭ്രമദശ കഴിഞ്ഞുകൂടിയപ്പോൾതന്നെ, എന്റെ മനസ്സു ശാന്തമാകയും, സന്ദേശസൂചകമായ മരണത്തെ 'കളിയാക്കാൻ'പോലും എനിക്കു സാധിക്കയും ചെയ്തു. ഞാൻ ഭയപ്പെട്ടിരുന്ന വഷ്ശാന്തമാസങ്ങൾ പരിശാന്തപരിപൂരിതമായിരുന്നുവെന്നു മാത്രമല്ല, അത്ഭുതകരമാംവണ്ണം എന്തൊ ഒരു ശക്തി എന്നെ കാത്തുരക്ഷിക്കുന്നുണ്ടെന്നു എനിക്കു തോന്നുകയും ചെയ്തു. ഇക്കാലമൊക്കെ എന്റെ ശയനമുറിയിൽ ഞാൻ തനിച്ചാണ് ഉറങ്ങിയതു്. പതിവുപോലെ തന്നെ യാതൊരു ദുസ്സ്വപ്നങ്ങളും എന്നെ പീഡിപ്പിച്ചില്ല.

"വഷ്ശാന്ത്യഘട്ടത്തിൽ കൗതുകാവഹമായ ഒരു സംഭവം ഉണ്ടായി. ഞങ്ങളുടെ വൃദ്ധയായ ഒരു പരിചാരിക, ഞാൻ ദീനത്തിൽ കിടക്കുന്നതായി ഒരു

അമംഗളസ്പന്ദംകണ്ടു. ഇതു പക്ഷേ എന്റെ മന സ്സിൽനിന്നുള്ള ആശയസംക്രമണഫലമായിരിക്കാം."

ഈ സംഭവത്തെക്കുറിച്ചുള്ള വിമർശനത്തിനും നമുക്കു ആർതർ ഹില്ലിനെത്തന്നെ ആശ്രയിക്കാം. അദ്ദേഹം പറയുന്നതാവിതു്:—"ഈ കഥയുടെ നായിക ഇന്നും സസുഖം ശേഷിച്ചിരിക്കുന്നുവെന്നു പറയുവാൻ എനിക്കു പ്രത്യേക സന്തോഷമുണ്ടു്. ഇതിനുശേഷവും ചിലയവസരങ്ങളിൽ ഇവർ സ്വയംപ്രേരിതലേഖനാനുഭവത്തെ പരീക്ഷിച്ചു നോക്കിയിരുന്നു അപ്പോഴൊക്കെ, അന്തരിച്ചുപോയ അവരുടെ ചില ബന്ധുക്കളുടെ ആത്മാക്കളെന്നായിരുന്നു, തന്റെ എഴുത്തിനു പ്രേരകമായ ശക്തി അവരെ അറിയിച്ചിരുന്നതു്. എന്നാൽ ലക്ഷ്യപ്രമായ യാതൊരു രേഖകളും അവയിൽനിന്നു സിദ്ധിച്ചില്ല. ഒരവസരത്തിൽ വെറും അബദ്ധം എഴുതുകയും ചെയ്തു. ഇതിനുശേഷം മിസ്സ് കർട്ടിസ് തന്റെ ഇത്തരം പ്രേതലോകപര്യടനത്തിൽനിന്നു ബുദ്ധിപൂർവം വിരമിച്ചു.

"ഈ മാതിരി, അനുഭവങ്ങൾക്കു "സമാധാന"മായി രണ്ടു പ്രധാന സംഗതികളാണുള്ളതു്. വായനക്കാർ അവരുടെ ഇഷ്ടാനുസരണം ഏതെങ്കിലും സ്വീകരിച്ചുകൊള്ളട്ടെ. (i) ആത്മാക്കൾതന്നെയാണു് യഥാർത്ഥത്തിൽ ഈ സന്ദേശം അറിയിച്ചുകൊടുക്കുന്നതു്; എന്നാൽ അവക്കു തെറ്റിപ്പോയതോ, അവർ മനഃപൂർവം വഞ്ചനയ്ക്കു ഒരുങ്ങിയതോ ആയിരിക്കണം.

(ii) ഈ അനുഭവം മുഴുവനും തന്നെ, ഏറക്കുറെ നാം എല്ലാം നമ്മുടെ സ്വപ്നത്തിൽ കെട്ടി ഉയർത്തുന്ന് അടിസ്ഥാനരഹിതമായ ആകാശക്കോട്ടയ്ക്കു സദൃശമായ, എഴുത്തുകാരന്റെ അഥവാ എഴുത്തുകാരിയുടെ മനസ്സിന്റെ ബോധാതീതമായ സ്വൈരസങ്കല്പീകരണം മാത്രമാണ്. എന്നെ സംബന്ധിച്ചടത്തോളം ഇതിൽ രണ്ടാമത്തെ സിദ്ധാന്തത്തെയാണ്, താല്പര്യാലികമായിട്ടെങ്കിലും, ഞാൻ സ്വീകരിക്കുന്നതു്."

ഇതിനെക്കാൾ കൗതുകാവഹവും, രസകരവുമായ മറ്റൊരു കപടപ്രബോധനത്തിന്റെ വിവരംക്കൂടി ഇവിടെ കുറിച്ചുകൊള്ളട്ടെ. മെക്സിക്കോയിലുള്ള ഒരു തൊഴിലാളിയോടു, തന്റെ ഗൃഹവും, ജോലിയുമൊക്കെ ഉപേക്ഷിച്ചിട്ടു എവിടെയെങ്കിലും ഉടനെ പോയി രക്ഷപ്പെട്ടുകൊള്ളണമെന്നും, ദുരാചാരം മുഴുത്തുപോയതിനാൽ, ആ നഗരം ഭൂകമ്പത്താൽ നശിയ്ക്കുവാൻ പോകുന്നുവെന്നും, ന്യൂയാക്കിൽ പോയാൽ തനിക്കു ഒരു പത്രകാര്യാലയത്തിൽ പണി കിട്ടുമെന്നും, ഒരിക്കൽ "ആത്മാക്കൾ" ഉപദേശിച്ചു. ഇതിനു മുമ്പു ഏറക്കുറെ വിശ്വാസയോഗ്യമായ ചില സന്ദേശങ്ങൾ ഇവറിൽനിന്നു ഇയാൾക്കു കിട്ടുകയും, ഇയാളുടെ ഒരു ബന്ധുവിന്റെ രോഗം കണ്ടുപിടിച്ചു ഒരിക്കൽ ശരിയായ ഔഷധം ഉപദേശിച്ചു കൊടുക്കയും ചെയ്തിരുന്നതിനാൽ, ഇപ്പോൾ കിട്ടിയിരിക്കുന്നതായ ഈ മുന്നറി

8642

യിപ്പിലും വാസ്തവമുണ്ടായിരിക്കുമെന്നു കരുതി, ആ സാധുമെക്സിക്കോയിലുള്ള തന്റെ വസ്തുവകകളെല്ലാം വിറ്റു ഭാര്യാപുത്രസമേതം ന്യൂയാക്കിലേക്കു തിരിച്ചു. അവിടെ എത്തി ഏതാനും ദിവസം കഴിഞ്ഞപ്പോൾ, പ്രസ്തുത "ആത്മാക്കൾ" വീണ്ടും അവനെ സമീപിച്ചു, ഭൗതികവിഷയങ്ങളുമായി തങ്ങൾക്കു യാതൊരു കായ്വുമില്ലെന്നു മനസ്സിലാക്കാനായി അവനെ മനഃപൂർവം കബളിപ്പിച്ചതാണെന്നും അറിയിച്ചു! എന്നാൽ മറ്റൊരുവിധത്തിൽ ഈ ആത്മാക്കൾ ഇവനെ വളരെ സഹായിച്ചിട്ടുമുണ്ട്. ഇവറ്റയുടെ ഉപദേശത്താൽ ഇവൻ പുകവലി, കുടി എന്നീ ദുശ്ശീലങ്ങളിൽ നിന്നെല്ലാം ഒഴിയുകയും, പള്ളിയിൽ പോക്കു തുടങ്ങുകയും ചെയ്തുവത്രെ. ഇതിനുംപുറമെ, തന്റെ ചെറുകഥാരചനയ്ക്കു ആവശ്യമായ വസ്തു ഇവന്നു തന്റെ ഈ "ആത്മാക്കളാ"ണുചോലും നൽകി വന്നിരുന്നതു്!

അദ്ധ്യായം ൪.

ആത്മാക്കളുടെ പ്രത്യക്ഷാഗമനം.

ഭ്രാന്തുകളുടേയൊ, ആത്മാക്കളുടേയൊ പ്രത്യക്ഷാഗമനത്തെപ്പറ്റി, ആത്മശാസ്ത്രതത്വാന്വേഷികളുടെ അനവദ്യാനഗ്രന്ഥങ്ങളിൽ ധാരാളം വിവരിച്ചുകാണുന്നുണ്ടു്. ഇവയിൽ ചിലതു് പരമനസ്സംക്ഷു

മണം, അനേത്രദർശനം മുതലായ വിശേഷശക്ത കളുടെ സഹായത്താൽ, ചിലർക്കുണ്ടായേക്കാവുന്ന അനുഭവങ്ങൾ മാത്രമാണെന്നാണ് ചില പണ്ഡിതന്മാർ സമാധാനിക്കുന്നത്. എന്നാൽ ചിലത് ആത്മാവിന്റെ മരണാനന്തര സത്തയെ വെളിപ്പെടുത്തുകയാണോ എന്നു തോന്നുമാറു, അത്ര കൌതുകാവഹമായിരിക്കുന്നു. ഒരു ഇനത്തിൽപ്പെട്ട ചിലതിനെ മാത്രം ചുവടെ വിവരിക്കാം.

ആസ്ത്രേലിയായിൽ താമസിച്ചിരുന്ന മിസ്റ്റർ വാക്കർ അൻഡെർസൻ എന്നയാൾ, ഒരിക്കൽ ഏതാണ്ടു അർദ്ധരാത്രിസമയത്ത് ഉണർന്നു നോക്കിയപ്പോൾ അയാളുടെ അമ്മാവിയുടെ രൂപം കട്ടിലിന്റെ സമീപത്തു നില്ക്കുന്നതു കണ്ടു. അവൾ അപ്പോൾ ധരിച്ചിരുന്നത്, അവൾ സാധാരണ ധരിച്ചുള്ളയാൾ കണ്ടിട്ടുള്ള കറുത്ത വസ്ത്രമായിരുന്നു. എന്നാൽ മൂന്നു വർഷത്തിനുമുമ്പു, ഇയാൾ കണ്ടതിൽ നിന്നു അവൾക്കു വാർദ്ധക്യവും, സ്ഥൂല്യവും വർദ്ധിച്ചിരുന്നു. അവൾ സംസാരിക്കുവാൻ ഭാവിക്കുന്നതുപോലെയും, "ഗുഡ്ബൈ" (വന്ദനം) എന്ന പദങ്ങൾ അവളുടെ അധരങ്ങളിൽക്കൂടി പുറത്തു വന്നതുപോലെയും അയാൾക്കു തോന്നി. അനന്തരം ആ ആകൃതി അല്പാല്പമായി അന്തർദ്ധാനം ചെയ്തു; അവസാനം അശേഷം അദൃശ്യമായി ഭവിച്ചു. താൻ അയവിറക്കുന്നതിൽ നല്ല ജാഗ്രദവസ്ഥയിലായിരുന്നുവെന്നു അയാൾക്കു പൂർണ്ണ ബോധമുണ്ട്. ഒരു സ്ത്രീക്കു

യാതൊരു സുഖക്കേടും പിടിപെട്ടതായി അയാൾക്കു വിവരമില്ലാതിരുന്നതിനാൽ ഒരു വിധത്തിലും ആപൽശങ്കക്കു ഹേതുവുണ്ടായിരുന്നില്ല. തന്റെ അമ്മാവി തീച്ചയായും മരണപ്പെട്ടിരിക്കുമെന്നു അയാൾ പിറന്നു കാലത്തു ഭാര്യയോടു പറഞ്ഞു. ഒടുവിൽ, ഈ സംഭവത്തിന്റെ യാഥാർത്ഥ്യത്തെപ്പറ്റി അവൾക്കു കത്തുമൂലം അറിവു കിട്ടുകയും ചെയ്തു. മരണശേഷം ഏതാണ്ടു രണ്ടുമണിക്കൂർ കഴിഞ്ഞിട്ടാണ് പ്രസ്തുതപത്രം അൻഡർസന്നു പ്രത്യക്ഷമായതു്.

മറെറാരു സംഭവം:—

റെവറണ്ട് മാത്യു ഫ്രാസ്റ്റ് എന്ന മാന്യൻ, എഡിസക്സിലുള്ള തന്റെ വസതിയിൽ ഭാര്യയുമൊന്നിച്ചു ചായയും കഴിച്ചു, സല്ലപിച്ചുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്നു ജന്നലിൽ ഒരു മുട്ടൽ കേട്ടു; തിരിഞ്ഞു നോക്കിയപ്പോൾ അയാളുടെ അമ്മുമ്മ അവിടെ നില്ക്കുന്നതുകണ്ടു. ജന്നലിൽ മുട്ടിയ ആ കൈ അവർ ഉയത്തിത്തന്നെ പിടിച്ചിരിക്കുന്നു. തന്നേയും ഭാര്യയേയും വിസ്മയിപ്പിക്കുവാനായി മുന്നറിയിപ്പൊന്നും കൂടാതെ പെട്ടെന്നു അമ്മുമ്മ കടന്നുവന്നതായിരിക്കാമെന്നാണ് അദ്ദേഹം ആദ്യം കരുതിയതു്. ആ വൃദ്ധ അപ്പോൾ താമസിച്ചിരുന്നതു് അവിടെനിന്നും 200 മൈൽ അകലെയുള്ള യാർക്ക്ഷയറിലായിരുന്നു. എന്നാൽ അവർ നല്ല ആരോഗ്യവും പ്രസരിപ്പുമുള്ളവളായിരുന്നതിനാൽ, ഈ യാത്ര അവർക്കു വലിയ കായ്മയായി തോന്നാനിടയില്ലെന്നു തന്നെയല്ല,

നേരംപോക്കിൽ അവർക്കു കൂട്ടുതൽ പ്രതിപത്തി യുണ്ടായിരുന്നു. അതിനാൽ തന്റെ അമ്മുമ്മയുടെ ഒരു വിനോദമായ വരവായിരിക്കാം ഇതു എന്നുതന്നയാണ് മാതൃ ഫ്രാസ്റ്റ് തീച്ചപ്പെടുത്തിയതു്. അദ്ദേഹം ഉടനെ വീട്ടിനു വെളിയ്ക്കിറങ്ങി നോക്കിയതിൽ ആരേയും കാണ്മാനില്ല. ഈ സംഭവം ഉണ്ടായതു് ഒരു ഏപ്രിൽ മാസത്തെ സായാഹ്നത്തിൽ ഏതാണ്ടു 5 മണി സമയത്താണു്. സൂര്യപ്രകാശം ധാരാളം ഉണ്ടായിരുന്നു. മിസ്സിസ്സ് ഫ്രാസ്റ്റ് ഈ കാഴ്ച കണ്ടില്ല.

ഈ വൃദ്ധ അതേദിവസംതന്നെ നാലരമണി സമയത്തു യാക്ഷയറിൽവച്ചു മരിച്ച വിവരം ഒടുവിൽ അവർക്കു കിട്ടി. ഫ്രാസ്റ്റും ഭാര്യയും ഇവളെപ്പറ്റി ആയവസരത്തിൽ സംസാരിച്ചിരുന്നില്ലെന്നു തന്നയല്ല, ഇവർക്കു സുഖക്കേടാണെന്നുള്ള വിവരംപോലും അവർക്കില്ലായിരുന്നു. അതിനാൽ ഈ ചരമത്തെ അവർ അശേഷം പ്രതീക്ഷിച്ചിരുന്നില്ല. മിസ്റ്റർ ഫ്രാസ്റ്റിനു ഈദൃശാനുഭവം ഇതേപ്രഥമമായിരുന്നു. എന്നുതന്നയല്ല, ഇത്തരം സംഗതികളിൽ അയാൾക്കു അശേഷം വിശ്വാസവും ഉണ്ടായിരുന്നില്ല. അഞ്ചു നിമിഷം മുമ്പാണ് ഇത്തരം ഒരു അനുഭവത്തെപ്പറ്റി തന്നോടു ആരെങ്കിലും പറഞ്ഞിരുന്നതെങ്കിൽ, അയാൾ അതിനെ തീരെ പുച്ഛിച്ചു കളയുമായിരുന്നു. രണ്ടു കൊല്ലക്കാലം അയാളും ഭാര്യയും ഈ അമ്മുമ്മയെപ്പറ്റി യാതൊന്നും അറിഞ്ഞിരുന്നില്ല. ഫ്രാസ്റ്റും വൃദ്ധയുമായി സംസാരിച്ചു പിരിഞ്ഞ അവസാ

നസന്ദർഭത്തിൽ, തനിക്കു സൂചകേടാകുമ്പോൾ ചെല്ലാൻ കഴിഞ്ഞില്ലെങ്കിൽ തന്റെ ശവസംസ്കാരത്തിനെങ്കിലും ചെന്നെത്തണമെന്നു കിഴവി ഫ്രാസ്റ്റിനോടു അപേക്ഷിച്ചിരുന്നു. ഇതിനു, നേരംപോക്കായിട്ടു, ഫ്രാസ്റ്റു ഇങ്ങനെയാണു മറുപടി പറഞ്ഞതു:— "ജനങ്ങൾ മരിച്ചാൽ ആ വിവരം സ്നേഹിതന്മാരെ അറിയിക്കാൻ അവക്കു കഴിയുമെന്നു ചിലർ പറയുന്നുണ്ടു്. നിങ്ങൾ മരിക്കയും, സുഖമായിരിക്കയും ചെയ്യുന്നപക്ഷം, ആ വിവരം എന്നെ അറിയിക്കുമോ?" കഴിയുമെങ്കിൽ അങ്ങനെ ചെയ്യാമെന്നു കിഴവിയും വാഗ്ദാനം ചെയ്തിരുന്നു.

കൌതുകാവഹമായ മറ്റൊരുദാഹരണംകൂടി കാണുക:

കാപ്റ്റൻ കോൾട്ട് ഒരു രാത്രിയിൽ പെട്ടെന്നു ഞെട്ടി ഉണർന്നു; നോക്കിയപ്പോൾ ഒരു ധൂമപടലത്തിന്റെ മദ്ധ്യേ, തന്റെ സഹോദരൻ (ഇയാൾ അപ്പോൾ ക്രിമിയായിലായിരുന്നു) മുട്ടുകുത്തി നില്ക്കുന്നതായികണ്ടു. എത്രയും അപ്രതീക്ഷിതമായ ഈ കാഴ്ച കണ്ടിട്ടും അയാൾ അശേഷം കുലുങ്ങിയില്ല. ഭ്രമപിശാചാടികളിൽ ഒന്നിലും അയാൾക്കു ബാല്യംമുതല്ക്കേ വിശ്വാസമില്ലായിരുന്നു. അതിനാൽ ആ അസാധാരണ ദൃശ്യത്താൽ അശേഷം ചഞ്ചലഹൃദയനാകാതെ, മനസ്സിന്റെ എന്തോ വിഭ്രമമായിരിക്കാമെന്നു മാത്രം അയാൾ സമാധാനപ്പെട്ടു. വല്ല സാധനത്തിലും ചുണ്ടികുത്തി പ്രകാശിക്കുന്നതായി

രിക്കാമെന്നും അയാൾ അനുമാനിച്ചു. പക്ഷേ ചന്ദ്രൻ ആയവസരത്തിൽ കാണപ്പെട്ടിരുന്നില്ല. എന്നുതന്നയല്ല മഴയും പൊരിഞ്ഞുകൊണ്ടിരുന്നു. ആ രൂപം അവിടത്തന്നെ കാണപ്പെട്ടു; നിസ്സംശയമായും തന്റെ സഹോദരന്റെ രൂപംതന്നെയെന്നു അയാൾക്കു തോന്നി. അയാൾ കിടക്കയിൽനിന്നെണീറ്റു സധൈര്യം അതിന്റെ നേർക്കു നടന്നു. അതിന്റെ അടുത്തെത്തി; അതിൽക്രൂടി അയാൾ അപ്പുറം കടന്നു. തിരിഞ്ഞുനോക്കിയപ്പോൾ, അത്ഭുതം! ആ രൂപം പഴയപടി അയാളെ, ഉൽക്കണ്ഠയും സ്നേഹവും വഴിയുന്ന ദൃഷ്ടികളാൽ നോക്കിക്കൊണ്ടിരിക്കുന്നതായിത്തന്നെ പിന്നേയും അയാൾ കണ്ടു. ആ രൂപത്തിന്റെ നെറ്റിയുടെ വലതുഭാഗത്തു ഒരു മുറിവുണ്ടായിരുന്നതും, അതിലൂടെ രക്തം ഒലിച്ചു കൊണ്ടിരുന്നതും അയാൾക്കു നല്ലവണ്ണം കാണാമായിരുന്നു. ഇതുംകൂടി കണ്ടപ്പോഴെയ്ക്കു അയാൾ അന്ധാളിച്ചുപോയി. ഉടനെതന്നെ അയാൾ ആ മുറിയിൽനിന്നു പുറത്തു പോകയും, നിശാശേഷത്തെ മറ്റൊരു മുറിയിൽ കഴിച്ചുകൂട്ടുകയും ചെയ്തു.

അധികം താമസിയാതെ ക്രിമിയൻ യുദ്ധരംഗത്തുനിന്നു തന്റെ സഹോദരന്റെ മരണവൃത്താന്തം അയാൾക്കു കിട്ടി. റെഡാൻ എന്ന സ്ഥലം ആക്രമിച്ചുകൊണ്ടിരിക്കവേ, കാപ്റ്റൻകോട്ടിന്റെ സഹോദരൻ കൊല്ലപ്പെട്ടുപോയി എന്നും, മാറുള്ള മൃതശരീരങ്ങളുടെ ഇടയിൽ ഇയാളുടെ ശരീരം മുട്ടുകുത്തി

യിരിക്കുന്ന സ്ഥിതിയിൽ കാണപ്പെട്ടുവെന്നും, സെ
റിയുടെ വലതുഭാഗത്തു ഒരു വെടിയുണ്ട തറച്ചിരു
ന്നുവെന്നുമായിരുന്നു അയാളറിഞ്ഞതു്.

ആത്മാക്കളുടെ പ്രത്യക്ഷദർശനങ്ങളെ സംബ
ന്ധിച്ചു ഇതിൽ കൂടുതൽ ഉദാഹരണങ്ങളും വേണമെ
ന്നു തോന്നുന്നില്ല. ഇനി ഇവയെപ്പറ്റിയും, പൊ
തുവെ ആത്മവാദത്തെക്കുറിച്ചും, ഒരു പ്രസിദ്ധ തത്വാ
ന്വേഷിയും, സരസവിമർശകനുമായ നമ്മുടെ ആർ
തർഹിൽ പറയുന്നതെന്താണെന്നു ശ്രവിക്കുകതന്നെ.

"ഇത്തരം അനുഭവങ്ങളും-അവയുടെ സംഭാവ്യ
ത തീരെ സംശയരഹിതമായി തോന്നിയാൽ തന്നേ
യും-ആത്മാവിന്റെ പ്രവർത്തനങ്ങളുടെ തെളിവാ
യി ഗണിക്കാൻ നിവൃത്തിയില്ല. ഇതുകളെപ്പറ്റി
വേറെ പല സങ്കല്പങ്ങൾക്കും അവകാശമുണ്ട്. വാ
ക്കർ അൻഡർസന്റെ അമ്മാവിയുടെ ആഗമനം, ജീ
വിച്ചിരിപ്പുള്ള ഏതെങ്കിലും ബന്ധുവിന്റെ മനസ്സിൽ
നിന്നും, അയാളുടെ ബോധത്തോട്ടക്രൂടിയോ അല്ലാത
യോ, പുറപ്പെട്ട വിചാരത്തിന്റെ ഫലമായിട്ടുണ്ടാ
യതാണെന്നു വരാം. ദൃഢമായ മനശ്ശക്തിയുടെ പ്ര
യോഗംകൊണ്ടു, ഒരാൾക്കു ഒരു നിർദ്ദിഷ്ടരൂപത്തെ,
മറെറാരാൾക്കു കാണിച്ചുകൊടുക്കാനും, വേറെ വിധ
ത്തിൽ ഇത്തരം മനോരഥസൃഷ്ടികളെ ഉൽപാദിപ്പി
ക്കാനും കഴിഞ്ഞിട്ടുണ്ട്. മിസ്റ്റർ. എസ്സ്. എച്ച്.
ബി. എന്നയാൾ, തന്റെ മായാരൂപത്തെ, മൂന്നു
നാഴിക അകലേയുള്ള ഒരു മുറിക്കകത്തു-തന്റെ ഇരു

സംഭവത്തെപ്പറ്റി യാതൊരറിവും ഇല്ലാതെ—ഇരുന്നിരുന്ന ഒരാൾക്കു കാണിച്ചുകൊടുത്തതായി മയഴ്സ് പ്രസ്താവിക്കുന്നു. മനസ്സിന്റെ ബോധപരമായ ഭാഗത്തിനു ഇത്തരം പ്രവൃത്തികളെ—അറിഞ്ഞുകൊണ്ടതെന്ന—നടത്താൻ കഴിയുന്ന സ്ഥിതിയുള്ള, അതിന്റെ ബോധാതീതമായ ഭാഗത്തിനും ഇങ്ങനെ ചെയ്യാൻ പക്ഷേ കഴിഞ്ഞുവെന്നുവരാം. ഈ അഭിപ്രായം തീരെ അസംബന്ധമെന്നോ ഈ മാതിരിയുള്ള അനുഭവം തീരെ അസംഭാവ്യമെന്നോ ചെട്ടെന്നു വിധിച്ചു കളയണ്ടാ. ആത്മീയമായ മിക്ക സംഭവങ്ങളിലും, മനസ്സിന്റെ ബോധാതീതമായ ഭാഗമാണ് പ്രവർത്തിക്കുന്നതെന്നു വിശ്വസിക്കുവാൻ ധാരാളം ന്യായമുണ്ട്. എന്തെന്നാൽ ആരെങ്കിലും, നിദ്രയിലോ, ബോധരഹിതമായ മറ്റവസ്ഥകളിലോ ആയിരിക്കുമ്പോഴാണ് അവരുടെ ഇത്തരം മായാരൂപങ്ങളെ അധികമായി അന്യർ കണ്ടിട്ടുള്ളതു്. ഇതു ബോധാതീതമായ മനസ്സിന്റെ പ്രവർത്തനമാണെന്നു ഊഹിക്കുവാൻ ധാരാളം മതിയാവുന്നില്ലേ? അതിനാൽ മരിച്ച ഒരാളുടെ മായാരൂപം, അയാളുടെ ആത്മാവിന്റേതാവണമെന്നു നിർബന്ധമില്ല. ജീവിച്ചിരിപ്പുള്ള ആരുടെയെങ്കിലും മനോവ്യാപാരത്തിന്റെ ഫലമായും വരാം.

"ഈ കാരണം തന്നെ, മിസ്റ്റർ ഫ്രാസ്റ്റിന്റേയും കേപ്ടൻ കോൾട്ടിന്റേയും അനുഭവങ്ങളെ സംബന്ധിച്ചും പറയാം. എന്നാൽ ഈ ഉദാഹരണങ്ങളി

ൽ, അനുഭവസ്ഥന്മാക്കും അവർക്ക് പ്രത്യക്ഷമാ
യ ആളുകൾക്കും തമ്മിലുള്ള പൂർവ്വപരിചയവും ബന്ധ
വുമാണ് ഈ ദർശനങ്ങൾ ആത്മാക്കളുടേതാണെന്നു
വിചാരിക്കാൻ പ്രേരകമായിരിക്കുന്നത്. എന്നാൽ
ഇവിടേയും ഈ അനുഭവങ്ങൾ ആത്മാക്കളുടെ പ്രത്യ
ക്ഷാഗമനത്തിനുള്ള തെളിവായി സ്വീകരിക്കാൻ നി
വൃത്തിയില്ല. എന്തെന്നാൽ, ഇവർ മരിക്കുന്നതിനു മു
മ്പു, ഇവരുടെ മനസ്സിൽ നിന്നു നിർഗ്ഗമിച്ച ആശയ
ത്തിന്റെ അനിന്ദ്യസംക്രമണം കൊണ്ടുണ്ടായതാവാ
നും ഇടയുണ്ട്. ഈ വിചാരം ഇവരുടെ ഉള്ളിൽ
നിന്നു പുറപ്പെട്ട ഉടൻതന്നെ ആ വീക്ഷകന്മാർക്ക അ
നുഭവമാകാതെ പോയതു്, പക്ഷെ ദൂരം മൂലമൊ,
അതൊ ഈ സന്ദേശത്തെ സ്വീകരിക്കുത്തക്ക മന:
സ്ഥിതി അവർക്ക അപ്പോൾ ഇല്ലാതിരുന്നതു കൊണ്ടൊ
ആകാമല്ലോ. ഇതിനും പുറമെ യാദൃച്ഛിക സംഭാവ്യ
തയ്ക്കും മാർഗ്ഗമുണ്ട്. പലരും മതിഭ്രമത്താൽ പല
കാഴ്ചകളും കണ്ടേയ്ക്കാം. പക്ഷെ, മേലുദ്ധരിച്ച മാതിരി
അത്രസുസ്പഷ്ടവും, സുവ്യക്തവും ആയിരിക്കയില്ലെ
ന്നേയുള്ള. എന്നാൽ കാപ്റ്റൻ കോൾട്ടിനുണ്ടായ
തു പോലെയുള്ള ദർശനം, അത്രവളരെ പ്രകടവും, വാ
സ്തവികവുമായിരിക്കുമ്പോഴും, ദർശകൻ സാധാരണ മതി
ഭ്രമത്തിനു പാത്രമാവാത്ത അരോഗമനസ്കനായിരിക്കു
മ്പോഴും, ഇത്തരംഅനുഭവങ്ങൾ കേവലം യാദൃശ്ചികമെ
ന്നു തള്ളിക്കളയുന്നതും, ശാസ്ത്രദൃഷ്ട്യാ സാധുവല്ല. ഇ
തിൽ എന്തോ കാര്യകാരണബന്ധം ഉള്ളതുപോലെ

തോന്നുന്നെങ്കിലും, അനുമാനശക്തിക്കു കടന്നു ചെല്ലുവാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. മരിച്ചു ഒരുവൻ അവന്റെ സ്വന്ത പ്രതിച്ഛായ ഉണ്ടാക്കുന്നതെങ്ങനെയെന്നാണ് നമുക്കു മനസ്സിലാകാത്തതു്. ഇതു മിസ്റ്റർ എസ്സ്. എച്ച്. ബി. സാധിച്ചതായി പറയുന്നെങ്കിലും, ജീവിച്ചിരിക്കുന്ന ഒരാൾതന്നേയും അവന്റെ പ്രതിരൂപം നിർമ്മിക്കുന്നതെങ്ങനെയെന്നു ശരിയായി മനസ്സിലാക്കാൻ നമുക്കു കഴിയാതെവരുന്നു. എന്നാൽ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നകാരണത്താൽ, ഒരു സംഭവത്തിന്റെ യാഥാർത്ഥ്യത്തെയോ, രണ്ടു പരമാർത്ഥങ്ങൾക്കുള്ള പാരസ്പരബന്ധത്തെയോ അപലപിക്കുന്നതും ശരിയല്ല. നമുക്കു ഭാവിയിൽ മനസ്സിലായി എന്നും വന്നേയ്ക്കാം."

അദ്ധ്യായം ന്യ.

പരമനസ്സംക്രമണവും അനേത്രദർശനവും.

ആത്മവാദത്തെ പ്രത്യക്ഷത്തിൽ സംബന്ധിക്കുന്നതല്ലെങ്കിലും, പലതുകൊണ്ടും ഒരു ആത്മവാദി അറിഞ്ഞിരിക്കേണ്ട രണ്ടു കൗതുകകരങ്ങളായ പ്രതിഭാസങ്ങളാണ് പരമനസ്സംക്രമണവും അനേത്രദർശനവും. ഒരാളുടെ ഉള്ളിൽ തോന്നുന്ന ആശയം, അഥവാ വിചാരം ബാഹ്യേന്ദ്രിയസഹായം കൂടാതെ മറൊരാളുടെ മനസ്സിൽ കടക്കുന്നതിനെ, അല്ലെങ്കിൽ സംക്രമിക്കുന്നതിനെയാണ് പരമനസ്സംക്രമണം

(telepathy) എന്നു പറയുന്നതു്. ഒരു സ്ഥലത്തിരുന്നുകൊണ്ടു വിദൂരമായ മറെറാരിടത്തുള്ളതിനെ സാധാരണ നേത്രപ്രഭാവമല്ലാതെ കണ്ടറിവാൻ ചിലർക്കുള്ള പ്രത്യേക ശക്തിയാണു് അനേത്രദർശനം (clairvoyance). മിക്കവാറും ഈ രണ്ടു ശക്തികളും ഒന്നിച്ചു പ്രവർത്തിക്കുന്നതുകാണാം. അനേത്രദർശന ശക്തിയുള്ളവർ വളരെ കുറവാണെങ്കിലും, പരമനസ്സംക്രമണം പ്രായേണ പലരിലും കാണുന്ന ഒരു ഗുണമാണെന്നല്പം ആലോചിച്ചാൽ അറിയാറാകും. ചില അവസരങ്ങളിൽ ഊഹിക്കുമായ യാതൊരു കാരണവും കൂടാതെതന്നെ നാം നമ്മുടെ ചില സ്നേഹിതന്മാരെക്കുറിച്ചു പെട്ടെന്നു വിചാരിക്കയും, അധികസമയം കഴിയുന്നതിനുമുമ്പു അവർ നമ്മുടെ മുമ്പിൽ പ്രത്യക്ഷരാകയും ചെയ്യുന്ന അനുഭവം നമ്മിൽ പലർക്കും ഉണ്ടായിട്ടുണ്ടല്ലോ. ആഗതനായ ആളിനെപ്പറ്റിയുള്ള വിചാരം തല്ക്കാലം നമ്മുടെ ഉള്ളിൽ ഉദിക്കുവാൻ യാതൊരു പ്രത്യേക കാരണവുമില്ലാതെ വരുമ്പോൾ, അതു നമുക്കുള്ള പരമനസ്സംക്രമണശക്തിമൂലമാണുണ്ടാവുന്നതു്. വെള്ളത്തിൽ ഒരു കല്ലു വീഴുമ്പോൾ തിരമാലകൾ ഉണ്ടായി നാലുപാടും പായുന്നതുപോലെയോ ഒരു ശബ്ദം പുറപ്പെടുമ്പോൾ അന്തരിക്ഷത്തിൽ ചലനമുണ്ടായി ആ ചലനം വായുവിൽക്കൂടി പരക്കെ വ്യാപിക്കുന്നതുപോലെയോ ഒരു മനസ്സിൽ ഉറപ്പിച്ചുകഴിയുന്ന വിചാരത്തിന്റെ വീചികൾ ആകാശീയലോകത്തു (etherial world) ചു

റിസഞ്ചരിക്കുമെന്നും, അതുകൾ ഓരോ വ്യക്തിയുടേയും ബോധേന്ദ്രിയത്തിന്റെ വിഷയമായി ഭവിക്കുമെന്നുമാണ് ആധുനികമതശാസ്ത്രജ്ഞന്മാരിൽ ചിലർ പറയുന്നത്. ഓരോ വിചാരത്തിന്റെയും അലകൾ ആകാശത്തു പരക്കുന്നുണ്ടെങ്കിലും, തദ്വസ്തുപമായ ചിന്തയിലും ഏകാഗ്രതയിലും മുഴുകിയിരിയ്ക്കുന്നവരുടെ ബോധത്തിനു മാത്രമേ അവയെ സ്വീകരിക്കാൻ കഴിയുന്നുള്ളുവെന്നും, ബാക്കിയുള്ളവരിലും ആ വിചാരവീചികൾ ചെന്നെത്തുന്നുവെങ്കിലും, അന്യചിന്തയിൽ മുഴുകിയിരിക്കുന്നവർ അവരുടെ അടുക്കൽ നടക്കുന്ന സംഭവങ്ങളെ കാണുകയും കേൾക്കുകയും ചെയ്യാതിരിക്കുന്നതുപോലെ, അതുകൾ അവരുടെ അറിവിൽ പെടാതെ പൊയ്പോകുന്നുവെന്നുമാണ് ഇവർ പറയുന്നത്. ആശയസാദൃശ്യമുള്ള രണ്ടുപേരാണെങ്കിൽ, അവരുടെ വിചാരങ്ങളെ ഈ വിധം പരസ്പരം അറിവാൻ വളരെ എളുപ്പമുണ്ടെന്നും ഇവർ ഘോഷിക്കുന്നു. ചിലരിൽ ഈ ഗുണം പ്രകടമായി പ്രകാശിക്കുന്നുണ്ടാവും. ഇത്തരം അനുഭവങ്ങളെപ്പറ്റി ചില ഉദാഹരണങ്ങളും പറയാം:

ആത്മീയ തത്വാന്വേഷണസംഘത്തിലെ ഒരു പ്രധാനയംഗം ഒരു ദിവസം ഉച്ചയ്ക്കുശേഷം തന്റെ വസതിയിൽ തനിച്ചു കിടന്നുറങ്ങുകയായിരുന്നു. പെട്ടെന്നു ചില ഹസ്തതാടനശബ്ദങ്ങളും, തന്റെ മകൾ, "ഹെൽറർ" "ഹെൽറർ" എന്നു ഉച്ചത്തിൽ വിളിക്കുന്നതും കേട്ടു അദ്ദേഹം ഉണർന്നുപോയി. ഈ

മകളോ, അവിടന്നു അനേകനാഴിക അകലേയാണു താമസിച്ചിരുന്നതും. അദ്ദേഹം ഉണർന്ന ഉടനെ ഈ അനുഭവം ഉണ്ടായ സമയവും തീയതിയുമെല്ലാം സ്വന്ത ഡയറിയിൽ കുറിച്ചുവെച്ചു. അനന്തരം മകളെകണ്ടു ചോദിച്ചതിൽ, ആ ദിവസം അതേ സമയത്തു അവൾ തന്റെ വീട്ടിന്റെ ഉമ്മറത്തുനിന്നു, സംഗതിവശാൽ, കൈകൊട്ടി അവളുടെ പട്ടിയെ "ഹെക്ടർ" "ഹെക്ടർ" എന്നു ഉത്സാഹത്തിൽ വിളിച്ചിരുന്നതായി അവൾ പറഞ്ഞു.

അനേകദർശനത്തെപ്പറ്റിയും പല ഉദാഹരണങ്ങളും പറഞ്ഞുകാണുന്നുണ്ട്. "അക്കൽട്ട് റിവ്യൂ" എന്ന മാസികയിൽ ഒരു സ്ത്രീ എഴുതിയിരുന്ന സംഭവവിവരമാണു് അടിയിൽ ഉല്ലേഖിക്കുന്നതു്:

"ഒരു ദിവസം രാത്രി മൂന്നുമണിസമയത്തു ഞാൻ ഭയവിഹ്വലയായി പെട്ടെന്നു ഉണർന്നു; അടുക്കൽ ഒരു പെൺകുട്ടി ഇരിക്കുന്നതായി ഞാൻ കണ്ടു. എന്റെ ഭർത്താവിനെ വിളിച്ചുണർത്തിയിട്ടു "ഈ കിടക്കയുടെ അരികിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടിയെ നിങ്ങൾ കാണുന്നില്ലേ?" എന്നു ചോദിച്ചു. ഇവളുടെ ചുണ്ടുകൾ അനങ്ങുന്നുണ്ടായിരുന്നു. ഇവൾ മേല്പോട്ടുനോക്കി പ്രാർത്ഥിക്കയായിരുന്നു. "ഇതു എന്റെ പിതൃവ്യപുത്രി..... ആണു" എന്നു ഞാൻ വീണ്ടും പറഞ്ഞുതുകേട്ട ഭർത്താവു ചിരിച്ചു. അദ്ദേഹം വെളിച്ചം തെളിച്ചു. അപ്പോഴേയ്ക്കും ഞാൻ പൂർണ്ണമായി ഉണർന്നു. അവൾ

ടെ അരേയും കാണ്മാനില്ല. ഇതിനേപ്പററി അപ്പോൾ ഞങ്ങൾ ചിലതൊക്കെ സംസാരിച്ചുവെന്നല്ലാതെ, പിന്നിട്ട ഈ കഥതന്നെ ഞങ്ങൾ അശേഷം വിസ്മരിച്ചു. ഒരു ആഴ്ച കഴിഞ്ഞപ്പോൾ എന്റെ സഹോദരൻ ഒരു കപ്പൽയാത്ര കഴിഞ്ഞു മടങ്ങിയെത്തി. "അമ്മാവിയുടെ ദീനത്തിന്റെ വിവരം വല്ലതും നിങ്ങൾ അറിഞ്ഞൊ?" എന്നദ്ദേഹം എന്നോട് ചോദിച്ചു. "ഞങ്ങൾക്കു ഒരു വിവരവുമില്ലല്ലൊ, എന്താ വല്ല വിശേഷവുമുണ്ടൊ?" എന്നു ഞാൻ ചോദിച്ച ഉടനെ "ഹ! കഷ്ടം! അവൾക്ക് സുഖക്കേട്ട കലശലായിരുന്നു.....ടെ കത്തു (ഇവളെയാണ് ഞാൻ കിടക്കയുടെ സമീപത്തു കണ്ടതു) ഇതാ കണ്ടില്ലെ" എന്നു പറഞ്ഞു, ഒരു കത്തു എനിക്കുതന്നു. അമ്മാവിക്കു ദീനം കൂട്ടതലായിരുന്നുവെന്നും, എന്നാൽ കഴിഞ്ഞ ബുധനാഴ്ചയാണ് ദീനത്തിന്റെ വിഷമനില ഒരുവിധം കഴിഞ്ഞുകൂടിയതെന്നും, അന്നരാത്രി മുഴുവനും അവർ അവരുടെ സമീപത്തുതന്നെ മുട്ടുകുത്തിയിരുന്നു പ്രാർത്ഥിച്ചുവെന്നും മറും കത്തിൽ എഴുതിയിരുന്നു. ബുധനാഴ്ച രാത്രിതന്നേയാണ് എനിക്കു പ്രസ്തുതദർശനവും ഉണ്ടായത്. അമ്മാവിക്കു ദീനമാണെന്നുള്ള അറിവുപോലും എനിക്കുണ്ടായിരുന്നില്ല."

മറെറാരുദാഹരണമായി ഒരു ഡാക്ടരുടെ അനുഭവംകൂടി ഇവിടെ വിവരിക്കാം:—

"ക്ഷയരോഗബാധിതനായ ഒരു യുവാവിനെ

ഞാൻ ഒരിക്കൽ ചികിത്സിച്ചിരുന്ന. ഒരു ദിവസം പതിവുപോലെ ഞാൻ രോഗിയുടെ ഗൃഹത്തിലേയ്ക്കു പോകയായിരുന്ന. എന്നാൽ വഴിയിൽവച്ച് പെട്ടെന്ന ഒരു കാഴ്ച എന്റെ മനോദൃഷ്ടിക്കു ലക്ഷ്യമായി. ഈ രോഗിയുടെ മുറിയിൽ, അവൻ കട്ടിലിൽ മരിച്ചുകിടക്കുന്നതും, അവന്റെ അമ്മ അടുത്തുതന്നെ കരഞ്ഞുകൊണ്ടിരിക്കുന്നതും, അച്ഛനും ഒരു സഹോദരനും അവിടെ നില്ക്കുന്നതും, മിസ്സ് ഗ്രാന്റ് എന്ന പേരായ സ്ത്രീ ബൈബിൾ വായിക്കുന്നതുമാണ് എന്റെ മനോദർപ്പണത്തിൽ ഞാൻ കണ്ടതു്. മുറിയിൽ പ്രവേശിച്ചപ്പോൾ, ആ കാഴ്ച മുഴുവനും അവിടേയും ഞാൻ കണ്ടു. എന്ന തന്നെയല്ല ഓരോരുത്തരും സ്ഥിതിചെയ്തിരുന്ന സ്ഥാനംപോലും പിഴച്ചിട്ടില്ലായിരുന്ന. എന്റെ മനോയവനികയിൽ തന്നെത്താൻ വരയ്ക്കപ്പെട്ട ആ ചിത്രത്തിൽനിന്ന ഈഷൽഭേദം ക്രടാതെയുള്ള ഒരു കാഴ്ച അവിടേയും ഞാൻ കണ്ടപ്പോൾ ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി.

"രോഗി മരിച്ചുപോകുമെന്ന ഒരു വിധം ഊഹിക്കാം. അവന്റെ അടുക്കൽ മാതാപിതാക്കന്മാരും സഹോദരങ്ങളും ഉണ്ടാകുമെന്നതും ഊഹ്യമാണ്. എന്നാൽ ആ വീട്ടിൽവച്ചു മിസ്സ് ഗ്രാന്റിനെ ഒരിക്കൽപോലും ഞാൻ കണ്ടിട്ടില്ല. അതിനാൽ അവളെ ആയവസരത്തിൽ അവിടെ കാണുമെന്ന ഞാൻ അശേഷം പ്രതീക്ഷിച്ചിരുന്നില്ലെന്ന തന്നെയ

ല്ല, അവളെപ്പറ്റി അപ്പോൾ ഞാൻ സ്മരിക്കപോലും ചെയ്തിരുന്നില്ല."

ഇത്തദ്ദൃഷ്ടാന്തങ്ങൾ ഇനിയും എത്രയോ ഉണ്ട്. ഗ്രന്ഥവിസ്തരഭയത്തെ അവയെ ഇവിടെ ഉദ്ധരിക്കാൻ വിചാരിക്കുന്നില്ല. ഇത്രയും ഇവിടെ പറയാമെന്നു വച്ചതുതന്നെ, ആത്മാക്കളുടെ വ്യാപാരങ്ങളെന്നു ചിലർ വ്യവഹരിക്കുന്ന അനുഭവങ്ങളെ പരമനസ്സംക്രമണം, അനേതൃദർശനം ആദിയായ ശക്തിവിശേഷങ്ങൾമൂലം ഉണ്ടാകുന്നതാണെന്നു പറഞ്ഞു പേറെ ചിലർ പ്രതിഷേധിക്കുന്നതുകൊണ്ടു, ഇവയെ സംബന്ധിച്ചു ഒരു സാമാന്യ ജ്ഞാനമെങ്കിലും വായനക്കാക്കുണ്ടായിരിക്കേണ്ടതു ആവശ്യമെന്നു തോന്നിയതുകൊണ്ടു മാത്രമാണ്.

അദ്ധ്യായം ൬.

പരേതനായ റെയ്മണ്ട് ലാഡ്ജിന്റെ 'പുനരാഗമനം.'

അദ്ധ്യാത്മശാസ്ത്രത്തിൽ മാത്രമല്ല, പ്രകൃതിശാസ്ത്രത്തിൽത്തന്നേയും, ഇന്നത്തെ പ്രഗ്വാതന്മാരായ പണ്ഡിതന്മാരിൽ ഒരാളായി പണ്ഡിതലോകം പരിഗണിച്ചുപോരുന്ന സർ ഒലിവർ ലാഡ്ജിന്റെ ക

നിഷ്പുത്രനായ റെയ്മണ്ട് ലാഡ്ജിന്റെ മരണാനന്തരകഥ, അതിന്റെ പുരോമകൊണ്ടും, മറ്റു പല വിധത്തിലും, ആത്മവാദചരിത്രത്തിൽ ഏറ്റവും പ്രാധാന്യത്തെ അഹ്നിക്കുന്ന ഒന്നാണ്. ആദ്യേയം വിസ്മയപരതന്ത്രരാക്കുവാൻ പര്യാപ്തമായ ഈ കഥ ഈദൃശഗ്രന്ഥങ്ങൾക്കു അപരിത്യാജ്യമാകയാൽ വിപുലവും, വിസ്തൃതവുമായ ഇതിന്റെ ഒരു സംക്ഷിപ്തവിവരംമാത്രം ഈ ഭാഗത്തു രേഖപ്പെടുത്താമെന്നു കരുതുന്നു. ഇതിനുശേഷം, ഇന്നത്തെ ആത്മവാദികളിൽ പ്രഥമഗണനീയനായ ഒലിവർ ലാഡ്ജിന്റെ ചില അഭിപ്രായങ്ങളെ വിവരിക്കാം.

റെയ്മണ്ട് ലാഡ്ജ്, സർ ഒലിവർ ലാഡ്ജിന്റെ ഇളയപുത്രനാണ്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ, സ്വരാജ്യസംരക്ഷണാർത്ഥം ആത്മപരിത്യാഗത്തെ സ്വയംവരിച്ച്, പോർക്കളത്തിൽ സുധീരം ചാടിയിറങ്ങിയ ഇംഗ്ലണ്ടിലെ യുവദേശാഭിമാനികളിൽ ഒരുവനായിരുന്നു റെയ്മണ്ട്. 1914—ൽ തന്നെ ഇദ്ദേഹം പട്ടാളത്തിൽ ചേർന്നു. പ്രാരംഭപരിശീലനം കഴിഞ്ഞു 1915—ൽ യുദ്ധരംഗത്തു പ്രവേശിച്ചു. സ്വതേ യന്ത്രശാസ്ത്രത്തിൽ വാസനയുണ്ടായിരുന്നതിനാൽ സമരാങ്കണത്തിന്റെ മുന്നണിയിൽ കിടന്നു തോണ്ടുന്ന പ്രവൃത്തിയിലാണ് ഇദ്ദേഹം ഏർപ്പെട്ടത്. അചിരേണ ഒരു ലഫ്റ്റനന്റായി ഉദ്യോഗക്കയറ്റം ലഭിച്ചു. 1915. സെപ്തമ്പർ 14-ാംനു തന്റെ പട്ടാളം മുമ്പോട്ടുകടന്നു ഒരു കു

ന്നിനെ ആക്രമിച്ചുകൊണ്ടിരിക്കവെ, ശത്രുഭാഗത്തു നിന്നു ഏറിയപ്പെട്ട ഒരു അഗ്ന്യസ്ത്രത്താൽ ഇദ്ദേഹം ചരമഗതിയടഞ്ഞു.

തന്റെ ഈ വാത്സല്യസന്താനത്തിന്റെ അപ്രതീക്ഷിത ചരമത്തെ സൂചിപ്പിക്കുന്നതോ എന്നതോന്നുമാറുള്ള ആപൽസൂചകങ്ങളായ ഒന്നു രണ്ടു ആത്മിയ സന്ദേശങ്ങൾ ചില ആവേശപാത്രങ്ങൾ മുഖേന സർ ഒളിവർ ലാഡ്ജിനു ലഭിച്ചിട്ടുണ്ടായിരുന്നു. ഗ്രന്ഥഭീതിഭീരുത്വത്തെ ഓർത്തു ആ പൂർവകഥയെ ഒന്നും ഞാൻ ഇവിടെ സ്പർശിക്കുന്നില്ല. റെയ്മണ്ടിന്റെ 'പുനരാഗമന'ത്തെ സംബന്ധിച്ച കഥയിലേയ്ക്കു തന്നെ നമുക്കു നേരെ കടക്കാം.

താഴെ വിവരിക്കുവാൻ പോകുന്ന പരീക്ഷണങ്ങളുടെ സ്വഭാവം മുഴുവൻ മനസ്സിലാക്കുന്നതിനു ചില സാങ്കേതികസംജ്ഞകളേയും മറ്റും കുറിച്ചു മാന്യവായനക്കാർ അല്പം അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ആത്മസംവാദത്തിനായി ശാസ്ത്രജ്ഞന്മാർ അവലംബിച്ചിട്ടുള്ള രീതിയെപ്പറ്റി ആദ്യമായി അല്പം പറഞ്ഞുകൊള്ളട്ടെ. ആത്മാക്കളുമായി ആശയവിനിമയം നടത്തുവാൻ ഇവക്കു പല മാർഗ്ഗങ്ങളുമുണ്ട്. മേശകുലുക്കുക എന്നതാണ് സർവ്വസാധാരണമായി ഉപയോഗിച്ചുവരുന്ന മാർഗ്ഗം. തീരെ നിസ്സാരമായ ഈ പ്രവൃത്തിയിൽനിന്നു ആത്മസംഭാഷണം നടത്തുവാൻതക്ക ഒരു കൃത്രിമ 'ഭാഷ' ഇവർ കണ്ടുപിടിച്ചു. ആത്മാക്കളോടുള്ള ഇവരുടെ ചോദ്യ

ങ്ങൾ വാഗ്രൂപേണയും അവയ്ക്കുള്ള സമാധാനം എഴുത്തുമൂലവും നിവ്വഹിക്കപ്പെടുന്നു. സുഗ്രാഹ്യതയ്ക്കു വേണ്ടി ഇതിനെ സോദാഹരണം വിവരിക്കാം. ഹാജരുള്ള ആത്മാവിനോട് ഏതെങ്കിലും ഒരു ചോദ്യം ചോദിച്ചുവെന്നുതന്നെ വിചാരിക്കുക. ഇതു നമ്മുടെ സ്വന്തഭാഷയിൽത്തന്നെ മതിയല്ലോ. പിന്നെ ആത്മാവിന്റെ സമാധാനം അറിവാനാണ് അല്പം വൈഷമ്യമുള്ളതു്. ഇതിലേയ്ക്ക് ഒരാം അക്ഷരമാലയിലെ ഓരോ അക്ഷരവും ആദ്യംമുതൽ ഉച്ചരിയ്ക്കും. ആത്മാവിന്റെ ആശയപ്രകടനത്തിനു ആവശ്യമായ അക്ഷരം ഉച്ചരിക്കപ്പെട്ട ഉടനെ മേശ കുലുങ്ങുകയായി. ഈ അക്ഷരം ഉടനെ കടലാസിൽ എഴുതപ്പെടുന്നു. ആദ്യംമുതൽ വീണ്ടും അക്ഷരമാല ഉച്ചരിക്കയും, മേശയുടെ ചലനത്താൽ സൂചിപ്പിക്കപ്പെടുന്ന അക്ഷരങ്ങളെ ആദ്യത്തേതിനെ തുടർന്നു ലേഖനം ചെയ്കയും ചെയ്യും. ഇങ്ങനെ ലഭിക്കുന്ന അക്ഷരസമുച്ചയം ഒടുവിൽ ഒരു പദമോ ഒരു വാക്യമൊ ആയിത്തീരും. ഈ വിധത്തിലാണ് ആത്മസംവാദം നടത്തുന്നതു്. മറ്റൊരുമാർഗ്ഗം പ്ലാഞ്ചറ്റ് ഉപയോഗിച്ചു എഴുതുകയാണ്. എഴുതുവാനുള്ള സജ്ജീകരണത്തോടുകൂടിയ ആ പലകയിൽ ഒരാൾ തനിച്ചോ രണ്ടുപേർ ചേർന്നോ കൈ വയ്ക്കും. അപ്പോഴെക്ക പലക തന്നത്താൻ ചലിച്ചു തുടങ്ങുകയും, ആ ചലനത്തിനനുസരിച്ച്, അതിന്റെ ഒരറ്റത്തു ഘടിപ്പിച്ചിട്ടുള്ള പെൻസിലിന്റെ അഗ്രം

കടലാസിൽ എഴുതിത്തുടങ്ങുകയും ചെയ്യുന്നു. ചില കയിൽ കൈവച്ചു എഴുതിയ്യുന്ന ശക്തി ചിലർക്കു മാത്രമേയുള്ളുവെന്നാണ് പറയപ്പെടുന്നത്. ഈ രണ്ടിനെക്കാളും ശ്രമമേറിയ മറെറാരു മാർഗ്ഗം മൻ അദ്ധ്യായങ്ങളിൽ വിവരിച്ചുമാതിരി സ്വയംപ്രേരിത ലേഖനമാണ്. ഇതു രണ്ടു പ്രകാരത്തിലുണ്ട്. എഴുതുവാൻ ഭാവിക്കുന്നതുപോലെ കയ്യിൽ പെൻസിലുമായി, മരിച്ച ഒരാളെ മനസ്സിൽ ധ്യാനിച്ചുകൊണ്ടിരുന്നാൽമാത്രം മതി, ചിലരുടെ കൈ തന്നത്താൻ എഴുതിത്തുടങ്ങും. ഇവരുടെ മനസ്സിനൊ, ശരീരത്തിനൊ യാതൊരു ഭാവഭേദവും ഉണ്ടാകാതെ ഇവർ സ്വബോധത്തോടെയിരിക്കും. മറെറ ചിലർ തന്മയാവസ്ഥയിൽ കിടന്നുകൊണ്ടാണ് എഴുതുന്നത്. ഇവർ ഉണർന്നാൽ, എഴുതിയതിനെപ്പററി യാതൊരു സ്മരണയും ഉണ്ടാകയില്ല. ബോധരഹിതാവസ്ഥയിൽ സംസാരിക്കുന്നതാണ് ആത്മാവിൻെറ പ്രവർത്തനത്തിന്ന് പരിശോധകന്മാർ പറയുന്ന മറെറാരു വഴി.

ഇതുയും മാർഗ്ഗങ്ങളാണ് ആത്മസംവാദത്തിന്നായി ഇന്നു ഉപയോഗിക്കപ്പെട്ടു വരുന്നത്. ചിലർക്കു മാത്രമേ ആത്മാക്കളുടെ സാന്നിദ്ധ്യം, അഥവാ ആവേശം ഉണ്ടാകയുള്ളു. ഇവർക്കാണ് "ആവേശപാത്രങ്ങൾ" (Medium) എന്നു പറയുന്നത്. ഇവരിൽ ആവേശിച്ചു ഇവരെക്കൊണ്ടു സംസാരിപ്പിക്കയൊ എഴുതിക്കയൊ ഒക്കെ ചെയ്യുന്ന ശക്തിയ്ക്കു

അഥവാ ആത്മാവിനെ "ആവേശകൻ" (Control) എന്നാണ് പേരു. ഇത്തരം പരിശോധനകൾക്കായി, പ്രത്യേകം സജ്ജീകരിക്കപ്പെട്ടിട്ടുള്ള മുറിയിൽ പരീക്ഷകന്മാരും, ജിജ്ഞാസുക്കളായ കാഴ്ചക്കാരും കൂടിയിരിക്കുന്നതിനെ "ഉപവേശം" (Sitting) എന്നും നമുക്കു സംജ്ഞ നൽകാം.

ഇനി നമുക്കു റെയ്മണ്ടിന്റെ 'പുനരാഗമന' വൃത്താന്തത്തെ തുടരാം.

റെയ്മണ്ട് മരിച്ച വിവരം 1915 സെപ്തമ്പർ 17-ാംനു-യാണ് അദ്ദേഹത്തിന്റെ അച്ഛനമ്മമാർ അറിഞ്ഞതു്. 25-ാംനു- റെയ്മണ്ടിന്റെ മാതാവു, അന്നു തനിക്കു അശേഷം അപരിചിതയായിരുന്ന മിസ്സിസ്സ് ലിയൊനാർഡ് എന്ന 'ആവേശപാത്ര'ത്തിന്റെ അടുക്കൽ, തന്റെ ഒരു സ്നേഹിതയുടെ അനുവശ്യാത്ഥം വേഷപ്രച്ഛന്നയായി, ഒരു 'ഉപവേശ'ത്തിനു പോയിരുന്നു. ആയവസരത്തിൽ റെയ്മണ്ടിന്റെ പക്കൽ നിന്നാണെന്നു പറഞ്ഞുകൊണ്ടു താഴെ പറയുന്ന സന്ദേശം, മേശയുടെ ചലനത്താൽ ലേഖനം ചെയ്യപ്പെട്ടു.

"അച്ഛന്റെ ചില സ്നേഹിതന്മാരെ ഞാൻ കണ്ടു എന്നു അച്ഛനോടു പറയുക." ഇതു കണ്ടിട്ടു റെയ്മണ്ടിന്റെ മാതാവു ഇങ്ങനെ ചോദിച്ചു:—

"ഏതെങ്കിലും ഒരാളുടെ പേരു പറയാൻ കഴിയുമൊ?"

"കഴിയും; മയഴ്സ്."

അതേ മാസം 27—ാംനു- ഒളിവർ ലാഡ്ജ് തന്നെ പ്രച്ഛന്നവേഷനായി, മിസ്സിസ്സ് ലിയൊനാർഡിന്റെ വസതിയിൽ മറ്റൊരു ഉപവേശത്തിനു പോയി. ഇവളുടെ ആവേശകൻ ഫെഡാ എന്നു പേരായ ഒരു ബാലികയുടെ ആത്മാവാണെന്നു ഉപവേശത്തിനുമുമ്പുതന്നെ ഇവർ പറകയുണ്ടായി. കുറച്ചു കഴിഞ്ഞപ്പോൾ ആവേശപാത്രം ബോധരഹിതയായി. ആ സ്ഥിതിയിൽ കിടന്നുകൊണ്ടു അവൾ ഒരു യുവാവിന്റെ ശരീരവർണ്ണന തുടങ്ങി. സവിസ്തരമായ ആ കേശാദിപാദവർണ്ണന പരേതനായ റെയ്മണ്ടിനെ സംബന്ധിച്ചാണെന്നു അദ്ദേഹത്തെ ഒരാവത്തിയെങ്കിലും കണ്ടിട്ടുള്ളവർക്കൊക്കെ നിഷ്പ്രയാസം മനസ്സിലാക്കത്തക്കതായിരുന്നുവെന്നാണ് സർ ഒളിവർ ലാഡ്ജ് പറയുന്നതു്. ആവേശപാത്രത്തിനു റെയ്മണ്ടിനെ രീതെ പരിചയവുമുണ്ടായിരുന്നില്ല. ഈ വിവരണങ്ങളും, റെയ്മണ്ടിന്റെ പൂർവ്വകഥകളെ അനുസ്മരിപ്പിക്കുന്ന ചില സൂചനകളും വളരെ ശ്രദ്ധേയവും, കൌതുകാവഹവും ആണെങ്കിലും, ഇതുകളുടെ അസാമാന്യതൈർഘ്യത്തെ ഭയന്നു ഈ ഉപവേശത്തിന്റെ മുഴുവൻ അനവ്യാനവും ഇവിടെ പകർത്തുന്നില്ല. *

ഇതേ ദിവസംതന്നെ ലേഡിലാഡ്ജ്, ഒരു അപരിചിതയുടെ നിലയിൽ, എ. വെസ്റ്റ് പീറേഴ്സ്

* ഇംഗ്ലീഷറിയാവുന്ന ജിജ്ഞാസുക്കൾ Raymond [Revised] എന്ന ഗ്രന്ഥം നോക്കട്ടെ.

എന്ന ആവേശപാത്രവുമായി മറെറാരു ഉപവേശം നടത്തുകയായിരുന്നു. പീറേറഴ്സിന്റെ പ്രധാന ആവേശകൻ, മൂൺസ്റ്റൺ ആയിരുന്നു. ഇയാൾ ആദ്യമേതന്നെ റെയ്മണ്ടിന്റെ ശരീരവർണ്ണന കഴിച്ചു. അതിനെ തുടർന്ന ഈ ആവേശകൻ അറിയിച്ച മറെറാ ചില സംഗതികളും ഏറെറവും ശ്രദ്ധാഹ്ങ്ങളായതുകൊണ്ട് അവയിൽ ചിലതിനെ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

ആവേശകൻ:— "ഇയാൾ രസതന്ത്രശാസ്ത്രത്തിൽ പ്രതിപത്തിയുള്ള ആളല്ലെ? (വാസ്തവത്തിൽ റെയ്മണ്ട് അങ്ങനെ ആയിരുന്നു) ഇല്ലെങ്കിലും, ഇയാളെ സംബന്ധിച്ച ആരൊ ഒരാൾ ഈ ശാസ്ത്രത്തിൽ വാസനയുള്ളവനാണ്, തീച്ചയുന്നു; എന്തെന്നാൽ ഞാൻ കാണുന്നതെല്ലാം ഒരു രസതന്ത്രശാസ്ത്രപരീക്ഷാമന്ദിരത്തിലാണ്. രസതന്ത്രത്തെ സംബന്ധിച്ച ഈ വിഷയം ജീവിച്ചിരിക്കുന്ന ഒരാളുടെ അടുക്കലേയ്ക്ക് എന്നെ ആകർഷിക്കുന്നു (ഇതു സർ ഒളിവർ ലാഡ്ജായിരിക്കാം) ഇദ്ദേഹത്തോട് ബന്ധമുള്ള ഒരു കവിത എഴുത്തുകാരൻ ഞങ്ങളുടെ കൂട്ടത്തിലുണ്ട്. ഇദ്ദേഹം ഒരു ആത്മവാദിയാണ്. ജീവിതകാലത്തു വലിയ സമർത്ഥനായിരുന്നു. ഇംഗ്ലണ്ടിനു പുത്തുവച്ചാണ് ഇദ്ദേഹം മരിച്ചത്. (ഇതു തീച്ചയായും പരേതനായ മയഴ്സിനെ സംബന്ധിച്ചാണെന്നു വിചാരിക്കാം. ഇദ്ദേഹം റോമിൽ വച്ചാണ് മരിച്ചത്) ഇദ്ദേഹം പല സംവാദങ്ങളും

നടത്തിയിട്ടുണ്ട്. പട്ടം എഴുതുന്ന ഈ മാന്യൻ— M എം എന്ന അക്ഷരം ഞാൻ കാണുന്നു—നിങ്ങളുടെ മകനെ ഭൂലോകവാസികളുമായി സംഭാഷണം നടത്തുവാൻ സഹായിക്കുന്നു. നിങ്ങളുടെ മകൻ ഇയാളെ അറിയുന്നില്ലെങ്കിലും, ഇയാൾ അവനെ അറിഞ്ഞു. (മയഴ്സ് മരിക്കുന്ന സമയം റെയ്മണ്ടിനു 12 വയസ്സു ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു മയഴ്സിനെ കണ്ടറിയഞ്ഞതിൽ അത്ഭുതമില്ലെന്നാണ് ഒളിവർ ലാഡ്ജ് പറയുന്നതു്.).....പട്ടം എഴുതുന്ന—M എന്നാരംഭിക്കുന്ന— ആ മാന്യന്റെ മുമ്പിൽ ഒരു സംഘം ജനങ്ങളേയും കാണുന്നു."* (ഇവർ ആത്മതത്വാന്വേഷണസംഘത്തിലെ പ്രേരകരായ അംഗങ്ങൾ എന്നതത്രെ ഒളിവർ ലാഡ്ജ് അനുമാനിക്കുന്നതു്)

1915 അക്ടോബർ 29-ാനു- പീറോഴ്സുമായി നടത്തിയ ഉപവേശത്തിൽനിന്നു ചില ഭാഗങ്ങൾ:—

ആവേശകൻ: — "അവൻ (റെയ്മണ്ട്) എന്നോടു പറയുന്നു: നിങ്ങൾ വിചാരിക്കുന്നതിൽ ക്രൂരതലായി അദ്ദേഹം (മയഴ്സ്) എന്നെ സഹായിച്ചിട്ടുണ്ടു."

---

* ഇതാണു 'ആത്മഭാഷണ'ത്തിന്റെ രീതി. ഇതിലെ മുദ്രാവാചകങ്ങളും, ക്രമംതെറ്റിയുള്ള പ്രതിപാദനരീതിയും മാത്രം കൊണ്ടു സംഗതി മനസ്സിലാക്കാൻ, ക്ലേശമുള്ള ജോലിയും, ആലോചനയും ആവശ്യമാണ്. ഈ വിഷയത്തിൽ വായനക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒളിവർ ലാഡ്ജ്:— ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ!

ആവേശകൻ:— അല്ലല്ല; നിങ്ങളുടെ മകൻ അതാ ചിരിക്കുന്നു. അദ്ദേഹത്തിനു ഇതിൽ ഒരു പ്രത്യേക ഉദ്ദേശമുണ്ടതെ; ഈ വിധം അദ്ദേഹം നിങ്ങളുടെ മകനെ സഹായിച്ചതു ഒരു ധാർമ്മികമായ പ്രവൃത്തിമാത്രമായിരുന്നുവെന്നു ധരിക്കരുതു്. അദ്ദേഹത്തിനു മറെറാരുദ്ദേശം ഉണ്ടു്. മൂഢന്മാരുടെ പ്രലപനങ്ങളെ ഇല്ലാതാക്കണമെന്നുള്ള നിങ്ങളുടെ ആഗ്രഹത്തെ, നിങ്ങളുടെ വ്യക്തിസംസ്പർശം (Personality) മൂലം നിങ്ങൾ സാധിക്കുമെന്നു അദ്ദേഹം വിചാരിക്കുന്നു. അതു മൂലം സംഘത്തെ ഒരു പ്രശസ്തസംഘമായി ഉയർത്തുന്നതിനും നിങ്ങൾക്കു സാധിക്കുമത്രെ.....ഇപ്പോൾ അവൻ (റെയ്മണ്ട്) പറയുന്നു: ജനങ്ങൾ കെട്ടിവച്ചിരിക്കുന്ന ചിറയെ നിങ്ങൾ മുഖേന എന്നെക്കൊണ്ടു ഭേദനം ചെയ്യാനായിട്ടാണു് അദ്ദേഹം എന്നെ സഹായിച്ചതു്. ഇതിനുശേഷം, നിങ്ങൾ അവരോടു വാദിക്കാൻ പോകുന്നു. ഞാൻ കാരണത്താൽ നിങ്ങൾക്കു ഇപ്പോഴുള്ള തടസ്ഥങ്ങളൊക്കെ ഇല്ലാതാവും....."

ഫോട്ടോയുടെ സാക്ഷ്യം.

റെയ്മണ്ടിന്റെ മരണാനന്തരസത്തയേയും, വ്യാപാരങ്ങളേയും തെളിയിയ്ക്കുന്നതിനായി, ഒളിവർ ലാഡ്ജ് പ്രസ്താവിക്കുന്ന കത്തുകാവഹമായ മറെറാ

രുസംഗതി ഒരു ഗ്രൂപ് (പലരും ചേർന്നുള്ള) ഫോ
ട്ടോയെ സംബന്ധിച്ചതാണ്. ഇതിന്റെ വിവരമാ
ണ് അടിയിൽ പ്രസ്താവിക്കുന്നത്.

സെപ്തമ്പർ 27-ാംനു പീറ്ററുടെ സാന്നി
ദ്ധ്യത്തിൽ നടത്തപ്പെട്ട ഉപവേശവേളയിൽ, റെ
യ്മണ്ടിന്റെ മുന്നു ഫോട്ടോ ഉണ്ടെന്നും രണ്ടു തനി
ച്ചുള്ളതും, മറേറതു വേറെ ചിലരോട് ചേർന്നുള്ളതുമാ
ണെന്നും, ഈ ഗ്രൂപ്ഫോട്ടോയിൽ റെയ്മണ്ടിനു
ഒരു വടിയുണ്ടെന്നും, ഈ വിവരം ഒളിവർ ലാ
ഡ്ജിനെ അറിയിക്കുന്ന കാര്യത്തിൽ റെയ്മണ്ടിനു
വളരെ നിർബന്ധമുണ്ടെന്നും മറും ആവേശകൻ
അറിയിക്കയുണ്ടായി. ഈ രണ്ടു ഒറപ്പടങ്ങളെപ്പ
റിയല്ലാതെ, ഗ്രൂപ്ഫോട്ടോയെ സംബന്ധിച്ച് ഒ
ളിവർ ലാഡ്ജിനോ മറുള്ളവക്കോ യാതൊരു വി
വരവും ഉണ്ടായിരുന്നില്ല. ലേഡിലാഡ്ജിനു പീ
റേഴ്സിന്റെ ഈ സന്ദേശത്തിൽ തീരെ അവി
ശ്വാസമാണു തോന്നിയത്. ഒളിവർ ലാഡ്ജിനും
ഇതിൽകാര്യമായ വിശ്വാസമൊന്നുമുണ്ടായില്ലതന്നെ.
"ഞാൻ ഈ പടത്തിന്റെ വിവരം നിങ്ങളെ അ
റിയിക്കണമെന്നു റെയ്മണ്ട് ശഠിക്കുന്നു" എന്നു
ആവേശകൻ ബലപ്പെടുത്തിപ്പറഞ്ഞതിനെ ഓർത്തു
അദ്ദേഹം, അർദ്ധമനസ്സോടെയെങ്കിലും, ചില അ
ന്വേഷണങ്ങളൊക്കെ മെയ്യു നോക്കി. രണ്ടുമാ
സം വരെ ഇതിനെ സംബന്ധിച്ചു യാതൊരറിവും
കിട്ടിയില്ല. നവംബർ 29-ാംനു മിസ്സിസ്സ് ചിവ്

സ് എന്നപേരായ ഒരു അപരിചിതയിൽ നിന്ന് ലേഡീലാഡ്ജിനു ഒരു കത്തുകിട്ടി. ഈ സ്ത്രീ ഓയ് മണ്ടിന്റെ പരിചിതനായ കാപ്റ്റൻ ചീവ്സിന്റെ പത്നിയാണ്. ഈ കത്തിന്റെ ചുരുക്കം ഇങ്ങിനെ ആയിരുന്നു:— യൂറോപ്പിൽനിന്നു എന്റെ മകൻ, ആഗസ്റ്റിൽ എടുത്തതായ പട്ടാളഉദ്യോഗസ്ഥന്മാരുടെ ഒരു ഗ്രൂപ്ഫോട്ടോ എനിക്കയച്ചുതന്നിരിക്കുന്നു. നിങ്ങൾക്കു ഇതിന്റെ പ്രതി കിട്ടിയോ എന്നും നിങ്ങൾ ഇതിനെ സംബന്ധിച്ചു അറിഞ്ഞിരിക്കുമോ എന്നും എനിക്കു വിവരമില്ല. ഞങ്ങൾക്കു ഇതിന്റെ 6 പ്രതികൾ കിട്ടിയിട്ടുണ്ട്. നിങ്ങൾക്കു വേണമെങ്കിൽ അറിയിക്കുക; ഒരു പ്രതി അയച്ചുതരാം.

ലേഡീലാഡ്ജ് തൽക്ഷണം തന്നെ, ഈ അപരിചിതയ്ക്കു നന്ദിപറഞ്ഞുകൊണ്ടും, പടത്തിന്റെ ഒരുപ്രതി അയച്ചു കൊടുക്കണമെന്നു അപേക്ഷിച്ചുകൊണ്ടും ഒരു ബിലിയച്ചു. എന്നാൽ പ്രതീക്ഷിച്ചിരുന്നതുപോലെ പടം ഉടനെ വന്നു ചേർന്നില്ല; ഇതിനിടയ്ക്കു ഒളിവർ ലാഡ്ജ്, മിസ്സിസ്സ് ലിയൊനാർഡിന്റെ വസതിയിൽവച്ചു ഒരു ഉപവേശം നടത്തി. ഈയവസരത്തിൽ ഇദ്ദേഹം പ്രസ്തുത ഫോട്ടോയെ സംബന്ധിച്ചു പ്രത്യേകം പലതോട്ടങ്ങളും ചെയ്തു. ഈ പടത്തെ സംബന്ധിച്ചു മി

സ്സിസ്സ് ലിയൊനാർഡൊ, അവളുടെ ആവേശക്കൊ യാതൊന്നും പറയുന്നതിനു മുമ്പാണു സർ ലാഡ്ജ് ഇതു ചോദ്യങ്ങൾ ചെയ്തതെന്നുള്ളതു പ്രത്യേകം ശ്രദ്ധേയമാണ്. ആദ്യം ഈ പടത്തിന്റെ വിവരം പറഞ്ഞതു പീറ്റേഴ്സായിരുന്നല്ലൊ. ഈ പടത്തെപ്പറ്റി ആവേശകനും ഒളിവർ ലാഡ്ജും തമ്മിൽ നടന്ന ദീർഘസംഭാഷണത്തെ അപ്പടി ഇവിടെ വിവരിക്കാൻ വിചാരിക്കുന്നില്ല. ചുരുക്കത്തിൽ, റെയ്മണ്ട് അറിയിക്കുന്നതായി ആവേശകൻ പറഞ്ഞുകൊടുത്ത വിവരണത്തിൽനിന്നു, ഈ പടം ഏതാനും പട്ടാളഉദ്യോഗസ്ഥന്മാരുടേതാണെന്നും, റെയ്മണ്ട് ഇരിക്കയാണെന്നും, അയാളുടെ പിറകിൽ ചിലർ നില്ക്കുന്നുവെന്നും, ഒരാൾ റെയ്മണ്ടിനെ ചാരുന്നുണ്ടെന്നും, ആളുകളുടെ പിൻഭാഗത്തു മുകളിലായി നേർവരകൾ കാണുന്നുണ്ടെന്നും മറ്റും അറിഞ്ഞു. ഈ വിവരങ്ങളെല്ലാം, ഒളിവർ ലാഡ്ജ് തൽക്ഷണം തന്നെ തന്റെ സ്നേഹിതന്മാരായ തത്വാന്വേഷികൾക്കു അറിവു കൊടുത്തു. അവർ അതൊക്കെ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിനുശേഷം ഒളിവർ ലാഡ്ജു പടത്തിന്റെ പ്രതി വന്നുകിട്ടാനായി അക്ഷമം പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അവസാനം മിസ്സിസ്സ് ചീവ്സിന്റെ മറെറാരു കത്തും, അതിനെത്തുടർന്നു ഫോട്ടോയും വന്നുചേർന്നു. റെയ്മണ്ട് അറിയിച്ചുകൊടുത്തതായി മിസ്സിസ്സ് ലിയൊനാർഡിന്റെ ആവേശകൻ പറഞ്ഞ വിവരണ

ങ്ങൾ മുഴുവനും അതു പടംകൊണ്ടു തെളിയുകയും ചെയ്തു. *

ഇതിനുശേഷം റെയ്മണ്ട് മറെറാരു ഫോട്ടോയുടെ കാര്യം അറിയിക്കയും, അതും അവസാനം വാസ്തവമായി പരിണമിക്കയും ചെയ്തു. ടൈർഘ്യുത്തമാത്രം ഭയന്നു ഇതിനെ വിവരിക്കുന്നില്ല. ഈ രണ്ടു ഫോട്ടോയുടേയും സംഗതി റെയ്മണ്ടിന്റെ മരണാനന്തരവ്യാപാരത്തെ തെളിയിയ്ക്കുന്നതിനു ധാരാളം പര്യാപ്തമാണെന്നാണ് സർ ഒളിവർ ലാഡ്ജിന്റെ അഭിപ്രായം.

മറെറ ചില തെളിവുകൾ.

റെയ്മണ്ടിന്റെ മരണാനന്തരവൃത്തികളുടെ തെളിവുകളെ സംബന്ധിച്ച് സർ ഒളിവർ ലാഡ്ജ് പറയുന്നതു ഇങ്ങനെയാണ്:-"ഫോട്ടോയെ സംബന്ധിച്ച ഈ അനുഭവംതന്നെ മുത്തമമായ ഒരു തെളിവാണെങ്കിലും, എത്രതന്നെ ബലവത്തും, ന്യായാനുസൃതവും ആയിരുന്നാലും, ഒരു പ്രധാന നിഗമനം ഏതെങ്കിലും ഒരു തെളിവിനെമാത്രം ആശ്രയിച്ചിരിക്കേണ്ടിവരുന്നതു എനിയ്ക്കു അശേഷം സന്തോഷമല്ല. തെളിവുകൾ യഥാർത്ഥത്തിൽ പലതും ചേർന്നുണ്ടാകേണ്ടതാണ്. സൂക്ഷ്മതെളിവായി ഏതെങ്കിലും ഒരു അനുഭവത്തെ മാത്രം പ്രബലപ്പെടുത്തില്ല

* ഈ ഫോട്ടോയും, ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളും Reymond [revised] എന്ന ഗ്രന്ഥത്തിൽ കാണാം.

രയാൻ ചിലപ്പോൾ കഴിഞ്ഞേക്കുമെങ്കിൽ തന്നേയും, എന്തെങ്കിലും നോട്ടക്കുറവൊ, പ്രമാദമൊ വന്നു പോകാതിരിക്കാനായി, അതിനെ കഴിയുന്നതു കൂട്ടുതൽ തെളിവുകളാൽ ബലപ്പെടുത്തേണ്ടതാവശ്യമാണ്. അതിനാൽ റെയ്മണ്ടിന്റെ മരണശേഷം, എന്റെ കുടുംബാംഗങ്ങളും, അശേഷം തിരിച്ചറിയാൻ പാടില്ലാത്തവണ്ണം വേഷപ്രച്ഛന്നരായി പല സ്ഥലങ്ങളിലുംവച്ചു പങ്കുകൊണ്ടിട്ടുള്ള മഹാവേശങ്ങളിൽനിന്നു ലഭിച്ച ചില കൂട്ടുതൽ തെളിവുകളെയാണ് ഞാൻ ഇവിടെ രേഖപ്പെടുത്താൻ വിചാരിക്കുന്നതു്."

ഇതിനുശേഷം അദ്ദേഹം വിവരിക്കുന്നതു് മിസ്സിസ്സ് കെനഡി എന്ന ആവേശപാത്രം മുഖേന ലഭിച്ചിട്ടുള്ള ചില സന്ദേശങ്ങളാണ്. ഇവളുടെ പ്രത്യേക വാത്സല്യത്തിനു പാത്രമായ പാൾ എന്ന മകൻ മരിച്ചശേഷം, ഇവളിൽ ആവേശിച്ച് ഇവളെക്കൊണ്ടു എഴുതിച്ചതായി വിശ്വസിക്കപ്പെടുന്ന വിവരങ്ങളാണ് ഇവ.

ഇപ്രകാരം പാൾ തന്റെ മാതാവുമായി സംഭാഷണങ്ങൾ നടത്തിവന്നിരുന്ന അവസരത്തിലാണ് ഇവൾ റെയ്മണ്ടിന്റെ മരണത്തെക്കുറിച്ചു പത്രത്തിൽ വായിച്ചതു്. ഇതിനെപ്പറ്റി ഇവൾ പാളിനോടു പറകയും, റെയ്മണ്ടിനെ സഹായിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിരുന്നു. ഒരു ദിവസം പതിവുപോലെ, ഇവൾ എഴുതിക്കൊണ്ടിരുന്നപ്പോൾ

സരത്തിൽ ഇപ്രകാരം ഒരു സന്ദേശം കിട്ടി; പാം ആയിരുന്ന അപ്പോഴത്തെ ആവേശകൻ. "ഞാൻ ഇതാ ഇവിടെ ഉണ്ട്.....സർ ഒളിവറിന്റെ മകനായ ആ യുവാവിനെ ഞാൻ കണ്ടു; അവനിപ്പോൾ പൂർവ്വാധികം ക്ഷേമമാണ്. വിശിഷ്ടമായ ഒരു വിശ്രമം അവനു ലഭിച്ചു. അവന്റെ ബന്ധുക്കളോട് പറയുക."

മറ്റൊരവസരത്തിൽ പാം മുഖേന ലഭിച്ച സന്ദേശം:— "റെയ് മണ്ടിന്റെ അച്ഛൻ നിങ്ങളെ കാണാൻ വരുന്ന അവസരത്തിൽ, അയാളുടെ അടുക്കൽ റെയ മണ്ടിനെ ഞാൻ കൂട്ടിക്കൊണ്ടുവരാം..... എല്ലാവരും തന്നെ സ്നേഹിക്കുമാറു അവൻ വളരെ സന്തുഷ്ടനായിരിക്കുന്നു. തന്റെ ഒട്ടനേകം ബന്ധുക്കളെ അവൻ ഇവിടെ കണ്ടെത്തി. അവന്റെ അധിവാസം അത്ഭുതകരമായിരിക്കുന്നു. **അവന്റെ അച്ഛനോടും അമ്മയോടും പറയുക.....** അവൻ ഇന്നു വ്യക്തമായി സംസാരിച്ചു; മറവുള്ളവരെപ്പോലെ അവൻ ശണ്ഠകൂടുന്നില്ല; അവൻ ശരിയായവിധത്തിൽ അധിവാസം ഉറപ്പിച്ചുകഴിഞ്ഞു; അവനെപ്പോലെയുള്ള ഒരു ബാലനെ കാൺന്നതുതന്നെ നല്ല കാഴ്ചമാണ്; വളരെ നേരം അവൻ ഉറങ്ങിക്കിടന്നു; എന്നാൽ അവൻ ഇന്നു സംസാരിച്ചു;.....വരുവാൻ ഞങ്ങൾ എത്രത്തോളം ആഗ്രഹിക്കുന്നുവെന്നു ഭൂമിയിലുള്ള നിങ്ങ

ളൊക്കെ അറിയുകയാണെങ്കിൽ, നിങ്ങളെല്ലാം ഞങ്ങളെ വിളിക്കും."

ലേഡീലാഡ്ജ് ഹാജരുണ്ടായിരുന്ന വേറൊരവസരത്തിൽ, റെയ്മണ്ടിൻറോതാണെന്നു ഊഹിക്കപ്പെട്ട, താഴെ എഴുതുന്ന സന്ദേശം ലഭിക്കയുണ്ടായി:—"അമ്മേ ഞാനിതാ വന്നിരിക്കുന്നു; ഞാൻ അലെക്കിൻറെ (Alec) അടുത്തു പോയിരുന്നു. പക്ഷേ അദ്ദേഹത്തിനു ഞാൻ പറയുന്നതു കേൾക്കാൻ കഴിയുന്നില്ല; .....ഞങ്ങൾ ഇവിടെ സുരക്ഷിതരായിരിക്കുന്നുവെന്നു അദ്ദേഹം വിശ്വസിക്കണമെന്നാണു് എൻറെ ആഗ്രഹം. ജനങ്ങൾ വിചാരിക്കുന്നതുപോലെ ഇതു ഒരു ഭയങ്കര ഗുഹയൊന്നുമല്ല. സജീവമായ ഒരു സ്ഥലമാണിതു്.....ഇപ്പോകാരം ഞാൻ നല്ലവണ്ണം സംസാരിക്കാൻ പഠിക്കുന്നതുവരെ ക്ഷമിക്കുക; ഞങ്ങൾക്കു ആവശ്യമുള്ളതിനെയെല്ലാം അറിയിക്കാൻ കുറച്ചു കഴിഞ്ഞു ഞങ്ങൾക്കു സാധിക്കും. അതിനാൽ ഏറിക്കു അവധിതരിക."

മിസ്സ് ഗ്രന്ഥങ്ങളിലും, ടിർഘടിർഘം വിവരിച്ചുകാണുന്ന ഇത്തരം ആത്മഭാഷണത്തിൻറെ സ്വഭാവം മനസ്സിലാക്കാനായിട്ടാണു് ഈ സന്ദേശങ്ങളെ ഏതാണ്ടു പൂർണ്ണമായി ഇവിടെ പകർത്തിയതു്. അല്ലാതെ, ഒളിവർ ലാഡ്ജ്തന്നെ പറയുന്നതുപോലെ, ഇവയിൽ സാക്ഷ്യപരമായി വല്ലതും ഉണ്ടെന്നു കരുതീട്ടല്ല.

റെയ്മണ്ടിൻറെ മാതാപിതാക്കന്മാർ മിസ്സിസ്സ്

കോൺഡിയുടെ ഗൃഹത്തിൽവച്ച് നടത്തിയ വേറൊരു ഉപവേശം ഏതാണ്ട് ശ്രേയമെന്നു തോന്നുകയാൽ, അതിനെപ്പറ്റി സർ ഒലിവർ ലാഡ്ജ് എഴുതിയിട്ടുള്ള അനുഭവത്തെ ചുവടെ പകർത്തുന്നു:—

മേശ ചലിപ്പിക്കുന്ന സമ്പ്രദായമാണ് ആയവസരത്തിൽ ഞങ്ങൾ വിനിയോഗിച്ചത്. പാഠം എന്ന പേരു ആദ്യമെ ലേഖനം ചെയ്യപ്പെട്ടു. "റെയ്മണ്ട് തന്നത്താൻ ഹാജരാകാൻ ആഗ്രഹിക്കുന്നു"വെന്ന രണ്ടാമത്തെ സന്ദേശം കണ്ട ഉടനെ ലേഡീലാഡ്ജ് "പ്രിയ റെയ്മണ്ടേ!" എന്നു സംബോധനചെയ്തു. അപ്പോഴെക്കു മേശ റെയ്മണ്ട് സ്വാധീനപ്പെടുത്തിയിരിക്കണം; എന്തെന്നാൽ അനന്തരം ഇങ്ങനെയാണ് എഴുതപ്പെട്ടത്.

"നെടുവീർപ്പിടണ്ടാ."

ലേഡീലാഡ്ജ്:— ഞാൻ നെടുവീർപ്പിടുകയായിരുന്നോ?

ഞാൻ:— റെയ്മണ്ടേ, നിന്റെ മാതാവിനു ഇപ്പോൾ പൂർവ്വാധികം സമാധാനമുണ്ട്.

ആവേശകൻ:— കൊള്ളാം.

ഞാൻ:— എന്നാൽ നിന്നോടു ഞാൻ ചിലതു ചോദിക്കട്ടയോ?

ആവേശകൻ:— അതെ.

ഞാൻ:— കുട്ടികൾ നിന്നെ എന്താണ് വിളിച്ചിരുന്നത്?

ആവേ: – "പാറവ"

(ഇതു ഞങ്ങൾക്കൊക്കെ അറിവുള്ളതായിരുന്നതിനാൽ, ഇതിനെ ഒരു നല്ല തെളിവായി ഗണിക്കാൻ പാടില്ല; എങ്കിലും ഇതു ആവേശപാത്രത്തിന്നോ മറവുള്ളവക്കോ അറിഞ്ഞുകൂടായിരുന്നു.)

ഞാൻ:— ശരി; ഇനി ഞാൻ മറെറാന്നു ചോദിക്കട്ടെ?

ആവേ:— അതെ, സമ്മതം

ഞാൻ:— നിൻെറ ഒരു സഹോദരൻെറ പേരു പറയാമോ?

മേശ ഉടനെ NORMA ഇത്രയും അക്ഷരങ്ങളെ രേഖപ്പെടുത്തി. NORMAN (നാർമൻ) എന്ന പേരു എഴുതുവാൻ ഭാവിച്ചതുപോലെ എനിയ്ക്കു തോന്നി. R-ം M-ം തെറിപ്പോയതാണെന്നു വിചാരിച്ചു, "നിനക്കു അക്ഷരങ്ങൾ കുഴഞ്ഞുപോയി; അതിനാൽ ആദ്യംമുതൽ വീണ്ടും തുടങ്ങുക" എന്നു ഞാൻ പറഞ്ഞു.

ഇത്തവണ NOEL നോയൽ എന്നെഴുതി.

ഞാൻ:— ഇപ്പോൾ ശരി.

കുറച്ചുനേരം മേശ നിശ്ചലമായിരുന്നു. ആവേശകനു അക്ഷരമാല വീണ്ടും ഉച്ചരിച്ചു കേൾക്കേണ്ടി വരുമ്പോഴാണ് ഇങ്ങനെ വരാറുപതിവു. ഇതനുസരിച്ചു അക്ഷരമാല ഉച്ചരിച്ചപ്പോൾ Fire away "ശീഘ്രം ആകട്ടെ" എന്നാണ് എഴുതിയതു.

ഞാൻ:— ഓ, നിനക്കു ഇനിയും ചോദ്യം കേൾക്കണമായിരിക്കാം. ഒരു പട്ടാളഉദ്യോഗസ്ഥൻെറ

പേരു പറയാൻ നീ ഇഷ്ടപ്പെടുന്നുണ്ടോ?

ആവേ:— ഉണ്ട്.

ഞാൻ:— എന്നാൽ കേൾക്കട്ടെ.

ആവേ:— "മിച്ചെൽ"

ഞാൻ:— മിച്ചെൽ എന്നാണൊ ആ പേര്?

ആവേ:— അതെ.

ലേഡിലാഡ്ജ്:— മിച്ചെലിനെ ഞങ്ങൾ അറികയില്ലല്ലോ?

ആവേ:— ഇല്ല.

ഞാൻ:— അതുകൊണ്ടുതന്നയാണോ നീ ആ പേരു തന്നെ തെരഞ്ഞെടുത്തത്?

ആവേ:— അതെ; air എയർ.

ഈ രണ്ടാമത്തെ പടം കണ്ടപ്പോൾ "ഇല്ല; ഇതു ശരിയല്ല" എന്നു ആവേശപാത്രം പറഞ്ഞു.

ഞാൻ:— എന്തൊ അറിഞ്ഞില്ല; എങ്കിലും വീണ്ടും എഴുതട്ടെ.

ആവേ:— "oplain" ഒപ്ലേൻ.

ഞാൻ:— മിച്ചെൽ ഒരു "എയറോപ്ലേൻ" ഉദ്യോഗസ്ഥൻ ആണെന്നാണോ നീ വിവക്ഷിക്കുന്നത്?

ആവേ:— അതെ (വളരെ ഉച്ചത്തിൽ) *

ഞാൻ:— നിനക്കവിടെ വളരെ പ്രവൃത്തിയുണ്ടോ?

ആവേ:— ഉണ്ട്.

ഞാൻ:— ശരി; ഞാൻ ഇതാ മറെറാരു പേരു പറ

---

* ധൃതിയിലും, വലിയ അക്ഷരത്തിലും എഴുതുന്നതിനേയാണ് ഉച്ചത്തിൽ എന്നാ ഇവിടെ വ്യാഖ്യാനിച്ചതു്.

യാൻ പോകുന്നു.

ആവേ:— ഇല്ല.

ഞാൻ:— ഓ, അതു വേണ്ടെന്നാണോ നീ പറയുന്നതു്. എന്നാൽ ഞാൻ മറെറാന്നു ചോദിക്കാം. എന്റെ എതെങ്കിലും പ്രത്യേകസ്നേഹിതന്മാരെ നി അവിടെ കാണുകയുണ്ടായോ?

ആവേ:— ഉണ്ടു്.

ഞാൻ:— എന്നാൽ അയാളുടെ പേരു എഴുതുക.

ആവേ:— മയഴ്സും അപ്പപ്പനും

ലേ. ലാ:— ഇദ്ദേഹം മയഴ്സിനോടും ഗർനിയോടും ക്രൂടിയാണോ?

ആവേ:— ഇല്ല. (ഉറക്കെ)

ലേ. ലാ:— ഏതു അപ്പപ്പനെയാണു നീ സൂചിപ്പിക്കുന്നതു്? അദ്ദേഹത്തിന്റെ പേരിന്റെ ആദ്യക്ഷരം എന്താണു്?

ആവേ:— W ഡബ്ളിയു.

ഞാൻ:— "ഫെഡറാ മാറ്റ്" (അതായതു ആവേശപാത്രങ്ങളുടെ സംസാരം തെക്കാൾ ഈ ദേശ ചലിപ്പിക്കുന്നതിനെയാണോ നി ക്രൂടുതൽ ഇഷ്ടപ്പെടുന്നതു്?

ആവേ:— അതെ.

ഞാൻ:— ഇതിൽ നിനക്കു സാമർത്ഥ്യംക്രൂടും, അല്ലെ?

ആവേ:— അതെ (ഉറക്കെ)

ഞാൻ:— നി ഈ പ്രവർത്തിക്കുന്നതെങ്ങനെയെന്നു നിനക്കു വിവരിക്കുവാൻ കഴിയുമോ? അതായ

ത്ര മേശ ചലിപ്പിക്കുന്നതെങ്ങനെയെന്നു.

ഇതിനുശേഷം സൂചിതമായ അനേകം അക്ഷരങ്ങളെ നോട്ടെഴുത്തുകാരൻ ശ്രദ്ധാപൂർവ്വം കുറിച്ചു. അതിപ്രകാരമായിരുന്നു:—

"ആവേശപുരുഷനിലുള്ള അയസ്സാന്തത്തുണ്ടം മേശയിലേയ്ക്കു കടക്കയും, ഇതിനെ ഞങ്ങൾ വ്യാപരിപ്പിക്കയുമാണു ചെയ്യുന്നത്."

* * * *

ഞാൻ:— ഞാൻ ഒരു ആവേശപാത്രത്തിന്റെ കൂടെ അല്ലാത്തപ്പോൾ നിനക്കു എന്നെ കാണാൻ കഴിയുമോ?

ആവേ:— ചിലപ്പോഴൊക്കെ

ഞാൻ:— അതു ഞാൻ നിന്നെപ്പറ്റി ചിന്തിക്കുമ്പോഴായിരിക്കും?

ആവേ:— അതെ

ഞാൻ:— അതു ചിലപ്പോഴല്ലല്ലൊ, മിക്കപ്പോഴുമല്ലെ?

ആവേ:— അതെ (ഉറക്കെ)

ഈ ഉപവേശത്തിന്റെ പ്രാരംഭത്തിൽ, റെയ്മണ്ട് പറഞ്ഞ NORMAN (നാർമൻ) എന്ന പദം നിരർത്ഥകമായിട്ടാണല്ലൊ അയാളുടെ അച്ഛനും അമ്മയും ആദ്യം തോന്നിയതു. എന്നാൽ അവർ മടങ്ങി വീട്ടിൽചെന്ന വിവരങ്ങളെല്ലാം മകളോടു പറഞ്ഞപ്പോഴാണു ഇതിൽ കുറെ അർത്ഥമുണ്ടെന്നു മനസ്സിലായതു. ഇതു ഒരു പൊതുവായ "പട്ട"പ്പേരാണെന്നും, ഹാക്കി മുതലായ കളികൾ കളിക്കുമ്പോൾ

കുട്ടികൾ പരസ്പരം ഈ പേരു പറഞ്ഞാണു വിളിക്കുന്നതെന്നും, റെയ്മണ്ട് ഇത്തരം കളികളിൽ തന്റെ സഹോദരന്മാരെ ഉത്സാഹിപ്പിക്കാനായി വിളിച്ചിരുന്നതെല്ലാം ഈ പേരായിരുന്നുവെന്നും മറ്റു പുത്രന്മാരിൽനിന്നു അവർ ഗ്രഹിച്ചു. റെയ്മണ്ടിനെ തന്റെ സഹോദരങ്ങൾ എന്തു വിളിച്ചിരുന്നുവെന്ന ചോദ്യത്തിനു ആവേശകൻ നൽകിയ സമാധാനം 'പാറ' എന്നായിരുന്നല്ലോ. ഇതും ഒരു "പട്ട" പ്പേരാണ്. ഇതിനെ തുടർന്നു ഒരു സഹോദരന്റെ പേരു പറയാൻ പറഞ്ഞപ്പോൾ, ഇതുപോലെതന്നെ മറ്റൊരു പട്ടപ്പേരു ഉപയോഗിച്ചുതു സന്ദർഭോചിതമായിരുന്നുവെന്നാണു ഒളിവർ ലാഡ്ജ് പറയുന്നതു്.

ഇതുപോലെത്തന്നെയും, ഇതിനേക്കാൾ സാക്ഷ്യപരങ്ങളുമായ അനേകം അനുഭവങ്ങളെപ്പറ്റി Raymond എന്ന സർ ഒളിവർ ലാഡ്ജിന്റെ ഗ്രന്ഥത്തിൽ വിവരിച്ചുകാണുന്നുണ്ട്. മാന്യവായനക്കാരുടെ മുഷിവിനേയും പുസ്തകത്തിന്റെ അനാവശ്യദൈർഘ്യത്തേയും ഭയന്നു അവയെ ഉദ്ധരിക്കാതെ വിടുകയാണു ചെയ്യുന്നതു്. അവയിൽ മിക്കതും, മറ്റു ആവേശകന്മാരുടെ സഹായവും, മറ്റു ആവേശപാത്രങ്ങളുടെ സഹകരണവും ഒന്നും ക്ലൃപ്തതെ, റെയ്മണ്ട് തന്നത്താൻ സ്വകൃത്യംഭ്യാംഗങ്ങളുമായി നടത്തിയ സംഭാഷണങ്ങളാണ്. ഇവയിൽ അടങ്ങിയിട്ടുള്ള "സാക്ഷ്യങ്ങൾ" മനസ്സിലാക്കണമെങ്കിൽത

ന്നെ, റെയ് മണ്ടിന്റെ കുടുംബാംഗങ്ങളുടെ പൂർവ്വ ചരിത്രങ്ങളും മറ്റും സവിസ്തരം അറിഞ്ഞിരിക്കേണ്ടതുമാണ്. അതിനാൽ ഈ ടീർഘകഥാകഥനസാഹസത്തിനു തുനിയാതെ, സാക്ഷ്യപരമെന്നു ഒളിവർ ലാഡ്ജ് വിശേഷിപ്പിക്കുന്ന ഒന്നു രണ്ടു അനുഭവങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സ്വന്തം അനുഭവ്യാനത്തെ മാത്രം ഇവിടെ ഉദ്ധരിക്കാം.:—

മാച്ച് 3 നു- മിസ്സിസ്സ് കെനഡിയുടെ വീട്ടിൽ ഞാൻ ഒരു ഉപവേശത്തിനു പോയിരുന്നു. മറ്റുള്ളവരെ അപേക്ഷിച്ച് പ്രത്യക്ഷസംസാരത്തിൽ സവിശേഷപരിചയം സിദ്ധിച്ചിട്ടുള്ള ക്ലേഗ് ആയിരുന്നു അന്നത്തെ ഞങ്ങളുടെ പ്രധാന ആവേശപാത്രം. മിസ്സിസ്സ് കെനഡി ഇവളെ രണ്ടു മൂന്നു തവണ സഭാഹത്തിൽ വരുത്തുകയും, ഇവളിൽ ആവേശിച്ച് ഇവളുടെ അവയവങ്ങളിലൂടെ ഏതാണ്ടു ലളിതമായി സംസാരിക്കുവാൻ പാഠം (മിസ്സിസ്സ് കെനഡിയുടെ പരേതനായ മകൻ) ശീലിക്കയും ചെയ്തിട്ടുണ്ടായിരുന്നു. ഇതനുസരിച്ചുണ്ടു ഈ ഉപവേശത്തിനായി മിസ്സിസ്സ് കെനഡി എനിക്കു വേണ്ടി ഒരുക്കങ്ങളും ചെയ്തത്.

ഉപവേശം പ്രാരംഭിച്ചുഉടനെ, അപ്രതീക്ഷിതമായ ഒരു അനേതൃദൃശ്യാനുഭവത്തോടുകൂടിയായിരുന്നു. ഇതു വളരെ വിജയകരമായി പര്യവസാനിക്കയും ചെയ്തു. ഇതിൽ ഉണ്ടായ അനുഭവങ്ങളെപ്പറ്റി ഇതിനുശേഷം മറ്റൊരു ആവേശപാ

രും മുഖേന അറിവാനിടയായതുകൊണ്ടു 'ഉഭയസം ഭാഷണ'ത്തിനും ഇതു ഒരു ഒന്നാംതരം തെളിവായി വിചാരിക്കാം.

ഞാനും മിസ്സിസ്സ് കെനഡിയുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് മിസ്സിസ്സ് ക്ലേഗ്ഗ് ആഗതയായതു്. അവർ വന്ന് ഉടനേതന്നെ എന്നെ സൂചിപ്പിച്ചുകൊണ്ടു മിസ്സിസ്സ് കെനഡിയോടു ഇങ്ങനെ ചോദിച്ചു:— "ഓ, ഈ മാന്യനുമൊന്നിച്ചാണോ ഇന്നത്തെ ഉപദേശം നടത്തേണ്ടതു?" (ലാഡീജ് വേഷപ്പച്ചന്നനായിരുന്നുവെന്നു വായനക്കാർ ഓർക്കേണ്ടതാണു) ഇവർക്കു ഒരു ആസനം കൊടുത്തിട്ടു, അതിലിരുന്നു അല്പം വിശ്രമിക്കാൻ അനുവദിച്ചു. ഇവർ ആസനോപരിസ്ഥായ ക്ഷണംതന്നെ ഇങ്ങനെ വിളിച്ചുപറഞ്ഞു:— "ഹ! ഈ മുറി ജനങ്ങളാൽ നിബിഡമായിരിക്കുന്നു. ഹ! ഒരാൾ വരാൻ അക്ഷമനായുമിരിക്കുന്നു! "സർ ഒളിവർ ലാഡ്ജ്" എന്നു ആരോ വിളിക്കുന്നതും ഞാൻ കേൾക്കുന്നു. ആ പേരുകാരൻ ആരെന്നു നിങ്ങൾക്കറിയാമോ?"

"അതെ, ഞാൻ അയാളെ അറിയും." എന്നു ഞാൻ മറുപടി പറഞ്ഞു. മുറിയിലെ വെളിച്ചം അല്പംകൂടി കുറയ്ക്കുന്നതിനു മിസ്സിസ്സ് കെനഡി ശ്രമിച്ചു. മിസ്സിസ്സ് ക്ലേഗ്ഗ് വീണ്ടും വിളിച്ചുപറഞ്ഞു:—

റെയ്മണ്ട്, റെയ്മണ്ട്, റെയ്മണ്ട്; ഇതു

ആരു? അവൻ എന്റെ സമീപം നിൽക്കുന്നു.

അപ്പോഴെയ്ക്കു അവളിൽ ബോധക്ഷയത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതിനാൽ, ഞങ്ങൾ അവളുടെ ശുശ്രൂഷാർത്ഥം അടുത്തുകൂടി. അധികം കഴിയുന്നതിനുമുമ്പുതന്നെ, അവൾ തീരെ ബോധരഹിതയായി. ഇതിനുശേഷം അവൾ പല ചേഷ്ടകളും കാണിച്ചുതുടങ്ങി. ഞെളിഞ്ഞു പിരിഞ്ഞും, ശ്വാസോച്ഛ്വാസത്തിന്നായി പണിപ്പെട്ടും, മുതുകിൽ എന്തൊ വേദന അനുഭവിക്കുന്നമാതിരി ആ ഭാഗത്തെ കൈകൊണ്ടു തടവിയും, ശ്വാസം മുട്ടിയും അവൾ കഷ്ടപ്പെട്ടു. മിസ്സിസ്സ് കെനഡി ഓടി അടുത്തുചെന്നു അവളെ വേണ്ടംവണ്ണം ശുശ്രൂഷിച്ചു. ഞാൻ അടുത്തുതന്നെ ഇതൊക്കെ കണ്ടുകൊണ്ടുനിന്നു. അല്പം കഴിഞ്ഞപ്പോൾ അടഞ്ഞുപോയിരുന്ന അവളുടെ ശബ്ദം പുറത്തുവന്നു; അവൾ ഇങ്ങനെ പറഞ്ഞു:— "എന്നെ സഹായിക്കണെ; ഡാക്ടർ എവിടെ?"

കെനഡി അവളെ സഹായിച്ചുകൊണ്ടുതന്നെയിരുന്നു. ഒടുവിൽ അവളിൽ ആവേശിച്ച ആത്മാവിന്റെ സംസാരം വ്യക്തമായി കേട്ടുതുടങ്ങി. അപ്പോൾ അവൾ ഇങ്ങനെ പറഞ്ഞു:— വളരെ സന്തോഷം; അച്ഛാ, മാതാവിനോട എന്റെ സ്നേഹത്തെ അറിയിക്കുക. വളരെ സന്തോഷം; അവരോടെല്ലാം എന്റെ സ്നേഹത്തെ അറിയിക്കുക."

ഏവംവിധം റെയ്മണ്ട് * സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവൾ ഇടയ്ക്കിടയ്ക്ക് വളഞ്ഞുകുത്തുക; കസേരയുടെ കയ്യിൽ തലകിഴായി തൂങ്ങിക്കിടക്ക, മൂന്നോട്ടു കുനിഞ്ഞുകിടക്കുക, തല പിന്നിലാക്കിയിരിക്ക ഇങ്ങനെ വിവിധചേഷ്ടകൾ കാണിക്കയും, മുറിവോറാതുപോലെ ഭാവിക്കയും മറ്റും ചെയ്തു. ക്രമേണ അവൾ ശരിയ്ക്കു നിവന്നിരിക്കാൻ ശ്രമിക്കയും, ഒന്നു രണ്ടു തവണ കൈയ്യുംകെട്ടി നിവന്നിരിക്കയും ചെയ്തു.

ഇതേദിവസം സായാഹ്നത്തിൽ, ഞാൻ തനിച്ചു മിസ്സിസ്സ് ലിയൊനാർഡിന്റെ വസതിയിൽ പോയി. അവിടെവച്ചു മുൻപു വിവരിച്ചതായ മിസ്സിസ്സ് ക്ലേട്ടിന്റെ പ്രവൃത്തികളുടെയെല്ലാം ഒരു ശരിയായ വിവരം ലഭിച്ചതിനാൽ ഇതിനെ ഇവിടെ സവിസ്തരം രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഫ്രെഡാ (ഇതു ലിയൊനാർഡിന്റെ പതിവായ ആവേശകനാണെന്നു വായനക്കാർ ഓർക്കുമല്ലൊ) പറഞ്ഞതാവിതു:— റെയ്മണ്ട് പാളിന്റെ വീട്ടിൽ ചെല്ലുകയും, തനിയ്ക്കു പരിചിതയല്ലാത്ത ഒരു വൃദ്ധാസ്ത്രീയിൽ ആവേശിക്കാൻ ശ്രമിക്കയും ചെയ്തു. അവളിൽക്കൂടി സംസാരിക്കാൻ അവൻ ഇച്ഛിച്ചു. എന്നാൽ അതു ശ്രമസാദ്ധ്യമാണെന്നു അവൻ കണ്ടു. പാവം ഇതു ശരിയ്ക്കു നിർവഹിക്കുന്നുവെന്നും, എന്നാൽ തനിക്കു പ്രയാസമായിരിക്കുന്നുവെന്നും അ

* റെയ്മണ്ടാണു അപ്പോൾ അവളിൽ ആവേശിച്ചതു്.

വൻ പറയുന്നു. അവൻ അവളിൽ കടന്നുകൂടാൻ തുടങ്ങി; തന്റെ സ്വന്തം അനുഭവമല്ല അപ്പോൾ അവനുണ്ടായതെന്നും അവൻ പറയുന്നു. ഒരു ആത്മാവു ഒരാളിൽ ആവേശിക്കുന്നതു അസ്വസ്ഥതമായിരിയ്ക്കും. അവൻ അവളിൽ ആവേശിക്കാൻ അതിയായി ആഗ്രഹിച്ചു. അവൻ മിക്കവാറും ആവേശിച്ചുകഴിഞ്ഞു. ഓ, അതു അവൻ മതിയാക്കിയിട്ടില്ലെന്നും അവൻ പറയുന്നു. അവൻ വീണ്ടും ശ്രമിക്കാൻ പോകുന്നതേ. തന്റെ സ്വന്തം പ്രകൃതി അവനു നഷ്ടപ്പെട്ടുപോകുന്നുവെന്നാണു അവൻ വ്യസനിയ്ക്കുന്നതു്. അച്ഛാ, ഞാൻ മറെറാരു വ്യക്തി ആയിപ്പോകുന്നുവെന്നു നിങ്ങൾ അറിയുന്നു. ഇത്തരം പരിശീലനംകൊണ്ടു ഈ സ്വനത പരിഹരിക്കപ്പെട്ടുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ എന്നും അവൻ ചോദിക്കുന്നു.

ഞാൻ:— ഉവ്വു; പരിചയത്താൽ നിനക്കു അതു എളുപ്പമായി വരുമെന്നുതന്നേയാണു് എനിക്കു തോന്നുന്നതു്.

ആ:— ഇതുകൊണ്ടു എന്തെങ്കിലും ഗുണമുണ്ടെങ്കിൽ അവൻ ഇനിയും അനേകം പരീക്ഷണങ്ങൾ നടത്തും (ഫ്രെഡാ ചിലപ്പോൾ സൂക്ഷ്മസംഭാഷണത്തിലും മാറു ചിലപ്പോൾ അനുപാഖ്യാനസംഭാഷണത്തിലുമാണു് പാഠയുക.)

ഞാൻ:— ആ വൃദ്ധയെ അവൻ ഇഷ്ടപ്പെട്ടുന്നുവോ?

ആവേ:— ഉവ്വുവ്; അവൾ തരക്കേടില്ല.

ഞാൻ:— അവിടെ ഇരുന്നിരുന്നതു ആരാണു?

ആവേ:— "അവനു അതു തിച്ചയില്ല; എന്തെന്നാൽ പരിതഃസ്ഥിതി മുഴുവനും അവനു സുഗ്രാഹ്യമല്ലായിരുന്നു. അവൻ ഒരു മൂടൽ മഞ്ഞിൽ അകപ്പെട്ടതുപോലെ ആയിരുന്നു. ആ സ്ത്രീ ഏതാണ്ടു അവന്റെ അധീനതയിൽ വന്നുവെന്നു അവനു തോന്നി. എന്നാൽ അവൻ എവിടെ ആയിരുന്നുവെന്നു തീർത്തുപറയാൻ അവനു കഴിയുന്നില്ല. അവനു ചിലതൊക്കെ പറയാനുണ്ടായിരുന്നു; അതിനായി അവൻ ശ്രമിക്കയും, ആരംഭിക്കയും ചെയ്തു. താൻ എവിടെയാണ് എന്താണ് എന്നൊന്നും തുപമില്ലാത്തതുപോലെ അവനു തോന്നി. അച്ഛാ, അവൾ എന്തിനായിരുന്നു കയ്യും കാലും ഇട്ടുകുടഞ്ഞതു? അങ്ങനെ ചെയ്യുന്നതിനു ഞാൻ ആഗ്രഹിച്ചില്ല. നേരെമറിച്ചു അതു എന്നെ ശല്യപ്പെടുത്തി. അവൾക്കു ഞാൻ അസുഖം ഉണ്ടാക്കിയൊ എന്നു ഞാൻ അറിഞ്ഞില്ല. ഞാൻ പ്രവർത്തിച്ചതു ശരിയാണെന്നു അവൾ വിചാരിച്ചതായി പാലം പറഞ്ഞു. അവൾ നിശ്ചലയായിരുന്നു എന്നെ നിഷ്പ്രയാസം ആവേശിക്കാൻ അനുവദിച്ചിരുന്നുവെങ്കിൽ, എത്ര നന്നായിരുന്നു. മിസ്സിസ്സ് കാത്തി (മിസ്സിസ്സ്

കാര്യത്തെൻ കെഡനിയ്യൂ ഫെഡ്രാ പറയുന്ന പേരു) കഴിയുന്നതും സഹായിക്കാൻ ശ്രമിച്ചു. എന്നാൽ അതു മൂലം പരിതഃസ്ഥിതി ഭേദപ്പെട്ടു പോയി. ഞാൻ ഇതിലും ശരിയായവിധത്തിൽ അവളെ ആവേശിച്ചാലും, ഞാനാണെന്നു തെളിയിക്കത്തക്ക ഒരു അനുഭവം സാക്ഷ്യം കാണിക്കാൻ അതു വഴി എനിക്കു കഴിയുമെന്നു തോന്നുന്നില്ല. ആ സ്ഥലം ആദ്യമായി എനിക്കു സുപരിചിതമാവണം. എന്നിട്ടവേണം അവൾ മുഖേന സാക്ഷ്യം നൽകാൻ. ആ വൃദ്ധയെപ്പറ്റി അവനും പാളിയുംക്രൂടി നേരം പോക്കുകയും പറക പതിവായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെ ചെയ്യുന്നില്ല. പാളിനു അവളെ ആവേശിക്കാൻ കഴിയുന്നു. പാൾ അങ്ങനെ ചെയ്യുന്നതിനെ അവൻ നോക്കി നില്ക്കുക പതിവായിരുന്നു. ഞാൻ വീണ്ടും ശ്രമിക്കും എന്നു അവൻ പറയുന്നു. ഏതാനും പ്രാവശ്യംക്രൂടി ശ്രമിക്കുന്നതു കൊള്ളാമെന്നും, അപ്പോൾ താൻ പറയാൻ വിചാരിച്ചതെല്ലാം തനിക്കു പറയാറാകുമെന്നും അവൻ പറയുന്നു.

"അവൻ പറയാൻ വിചാരിച്ചതു സാധാരണയുള്ള സന്ദേശം മാത്രമായിരുന്നുവെന്നാണ്" ഫെഡ്രായുടെ വിചാരം. അതിനെ തന്റെ തലയിൽ അവൻ സൂക്ഷിച്ചുവന്നിരുന്നു. അതിനെ അവൻ പറിച്ചുകഴിഞ്ഞു; ഏതാനും വാക്കുകൾ മാത്രം. ഇതി

നെ ആദ്യം പഠിച്ചു പറയണമെന്നാണ് പാളി അവനെ പഠിപ്പിച്ചത്. അതായിരുന്നു അവൻ ചെയ്യാൻ വിചാരിച്ചത്. നിങ്ങളെ കണ്ടതിൽ വളരെ സന്തോഷിച്ചുവെന്നു പറയാൻ അവൻ വിചാരിച്ചു. തന്റെ അമ്മയെപ്പറ്റി പറയാനും, നിറുത്തിയുണ്ടെങ്കിൽ, ഫെഡാ മുഖേന നിങ്ങളോടു സംസാരിച്ചവിവരം അറിയിക്കാനും അവൻ ആഗ്രഹിച്ചു. ഇതു മാതിരിയുള്ള സാധാരണ സംഗതികളും മാത്രം. നിസ്സാര സംഗതികളെപ്പറ്റി മാത്രമെ അവൻ ചിന്തിക്കുന്നുള്ളു. എന്തെന്നാൽ സമ്മിശ്രവിഷയങ്ങളെക്കുറിച്ചു വിചാരിക്കുന്നതു നന്നല്ലെന്നാണ് പാളി അവനോടു പറഞ്ഞിട്ടുള്ളത്. അവൻ വിശദമായി ഒന്നും കണ്ടില്ല; എങ്കിലും ചിലതൊക്കെ അവനു ബോധമുണ്ടായി. നിങ്ങൾ അവിടെ ഉണ്ടായിരുന്നുവെന്നും മിസ്സിസ്സ് കാത്തി ഉണ്ടായിരുന്നുവെന്നും അവനു ഏതാണ്ടു ഉത്തമവിശ്വാസമുണ്ട്; പക്ഷേ തിച്ചുപ്പിച്ചില്ല. അവൻ ആകപ്പാടെ കുഴങ്ങിപ്പോയി. സാധു മിസ്സിസ്സ് കാത്തി കഴിയുന്നതു ശ്രമിച്ചു. ഇതേ പരിശോധനയ്ക്കു നിങ്ങൾ വീണ്ടും ശ്രമിക്കുന്നപക്ഷം, അന്നത്തെ പരിതഃസ്ഥിതികൾക്കു മാറ്റം വരുത്തരുതെന്നു അവൻ പറയുന്നു."

ഏതാനും മാസങ്ങൾക്കുശേഷം, ഒരിക്കൽ ആ വേശശക്തിയുള്ള വേറൊരു സ്ത്രീയെക്കുറിച്ചു തെങ്ങൾ കേട്ടു. ഇവർ അന്യർ കാണാത്തവിധത്തിൽ ഉപദേശങ്ങൾ നടത്തുക പതിവില്ലെങ്കിലും, രങ്ങ

ളുടെ മിത്രങ്ങളുടെ സഹായത്താൽ പിലപ്പോഴൊ
ക്കെ ഇവരുടെ അന്തഃവൃദ്ധം കാണാൻ അന്യർക്കും
സാധിച്ചേയ്ക്കും.

തന്റെ ഒരു മിത്രത്തിന്റെ സഹായത്താൽ
ഒരിക്കൽ ലോഡിലാഡ്ജ്, വേഷംമാറി ഇവരുടെ
വീട്ടിൽപോയി. ഇവർ ലോഡിലാഡ്ജിനെ രീതി അ
പരിചിതരായിരുന്നു. എന്നിട്ടും തന്നെ കണ്ടമാത്ര
യിൽത്തന്നെ ലോഡിലാഡ്ജിനെ ആഭോഗകൻ തിരി
ച്ചറിയുകയും, പേര് പറയുകയും ചെയ്തു. ഇവരെ
തിരിച്ചറിഞ്ഞപ്പോൾ ആ സ്ത്രീക്കു വിസ്മയിച്ചുപോ
കയാണുണ്ടായത്. തങ്ങളുടെ മിത്രത്തിന്റെ സഹോ
ദരിയെന്നായിരുന്ന ലോഡിലാഡ്ജിനെ ഇവർ ധരി
ച്ചിരുന്നത്. താഴെ പറയാൻ പോകുന്ന സംഗതി
കൾ ആഭോഗപാത്രങ്ങൾക്കു മാത്രമല്ല അവിടെ കൂ
ടിയിരുന്നവരിൽ ആർക്കും അറിവുണ്ടായിരുന്നില്ല.
അന്യവസ്തുതയിൽ അവരിൽ ഒരാൾ ഒഴിച്ചു മറ്റാ
രും മേശയിൽ കൈവച്ചിരുന്നുമില്ല. അപ്പോൾ മേ
ശയെ ഭരിച്ചിരുന്നതു നെയ്മണ്ടായിരുന്നതെന്നതി
ന് വേണ്ട ലക്ഷ്യമുണ്ട്.

"ഹാരിക്ക സുഖംതന്നയോ" എന്നായിരുന്നു
ആഭോഗകന്റെ ആദ്യത്തെ ചോദ്യം.

ലേ. ലാ:— ഹാരിയൊ? ഒരു ഹാരിയേയും ഞാൻ
അറികയില്ലല്ലോ.

ആഭോ:— അതേ, കുട്ടിക്കുണ്ടു; നിങ്ങൾ ഒട്ടറിൽ
അറിയും.

ലേ. ലാ:— ഇതു നമ്മുടെ ഒരു ബന്ധുവാണൊ?

ആവേ:— അല്ല.

(ഇതു കേട്ടപ്പോൾ അവരുടെ മനസ്സിൽ ഒരു ഊഹം കടന്നുകൂടി. ഹാരിസൻ എന്ന പേരായി കഴിഞ്ഞ 24 കൊല്ലങ്ങളോളം അവരെ സേവിച്ചു പോരുന്ന ഒരു പരിചാരികയുണ്ട്. ഇവളെ കുട്ടികൾ 'ഹാരി' എന്നാണു വിളിക്കാറു.)

ലേ. ലാ:— ഈ ആൾ ഒരു പുരുഷനാണോ?

ആവേ:— അല്ല.

ലേ. ലാ:— സ്ത്രീയോ?

ആവേ:— അതെ.

ലേ. ലാ:— എന്നാൽ അവൾക്കു മനസ്സിലാകുന്നതായ ഏതെങ്കിലും ഒരു സന്ദേശം അവൾക്കായി തരുക.

ആവേ:— എനിക്കുവേണ്ടി അവൾ ഇന്നിയാതൊരു തുന്നൽപണിയും നടത്തേണ്ടതില്ലെന്നു അവളോടു പറയുക.

(കുട്ടികളുടേയും മറ്റും ഉടുപ്പുകൾക്കുണ്ടാകുന്ന കേടുകൾ തുന്നി ശരിപ്പെടുത്തുന്നതു ഹാരിസൻ ആയിരുന്നു. ഒരു ജോഡി കാലുറയിൽ, ഒരവസരത്തിൽ ഇവൾ തുന്നിപ്പിടിപ്പിച്ച തുണിക്കഷണത്തിന്റെ അസാമാന്യവലിപ്പം കുട്ടികളെ വല്ലാതെ രസിപ്പിക്കയും, ഇതു അവരുടെയിടയിൽ ഒരു നേരംപോക്കിനു ഇടയാകയും ചെയ്തിട്ടുണ്ട്.)

ഈവക അനുഭവങ്ങളെ ഇതിൽക്കൂടുതൽ ഉദ്ധ

രിക്കാൻ വിചാരിക്കുന്നില്ല. പ്രത്യക്ഷാഗമനം, പ്രത്യക്ഷസംഭാഷണം എന്നിവയുടെ ഓരോ ഉദാഹരണം കൂടി പറഞ്ഞിട്ട്, അസാമാന്യം ദീർഘിച്ചുപോയ ഈ അദ്ധ്യായത്തെ അവസാനിപ്പിക്കാം.

മിസ്സിസ്സ് ലിയൊനാർഡ് ഒരിക്കൽ ഒളിവർ ലാഡ്ഡിന്റെ ആതിഥ്യം സ്വീകരിച്ച് അദ്ദേഹത്തിന്റെ ഗൃഹത്തിൽ താമസിച്ചിരുന്നു. "ഡൈറ്റ്റൂം" എന്നു പേരായ മുറിയിലായിരുന്നു അവൾ ഉറങ്ങിയിരുന്നത്. സമയം രാത്രിയായി; വെളിച്ചം അശേഷമില്ല. അതിനകത്തുണ്ടായിരുന്ന ഉടുപ്പുപെട്ടിയിൽ ആരൊ മുട്ടുന്ന ശബ്ദം അവൾ കേട്ടു; കണ്ണു തുറന്നു. മുറിയിൽ സ്വൽപ്പം പച്ചനിറത്തിലുള്ള ഒരു വെളിച്ചം അവൾ കണ്ടു. അവൾ ഭയത്താൽ മലിനരഹിതയായി. വളരെ വിഷമിച്ചു ഒരു കൈ അനക്കി നെഞ്ചിൽ കുരിശിന്റെ ചിത്രം അടയാളപ്പെടുത്തി. ഇതുകൊണ്ടു ഭ്രതപ്പിശാചാദിദുഷ്ടശക്തികൾ അകന്നുപോകുമെന്നായിരുന്ന അവളുടെ വിശ്വാസം. കണ്ണുമാത്രം അനക്കാമെന്നല്ലാതെ, തല പൊന്തിക്കാൻ കഴിയുന്നില്ല എന്നു അവൾക്കു തോന്നി. അപ്പോൾ "ഒയ്മണ്ട്" എന്ന ഒരു വിളി കേട്ടു. മേലോട്ടു നോക്കിയതും കാക്കി വസ്ത്രധാരിയായ ഒരാൾ അവളുടെ ദൃഷ്ടിയിൽ പെട്ടതും ഒപ്പം കഴിഞ്ഞു. അതു ഒയ്മണ്ടുതന്നെയായിരുന്നുവെന്നു അവൾ വിചാരിച്ചു. അനന്തരം മുറിയിൽ ആരൊ നടക്കുന്ന ശബ്ദം കേട്ടു. താൻ ഉണർന്നതന്നെയൊ കി

ടക്കുന്നതു എന്നു അവൾ അല്പനേരം സംശയിച്ചു എന്നാൽ പുറത്തു മഴ ചൊരിയുന്ന ശബ്ദം അവൾക്കു സ്പഷ്ടമായി കേൾക്കാമായിരുന്നതിനാൽ സ്വപ്നം കാണുകയല്ലെന്നു അവൾ തീർച്ചപ്പെടുത്തി. ആ വീട്ടിലെ വായനമുറിയിൽ വച്ചിരുന്ന റെയ്മണ്ടിന്റെ ചിത്രത്തിനു ഏറ്റവും അനുയോജ്യമായ ഒരു ഭ്രമത്തെയാണു താൻ കണ്ടതെന്നു അവൾ പിറകുന്നു പറകയുണ്ടായി. ഇതിനടുത്ത ചില രാത്രികളിലും, ഇവളുടെ മുറിയിൽ ഇത്തരം ശബ്ദങ്ങളും മറ്റും ധാരാളം ഉണ്ടായിട്ടുണ്ട്.

ഒരിക്കൽ ലേഡിലാഡ്ജും, റെയ്മണ്ടിന്റെ സഹോദരി ഹൊനോറംക്രൂടി ഒരു ഉപദേശത്തിനായി, മിസ്സിസ്സ് റാബർട്ടസ് ജാൻസൻ എന്ന ആവേശപാത്രത്തിന്റെ വസതിയിൽ പോയിരുന്നു. ഒരു ഡാക്ടരും വേറെ പലരും അവിടെ ഹാജരുണ്ടായിരുന്നു. ഈ ഉപദേശത്തെപ്പറ്റി ഹൊനോർ ചെയ്തിട്ടുള്ള അനുഭവത്തെത്തന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

പെട്ടെന്നു മുറി മുഴുവൻ ചലിക്കുന്നതുപോലെ എനിക്കു തോന്നി. തറയിൽ ആരും ചവിട്ടുകപോലും ചെയ്തിരുന്നില്ല; എങ്കിലും തോണിയിൽ ഇരിക്കുന്നതുപോലത്തെ ഒരു ചലനാനുഭൂതി എനിയ്ക്കുണ്ടായി. അധികം കഴിയുന്നതിനുമുമ്പുതന്നെ ഈ അനുഭവം അവിടെയുണ്ടായിരുന്ന മറ്റുള്ളവരിലും വ്യാപിച്ചു. ഇതോടുകൂടി അതിശീതളമായ ഒരു വാ

കർഷക

യു സമ്പർക്കവുമുണ്ടായി. ഞങ്ങളെ ക്രൂരതെ അമി
ടെ ഉണ്ടായിരുന്നതു ഡാക്ടർ.....ടെ സ്നേഹിതന്മാ
രായിരുന്നു. ഈ ഡാക്ടർ ഒരു തത്വാനുഷ്ഠിയായി
രുന്നു. കാഹളത്തിൽ അത്തമാക്കം ആവേശിക്ക
മെന്നു പറയുന്നതിൽ ഇദ്ദേഹത്തിനു അശ്ലേഷം വി
ശ്വാസമുണ്ടായിരുന്നില്ല.

ഞങ്ങൾ കുറച്ചുനേരം പാടിക്കൊണ്ടിരുന്നു. അ
തിനുശേഷം, അവിടെയുണ്ടായിരുന്ന കാഹളത്തിൽ
നിന്നോ, അതിന്റെ സമീപത്തുനിന്നോ അപ്രതീ
ക്ഷിതമായി ഒരു വലിയ ശബ്ദം പുറപ്പെട്ടു. ഒരു
സ്കോട്ട്ലണ്ടുകാരന്റെ ശബ്ദംപോലെ അതു അഗാ
ധമായിരുന്നു. ഇങ്ങനെയാണു ഞങ്ങൾ കേട്ട
തു:— "മാന്യന്മാരെ, മാന്യകളെ, വന്ദനം" ഈ
സംസാരിച്ചതു പ്രസിദ്ധ കാഹളാവേശകനായ ഡേ
വിഡ് ഡ്യൂഗിഡ് ആയിരുന്നുവെന്നാണ് പറയപ്പെ
ട്ടതു.

പിന്നേയും ഞങ്ങൾ സംഗീതം നടത്തി; ശബ്ദം
വീണ്ടും പുറപ്പെട്ടു. അതു ഇങ്ങനെയായിരുന്നു:—
"നിങ്ങൾ ചെയ്യുന്നതെല്ലാം കൊള്ളാം." ഇതു വ്യ
കതമായി കേൾക്കാഞ്ഞതിനാൽ, പറഞ്ഞതെന്താ
യിരുന്നുവെന്നുള്ളതിനെപ്പറ്റി പലരും പലവിധ
ത്തിൽ വാദിച്ചു. അപ്പോൾ ശബ്ദം വീണ്ടും "നി
ങ്ങൾ ചെയ്യുന്നതെല്ലാം കൊള്ളാം, എന്നാണു ഞാൻ
പറയുന്നതു" എന്നറിയിച്ചു.

പെട്ടെന്നു ആ കാഹളം അതിന്റെ സ്ഥാന

തുനിന്നിളകി, മുറിയുടെ പുറവും സഞ്ചരിച്ചുതുടങ്ങി. അതു ചിലരെയൊക്കെ സ്പർശിച്ചു. തങ്ങളെ സ്പർശിച്ചതു ഒരു മനുഷ്യഹസ്തമായിരുന്നുവെന്നും, മറെറാരാളുടെ കൈകൊണ്ടെന്നപോലെ, തങ്ങളുടെ കൈ കോഞ്ഞുപിടിക്കപ്പെട്ടുവെന്നും ചിലർ പറഞ്ഞു. താമസിയാതെ കാഹളം ഞങ്ങളുടെ അടുത്തെത്തി. കാക്കി വസ്ത്രധാരിയായ ഒരു യുവാവു കയ്യിൽ പെൻസിലും കടലാസുമായി എന്റെ സമീപം നില്ക്കുന്നതു താൻ കാണുന്നുണ്ടെന്നു അപ്പോൾ മിസ്സിസ്സ് ജാൺസൻ പറഞ്ഞു. അനന്തരം കാഹളം മന്ദസ്വരത്തിൽ ഞങ്ങളോടു "റെയ്മണ്ട്, റെയ്മണ്ട്" എന്നു മന്ത്രിച്ചു. പടങ്ങളുടെ അന്ത്യഭാഗം തീരെ വിശദമായില്ല.

"ഞാൻ ഇവിടെയുണ്ട്" എന്നായിരുന്നു രണ്ടാമതു പറഞ്ഞതു്. പേരൊന്നും പറയാതെ അപ്പോൾ അതിനോടു "ഞങ്ങൾക്കു എന്തെങ്കിലും സന്ദേശം തരാനുണ്ടോ?" എന്നു ഞാൻ ചോദിച്ചു.

"ഞാൻ വന്നിരുന്നുവെന്നു അച്ഛനോടു പറക." എന്നായിരുന്നു സമാധാനം.

ഇതെല്ലാം വളരെ മന്ദസ്വരത്തിലാണു പറയപ്പെട്ടതു്. ഞങ്ങൾ രണ്ടുപേരും തീച്ചയായും റെയ്മണ്ടിന്റെ സ്വരംതന്നെയായിരുന്നു അപ്പോൾ ശ്രവിച്ചതു്. അവസാനം പറഞ്ഞുനിറുത്തിയ വാക്കു ഞങ്ങൾ കേൾക്കാഞ്ഞതിനാൽ അതെന്തായിരുന്നുവെന്നു ഞങ്ങൾ ചോദിച്ചു അപ്പോൾ വളരെ

ച്ചത്തിൽ ശബ്ദം പുറപ്പെട്ട. ഇതോടുകൂടി കാഹളത്തിന്റെ മുഴക്കവും പുറപ്പെട്ടതിനാൽ ശബ്ദം തീരെ തിരിച്ചറിയാൻ പാടില്ലാതെ ആയിപ്പോയി. ഇതുകേട്ട അമ്മ പരിഭ്രമിച്ചു. അപ്പോൾ റെയ്മണ്ട് വീണ്ടും

"അമ്മേ, ഭയപ്പെടേണ്ടാ, എനിക്കു ഒരു ഹാനിയുമില്ല"

അമ്മ:— നീ ഞങ്ങളുടെ അടുക്കലേക്കാണു വരുന്നതെന്നു നിനക്കു മുമ്പേ തന്നെ അറിയാമായിരുന്നോ?"

"തീച്ചയായും അറിയാം; ഞാൻ എപ്പോഴും നിങ്ങളുടെക്രൂടത്തന്നെ."

കാഹളം എന്നേയും അമ്മയേയും സ്പർശിച്ചു. അതു സംസാരിച്ചിരുന്ന സമയത്തെല്ലാം മിസ്സിസ്സ് ജാൻസൻ "സ്നേഹിതാ, സംസാരിക്കുക, സംസാരിക്കുക"എന്നു ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

ഇതുയും കഴിഞ്ഞു കാഹളം വീണ്ടും മുറിയുടെ മദ്ധ്യത്തു ചെന്നുചേർന്നു. വേറെ ചിലർക്കും അതു ചില സന്ദേശങ്ങളും നൽകുകയും, ചിലപ്പോൾ ഞങ്ങളുടെ പാട്ടിൽക്കൂടി ചേർന്നു പാടുകയും ചെയ്തു. അവസാനം നക്ഷത്രങ്ങൾക്കുതുല്യം ചില വെളിച്ചങ്ങളും തട്ടിലും, ചുവരുകളിലും കാണപ്പെട്ട. ഇതുകൂടാതെ മുറിയുടെ ഒരു മൂലയിൽനിന്നു ചില ശബ്ദങ്ങളും കേട്ടുകൊണ്ടിരുന്നു. പക്ഷേ ഇതിനെ ആരും ശ്രദ്ധിച്ചില്ല.

ഈ ഉപവേശത്തിനെ സംബന്ധിച്ചും, ഒറ
യ്മണ്ട് കാഹളത്തിൽക്കൂടി സംസാരിക്കാൻ ശ്രമി
ച്ചതിനെപ്പറ്റിയും ഉള്ള ഒരു ശരിയായ വിവരം മൂന്നാ
ഴ്ച കഴിഞ്ഞു മിസ്സിസ്സ് ലിയോനാർഡുമായുണ്ടാ
യ ഒരു ഉപവേശത്തിൽ ഫെഡാ നല്കുകയുണ്ടായി.
ഈ ഭീർഘവിവരണത്തിനു ഇനിയുന്നില്ല.

അദ്ധ്യായം വ്യ.

ചില ശാസ്ത്രപട്ടക്കളുടെ അഭിപ്രായങ്ങൾ.

ആത്മവാതത്തിൽ സുദൃഢ വിശ്വാസിയും, അതിന്റെ ഇന്നത്തെ പ്രധാന പ്രകാശകനുമായ സർ ഒളിവർ ലാഡ്ജിന്റെ അഭിപ്രായം അറിയുന്നതു്, ഈ വിഷയത്തിൽ ജിജ്ഞാസുക്കളായവക്കൊക്കെ ഉപകാരപ്രദമായതിനാൽ, "റെയ്മണ്ട്" എന്ന തന്റെ ഗ്രന്ഥത്തിന്റെ അവസാനഭാഗത്തു "വിവരണവും സമാധാനവും" എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയിരിയ്ക്കുന്ന അദ്ധ്യായത്തെത്തന്നെ ഏതാണ്ടു മുഴുവനുമായി ഇവിടെ വിവർത്തനം ചെയ്യാം:—

ഇത്തരം ഒരു ഗ്രന്ഥത്തിന്റെ പ്രധാന ഉദ്ദേശ്യംതന്നെ, ബന്ധുമിത്രങ്ങളുടെ വേർപാടിനാൽ, വിശിഷ്യ, ഈ യുദ്ധംനിമിത്തം സപ്രജനങ്ങൾ നഷ്ടപ്പെട്ടുപോയതുകൊണ്ടു, ദുഃഖമനുഭവിക്കുന്നവർക്കു മനഃസുഖം ഉണ്ടാകുവാനായി അവരെ സഹായിക്കുകയാ

ക്കുന്നു. എല്ലാത്തരക്കാരായ ആളുകളേയും, ആവേശപാത്രങ്ങളെ സന്ദർശിക്കാനൊ, ഈ വിഷയകമായി സ്വയം പരിശോധനകൾ നടത്താനൊ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. ഇങ്ങനെ ആരെങ്കിലും ചെയ്യുന്നപക്ഷം അതു അവരുടെ സ്വന്ത ഉത്തരവാദിത്വത്തിൽതന്നെ ആയിരിക്കണം. അവിപ്ലുതമാനസരായ ആളുകൾ സദുദ്ദേശത്താൽ പ്രേരിതരായി, ന്യായമായ മനഃസ്ഥിതിയോടുകൂടി, ദുഃഖനിവാരണാർത്ഥം ഈ വിഷയത്തെപ്പറ്റി സ്വാന്തനഭവം നേടണമെന്നാഗ്രഹിക്കുന്നപക്ഷം, അവരെ സഹായിക്കുക ഞങ്ങളുടെ പതിവാണ്. ഒരു അപരിചിതനെ സംബന്ധിച്ചുടത്തോളം ഈ ഉത്തരവാദിത്വം തന്നേയും വഹിക്കുന്നതു ബുദ്ധിപൂർവ്വകമല്ല. ചിലരെ ഏതാദ്ധ്യോത്മങ്ങളിൽനിന്നു പിന്തിരിക്കയാണു വേണ്ടതു്. ഇങ്ങനെ ഒക്കെ ആണെങ്കിലും ഒട്ടവളരെ ആളുകളെ ഞങ്ങൾ സഹായിച്ചിട്ടുണ്ടു്. ആത്മവിഷയകമായി മുമ്പു യാതൊരറിവും സിദ്ധിച്ചിട്ടില്ലാത്തവരും ഇവരിൽ ഉണ്ടു്. നിർവ്യാജമായ ദുഃഖത്തിൽ പെട്ടിരുന്നവരെ, ആദരണീയന്മാരായ ആവേശപാത്രങ്ങളുടെ അടുക്കൽ വേണ്ട ഉപദേശത്താടുകൂടി അയയ്ക്കുന്നും, പരേതബന്ധുജനങ്ങളുടെ നിസ്സംശയമായ സാന്നിദ്ധ്യം അവക്കു സിദ്ധമാകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള അനുഭവങ്ങൾ കുറച്ചൊന്നുമല്ല ഉണ്ടായിട്ടുള്ളതു്. ഇവയിൽ ചിലതു് വളരെ ശ്രദ്ധേയവുമാണു്. ഇതിനെറ ഒക്കെ ഫ

ലമായി, ആത്മവാദികളുടെ വാദമുഖങ്ങളെ സംബന്ധിച്ച തെളിവുകൾക്കു പറയത്തക്ക പ്രാബല്യവും സിദ്ധിച്ചു. സബോധാവസ്ഥയിൽ, തങ്ങളെ സമീപിക്കുന്ന സന്ദർശകന്മാരെപ്പറ്റി യാതൊന്നും അറിയാതിരിക്കുന്ന ആവേശപാത്രങ്ങൾ തന്മയാവസ്ഥയിൽ അവരുടെ കുടുംബരഹസ്യങ്ങൾപോലും ശരിയ്ക്കു പറഞ്ഞിരുന്നതിനാൽ, ഇത്തരം ആവിഷ്ടന്മാർക്കുള്ള ശക്തിവിശേഷത്തെ സംബന്ധിച്ച അറിവിനും ഒരു വർദ്ധനവുണ്ടായി. ഏതെങ്കിലും ഒരു ആവേശപാത്രത്തെ സമീപിക്കാതിരിക്കുമ്പോൾ പ്രച്ഛന്നവേഷരായ സന്ദർശകന്മാരെ തിരിച്ചറിയാം എന്നു പറയുന്നതു അസംബന്ധമാണ്. വേഷം മാറിച്ചെല്ലുന്ന ഓരോരുത്തരേയും ആവിഷ്ടൻ മുമ്പേ കൂട്ടി അറിഞ്ഞിരുന്നതാണെന്നും, അവരെ പ്രതീക്ഷിച്ചിരിക്കയായിരുന്നെന്നും ജല്പിക്കുന്നതു ഇതിലുമേറെ മൌഢ്യമാണ്.

അനാഡംബരന്മാരും, ഋജുബുദ്ധികളും, വ്യസനാക്രാന്തരായ ആളുകളെ തങ്ങൾക്കുള്ള വിശേഷശക്തിമൂലം കഴിയുന്നതു സഹായിക്കണമെന്നു ആഗ്രഹിക്കുന്നവരുമാണ് ഉത്തമന്മാരായ ആവിഷ്ടന്മാർ. തങ്ങൾക്കില്ലാത്ത ശക്തികളൊക്കെ ഉണ്ടെന്നു വിഭാവനം ചെയ്തു, ജനങ്ങളെ മനഃപൂർവ്വം വഞ്ചിക്കാൻ ധൃഷ്ടരായി നടക്കുന്ന ചിലരെ കണ്ടേക്കാം. ഇവരെ ആശ്രയിക്കാൻ പാടില്ല. അപരിചിതന്മാർ ഇത്തരക്കാരുടെ അടുക്കൽചെന്നു ഇവരുടെ അഭിപ്രായ

ങ്ങളെ സ്വീകരിക്കുന്നപക്ഷം, ഇതിലേയ്ക്ക അവർ ന്യായമായി അനുഭവിക്കേണ്ട ശിക്ഷ അവക്ക ലഭിക്കുകതന്നെ ചെയ്യും.

എന്നാൽ, ദുഃഖപീഡിതരായ ജനങ്ങൾ എല്ലാം വിശ്വസിക്കുന്നവരായിട്ടില്ല സാധാരണ ഞാൻ കണ്ടിട്ടുള്ളതു്. ചിലർ പെട്ടെന്ന വിശ്വസിച്ചേയ്ക്കും; ചിലർ മദ്ധ്യംമൂലം എല്ലാം അവിശ്വാസകോടിയിൽ വലിച്ചെറിഞ്ഞുകളയും എന്നാൽ മനഃപൂർവ്വം തെളിവുകൾ ആരായുന്നവരെ വഴി ഉറപ്പിച്ചുകളയുവാൻ അവർ എല്ലാം അനുവദിച്ചുകൊടുക്കുമെന്ന വിശ്വസിക്കുന്നതു പ്രായേണ അബദ്ധമാണ്. അവർ സാധാരണ, നല്ല വിമർശകസ്വഭാവത്തോടും ന്യായമായ മുൻകരുതലോടും കൂടിയാണ് കാണപ്പെടുക. ഇതു പ്രാധാന്യത്തിനർഹമായ വിഷയത്തെ സംബന്ധിച്ച് വഞ്ചിതരാകരുതെന്നുള്ള അവരുടെ മോഹം, ചിലപ്പോൾ അവരെ കണക്കിൽകവിഞ്ഞ ഉൽക്കണ്ഠയുള്ളവരാക്കുന്നുണ്ട്. അത്യുത്തമങ്ങളായ സാക്ഷ്യങ്ങൾ ലഭിച്ചാലും, അവയെ മറന്നിട്ട അവർ വീണ്ടും അവിശ്വാസികളായി ഭവിക്കുന്നു. എന്നെ സംബന്ധിച്ചടത്തോളം, ഈ വിഷയത്തെക്കുറിച്ചുള്ള തെളിവുകൾ വിശ്വാസയോഗ്യങ്ങളെന്ന സമ്മതിക്കുവാൻ എനിക്ക അനേകകൊല്ലത്തെ അനുഭവങ്ങൾ വേണ്ടിവന്നിട്ടുണ്ട്.

എന്റെ മകൻ റെയ്മണ്ടിനെപ്പറ്റി പറയുകയാണെങ്കിൽ, വീണ്ടും അവനുമായി അനേകസം

ഭാഷണങ്ങൾ ഞാൻ നടത്തിയിട്ടുണ്ട്. എന്നാൽ സംഭാഷണം നടത്തണമെന്നു ഏതിനിക്കു മുമ്പുണ്ടായിരുന്ന നിർബന്ധബുദ്ധിയും, വാഞ്ഛയും ഇപ്പോൾ ഇല്ല. അവന്റെ മരണാനന്തരാസ്തിത്വത്തെയും സുഖജീവിതത്തെയും പറിയുള്ള തെളിവുകൾ കിട്ടിക്കഴിഞ്ഞിരിക്കുന്ന ഈയവസരത്തിൽ ഞങ്ങളുടെ സംഭാഷണം തീരെ മന്ദിഭവിച്ചിരിക്കയാണ്. തനിയ്ക്കു ജീവിതകാലത്തു പരിചയമുള്ള അനേകം യുവാക്കളെ അവൻ അവരുടെ മാതാപിതാക്കന്മാരുടെ അടുക്കൽ ചേർത്തുകൊടുത്തിട്ടുണ്ട്. ഇതുമൂലം ആത്മവാദത്തിന്റെ തെളിവുകൾക്കു എന്തെന്നില്ലാത്ത ശക്തിയും വർദ്ധിച്ചു.

കാലക്രമംകൊണ്ടു ഇതിന്റെയൊക്കെ സംഭാവ്യതയെ ജനസാമാന്യം അംഗീകരിക്കയും, മതം അതിന്റെ പക്ഷത്തിന്നടിയിൽ ഈ തത്ത്വത്തെ വഹിക്കയും ചെയ്തു കഴിയുമ്പോൾ, ജനങ്ങൾ അവരുടെ പരേതരായ ബന്ധുക്കളുടെ സുഖത്തെപ്പറ്റി പ്രത്യേകം വ്യക്തിപരമായ സന്ദേശങ്ങൾ ആവശ്യപ്പെടുകയില്ല. ഏതാനുംപേരെ സംബന്ധിച്ചു വാസ്തവമായി ഭവിച്ച സംഗതികൾ, അതേ പരിതഃസ്ഥിതിയിലുള്ള മറ്റെല്ലാവരേസംബന്ധിച്ചും വാസ്തവമാണെന്നു അവർ വിശ്വസിച്ചുകൊള്ളുമെന്നുതന്നെയാണു ഞാൻ പ്രതീക്ഷിക്കുന്നത്. എന്നുതന്നെയല്ല, ആ വേശപാത്രങ്ങളുടെ സഹായമൊ പ്രത്യേക പ്രയത്നമൊ കൂടാതെ, തങ്ങളുടെ സ്വശക്തിയുടെ സഹാ

യത്താൽ തന്നെ അവക്ക് സംഭാഷണസൗകര്യം ലഭിക്കുമെന്നും ആശിക്കാവുന്നതാണ്.

ഈ ആത്മസംവാദത്തിനു വേണ്ടതായ ശക്തി, ജനങ്ങൾ സാധാരണ ഉപയോഗിക്കുന്നതിലും ഏറെ സുലഭമാണെന്നാണു ഞാൻ വിചാരിക്കുന്നതു്. ഈ വിഷയത്തിൽ അന്യർക്കു സഹായം നൽകാൻ കഴിയുന്ന ഒരാളെങ്കിലും ഒരു കുടുംബത്തിൽ ഉണ്ടാകുമെന്നാണു എന്റെ പ്രതീക്ഷ. പ്രാരംഭഘട്ടത്തിൽ മാത്രമെ വലുതായ തെളിവുകൾ വേണ്ടിവരൂ. ഭൂമിയുടെ ആകൃതി ചലനം എന്നീ വിഷയങ്ങൾ പോലെ, ഒരിക്കൽ ഒരു വസ്തുത പൊതുവെ സമ്മതിക്കപ്പെട്ടുകഴിഞ്ഞാൽ, ഓരോ വ്യക്തിയും പ്രത്യേകതെളിവുകൾക്കായി പാഞ്ഞുനടക്കാതെ തന്നെ ജനങ്ങൾക്കു പൊതുവെ അതിൽ വിശ്വാസം ഉറച്ചുപോകയും ചെയ്യും. വ്യക്തിയുടേയെന്നല്ല, സമുദായത്തിന്റേയും മനസ്സിനുള്ള മന്ദത അഥവാ നിശ്ചലത കുറച്ചൊന്നുമല്ല. ശരിയായ വിശ്വാസം കടന്നുകൂടുന്നതിനു അധികസമയം വേണ്ടിവരും; അതുപോലെതന്നെ തെറ്റായ ധാരണകൾ ഇളകിമാറുന്നതിനും അല്പസമയം പോരാ. എന്നാൽ, സന്ദേഹം, ഉൽക്കണ്ഠ, വിവാദം, എന്നീ ദശകൾ ഒരു പ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം ചിരകാലസ്ഥിതങ്ങളല്ല; അതു തരണം ചെയ്യേണ്ടുന്ന കാലത്തിന്റെ ചില ഘട്ടങ്ങൾ മാത്രമാണു ഇവ.

പാതിരിമാരുടെ തടസ്സങ്ങൾ.

ഇത്തരം തെളിവുകളിൽ വിശ്വസിച്ചുശ്വസിക്കുവാൻ ചില സത്യക്കാർക്കുള്ള ബുദ്ധിമുട്ട്, ഇവയെ സംബന്ധിച്ച് ചർച്ചിന്റെ (ക്രിസ്തുമതാധികാരികളുടെ) വിപരീതനിലയും, ഞങ്ങൾ ആപൽക്കരവും, വിരോധിക്കപ്പെട്ടതുമായ മാർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നുവെന്നുള്ള വിശ്വാസവുമാണ്. ഈ മതാധികാരികളുടെ വാദമുഖത്തെ ഒഴിച്ചുവിടണമെന്നു ഞാൻ തീരെ ആഗ്രഹിക്കുന്നില്ല. ചർച്ചിനു ജനസാമാന്യത്തിൽ വലുതായ സ്വാധീനശക്തിയുള്ളതു കൊണ്ട് അതിന്റെ അഭിപ്രായം പ്രാധാന്യതയെ അഹിക്കുന്നതുമാണല്ലോ. എന്നാൽ മതപക്ഷപാതികളുടെ പാരമ്പര്യപ്പുലകകളെ ആദരിക്കുവാൻ ശാസ്ത്രത്തിനു കഴികയില്ലെന്നു പറയാതെ നിവൃത്തിയില്ല. കഴിയുന്നിടത്തെല്ലാം നാം പരിക്ഷണങ്ങൾ നടത്തുകതന്നെ വേണം. അധികാരശക്തി മൂലം ഏതൊരു സത്യാന്വേഷിയുടേയും പുരോഗമനത്തെ മാർഗ്ഗനിരോധം ചെയ്യുവാൻ കഴിയുമെന്നും ഞാൻ വിചാരിക്കുന്നില്ല.

ഞങ്ങൾ പ്രബോധനം ചെയ്യുന്ന അനുഭവങ്ങൾ പിശാചുക്കളുടെ വേലയാണെന്നാണ് ചിലപ്പോഴൊക്കെ ഇവർ പുറപ്പെടുവിക്കുന്ന ആരോപണം; ഇവ ദുഷ്ടാത്മാക്കളുടെ അനുഭവങ്ങളല്ലാ എന്നു ഞങ്ങൾ എങ്ങനെ അറിഞ്ഞുവെന്നാണ് ഇവർ ചോദിക്കുന്നത്. ഇതിനുള്ള ഒരേ ഒരു സമാധാനം, "അവയുടെ ഫലം കൊണ്ട്" എന്ന ആ പൌരാണിക സമാധാനം തന്നെ

യാണ്. ഇതിനെപ്പറ്റി ദീർഘവിവരണത്തിന ഞാൻ തല്ക്കാലം ഒരുങ്ങുന്നില്ല. സെൻറ് പാൾ തന്നെ ആത്മാവിൻെറ അനുഭവങ്ങളെപ്പറ്റി വിവരിക്കുന്നുണ്ടല്ലോ. (Galatians v. 22. 23.) എങ്കിലും യാതൊരു മുൻകരുതലും വേണ്ടാ എന്നു ഞാൻ ഒരിക്കലും പറയുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ച സർവ്വസംഗതികളും ഉണ്ണസമ്പൂർണ്ണങ്ങളാണെന്നു ഞാൻ ശഠിക്കുന്നുമില്ല. മനുഷ്യൻെറ യാതൊരു പ്രവൃത്തിയും ഉണപരിപൂർണ്ണമായിരിക്കയില്ലെന്നാണു എൻെറ വിശ്വാസം. ശാസ്ത്രാന്വേഷണവൃത്തി തന്നേയും, ഉന്മാർഗ്ഗത്തിലേയ്ക്കു തിരിച്ചുവിടാം. ഇതിൻെറ യാഥാർത്ഥ്യത്തെ ഇന്നത്തെ യുഗം തന്നെ തെളിയിയ്ക്കുന്നില്ലേ? മനുഷ്യനെ സംബന്ധിച്ച എല്ലാ വ്യാപാരങ്ങളും സദ്വിഷയത്തിലും ദുർവിഷയത്തിലും വിനിയോഗിക്കാം. ഇത്തരം തടസ്സങ്ങൾക്കു സമാധാനമായി, മുമ്പു പലർവണയും പറഞ്ഞു പഴകിപ്പോയ സംഗതികളെത്തന്നെ വീണ്ടും പറയേണ്ടതായി വന്നുകൂടുന്നു. ഈ മാതിരി നിരർത്ഥങ്ങളായ ആരോപണങ്ങൾ മതത്തിൻെറ പരിശുദ്ധനാമത്തിനുതന്നെ അനുയോജ്യമല്ല; തൊഴിൽശീലത്തെ മാത്രമാണു ഇതുകൾ പ്രദർശിപ്പിക്കുന്നത്. 'ഉപദേശി' പ്രധാനന്മാർ, തങ്ങളുടെ പ്രത്യേകാനുവാദം ക്രൂരമെന്നു, അന്യർ ചെയ്യുന്നതെല്ലാം, പിശാചിൻെറ പ്രവൃത്തിയായി പരിഗണിക്കുവാൻ പണ്ടേതന്നെ മുതുകന്മാരാണ്. ബ്രൂവേയിലെ ബിഷപ്പു, ജോവാൻ ആഫ് ആക്കിൻെറ

(Joan of Arc) പ്രബോധനങ്ങളും തന്നേയും പൈ
ശാചികമാണെണല്ലേ നിനച്ചിരുന്നതു്! ഇതു എത്ര
യൊ പെരുമാണികമായ ഒരു ആരോപണം! ചരിത്ര
ദൃഷ്ട്യാ, ഇതു എതുയും പിഴച്ച അഭിപ്രായമാണെന്നു
പറയേണ്ട ആവശ്യമില്ലല്ലോ. വേറൊരു സമാധാ
നവും പറവാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല.

ആത്മീയസന്ദേശങ്ങളെ സംബന്ധിച്ച ഭിന്നാഭിപ്രായം.

ആത്മലോകത്തു നിന്നു അറിയിക്കപ്പെടുന്ന വി
ഷയങ്ങളിൽ ദുർഗ്രഹമായ ഭാഗം, അവിടേയും ഇവി
ടേയും ഉള്ള സ്ഥിതിഗതികളുടെ ഐകരൂപ്യമാണു്.
ഇതെങ്ങനെയെന്നാണു ചിലർ ചോദിക്കുന്നതു്. ഇതു
മിക്കവാറും, വീക്ഷകന്റെ വിചാരസാതന്ത്ര്യം കൊണ്ടു
സിദ്ധിക്കുന്നതെന്നതു എന്റെ സമാധാനം. എ
ന്നാൽ എന്റെ ഈ അഭിപ്രായത്തിൽ എനിക്കശേ
ഷം "മക്കടമുഷ്ടി"യില്ല. അവിടേയും ആത്മക്കാൾ
ഇതേവിധത്തിൽത്തന്നെ സ്ഥിതിചെയ്യുന്നതു കൊണ്ടു,
അവയുടെ വ്യാഖ്യാനശക്തി, അഥവാ അന്ധവിവ
ക്ഷണശക്തി, ഈ ലോകത്തുവച്ചു പ്രവർത്തിച്ച ശീ
ലിച്ചതു പോലെതന്നെ, അവിടേയും പ്രവർത്തിച്ചു
പോകുന്നുവെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇന്നു
നാം ഭൌതികസാധനങ്ങളെ ഇഹത്തിൽ വെച്ചു്
ഏതുവിധം കണ്ടറിയുന്നുവൊ, അതുപോലെ മരണ
ശേഷം പരലോകത്തും നാം ചെയ്തുപോകുന്നുവെന്നേ
യുള്ളൂ.

നമുക്ക ദൃഷ്ടിഗോചരമാകുന്ന അന്യവസ്തുക്കളുടെ സ്വഭാവം, നമ്മുടെ വീക്ഷണ ശക്തിയേയും, വ്യാഖ്യാനരീതിയേയുമാണ് മിക്കവാറും ആശ്രയിച്ചിരിക്കുന്നത്. ഒരു ചിത്രത്തിന്റെയോ, മറേറതെങ്കിലും ശില്പവേലയുടേയോ സ്ഥിതിയും ഇപ്രകാരം തന്നെ. ഒരു പദാർത്ഥത്തിന്റെ "തൽഭാവത്തെ"-ഈ പദത്തിനു എന്തർത്ഥം കല്പിച്ചാലും ശരി-നമുക്കറിയാൻ കഴിയുന്നില്ല. പരലോക സ്ഥിതിയെ എപ്പോഴും ഈ ലോകാവസ്ഥയുമായി ഐകരൂപപ്പെടുത്തി പറയുന്നതു തീച്ചയായും ദുർഗ്രഹമായ ഒരു പ്രശ്നമാണെന്നു ഞാനും സമ്മതിക്കാം. എന്നാൽ സ്വീഡൻ ബർഗ്ഗിനു ശേഷം, ഇന്നുവരേ ലഭിച്ചിട്ടുള്ള തെളിവുകൾ ഇതിനെത്തന്നെ ബലപ്പെടുത്തുന്നുമുണ്ട്. ഇതു ജനങ്ങളുടെ അവിശ്വാസത്തിനു കൂടുതൽ പ്രേരകമായിത്തീരുന്നുവെങ്കിലും, എന്തൊ ചില പരമാർത്ഥം ഇതിലുണ്ടെന്നാണു എന്റെ വിശ്വാസം. ഈ പ്രശ്നം ശരിയാണെങ്കിൽ, പരലോകം ഈ ലോകത്തിന്റെ ആകാശീയമായ ഒരു പ്രതിരൂപമാണെന്നോ; അഥവാ മരിച്ചവരും അല്ലാത്തവരുമായ ആളുകളെല്ലാം സ്ഥിതിചെയ്യുന്നതു് ഒരേ ഒരു ലോകത്തു തന്നെയാണെങ്കിലും മരിച്ചവർ ആ ലോകത്തിന്റെ ആകാശീയമായ അവസ്ഥയേയും നാം അതിന്റെ ഭൗതികാവസ്ഥയേയും മാത്രം ദർശിക്കുന്നുവെന്നോ വരണം. എന്നാൽ, ഈ വിഭിന്നാഭിപ്രായങ്ങൾക്കൊക്കെ മാർഗ്ഗദർശകമായി നില്ക്കുന്നതു് വിക്ഷകന്റെ വിചാര

സാത്രപ്യം അഥവാ ചിത്തൈക്യം മാത്രമാണ്. കാരോ ധമനിക്കേന്ദ്രവും, അതിന്റെ അനുഭവങ്ങളെ-അവയുടെ യഥാർത്ഥ പ്രകൃതി എന്തായിരുന്നാലും ശരി-അതിന്റെ പരിചയത്തിനു അനുയോജ്യമായ വിധത്തിലാണു മനസ്സിനു വ്യാഖ്യാനിച്ചു കൊടുക്കുന്നതു്. അക്ഷിയിൽ ആപതിക്കുന്ന ആഘാതം, അഥവാ നേത്രപടലത്തിൽ സംഭവിക്കുന്ന ആമർദ്ദനം, കാഴ്ച എന്നു വിവക്ഷിക്കപ്പെടുന്നു; ശ്രവണധമനിയിൽ ഉണ്ടാകുന്ന ഉത്തേജനത്തെ ശബ്ദം എന്നു വ്യാഖ്യാനിക്കപ്പെടുന്നു. ഇപ്രകാരം നമുക്കു പരിചയമായ വിധത്തിലല്ലാതെ ഒന്നിനേയും വിവക്ഷിക്കാൻ നമുക്കു കഴികയില്ല.

ഇനി ചില പ്രത്യേക വിഷയങ്ങളെ സംബന്ധിച്ചു ചിന്തിക്കാം. ആത്മലോകവാസികളുടെയിടയിൽ പ്രകമ്പനം, കള്ളംകേടിക്കുക മുതലായ പ്രവൃത്തികൾ പതിവുണ്ടെന്നു ആരെങ്കിലും പറയുന്നപക്ഷം, അതു അവാസ്തവവും അന്യായവുമാണു. ഒരു പ്രസ്താവനയെ അതിന്റെ സന്ദർഭത്തിൽ നിന്നു വേർപെടുത്തി പ്രത്യേകം എടുത്തുനോക്കിയാൽ, അതു മിക്കപ്പോഴും തെറ്റിദ്ധാരണയ്ക്കു ഇടയാക്കുകതന്നെ ചെയ്യും. ഈ ഗ്രന്ഥത്തിൽ പറയപ്പെട്ടിട്ടുള്ള സംഗതികൾ-വിശ്വാസയോഗ്യമായ എന്തെങ്കിലും മഹത്വം അവയ്ക്കുണ്ടെങ്കിൽ- ആത്മാക്കൾ ഇത്തരം ലൌകിക പ്രവൃത്തികളിൽ ഏർപ്പെടുന്നില്ല എന്നും, അവയുടെ പരിതഃസ്ഥിതികൾ ഇവയ്ക്കു അനുയോജ്യങ്ങളല്ലെന്നുമാണു നമ്മെ

മനസ്സിലാക്കുന്നത്. ഇങ്ങനെ ധരിയ്ക്കുവാൻ അല്പം വിവേകശക്തിയുടെ സഹായം മാത്രം മതി. ആത്മലോകത്തും, ഒരു സമുദായമുള്ളപക്ഷം, അതു നിശ്ചലമോ, നിത്രഗുമോ ആയിരിക്കാൻ തരമില്ല തന്നെ. പുതുതായി വ്യക്തികൾ ചെന്നുകൊണ്ടേയിരിയ്ക്കും. ആദ്യമായി അവർ അവിടെ ചെല്ലുമ്പോൾ, തങ്ങൾ എവിടേയാണു്, എന്താണു എങ്ങനാണും വിവരമില്ലാതെ, അമ്പരന്നുപോകയും, അപ്രകൃതവും, ഈ സംഭാവ്യവുമായ പല സംഗതികളെപ്പറ്റി ചോദിക്കയും ചെയ്യുമെന്നും, താഴ്ന്നതരം ആളുകൾ ഭൌതികമായ ആശകളാൽ വിവശപ്പെടാറുണ്ടെന്നും, എന്റെ മകന്റെ ചില സന്ദേശങ്ങളിൽ നിന്നു മനസ്സിലാകുന്നുണ്ടു്. ഈ തത്വത്തെ, ശരിയായ ഒരു സന്മാർഗ്ഗോപദേശമായിട്ടും നമുക്കു പരിഗണിക്കാമല്ലോ. പക്ഷെ എനിക്കു തെറ്റിപ്പോയി എന്നും വരാം. തങ്ങളുടെ ഐഹികമായ ഉർമോഹങ്ങളും മരണശേഷവും നിണ്ടു നില്ക്കുമെന്നും, അതു തങ്ങൾ അനുഭവിക്കേണ്ടിവരുന്ന ശിക്ഷകളിൽ ഒന്നാണെന്നും മറ്റും ഭോഗേച്ഛുക്കൾക്കു നൽകപ്പെട്ടുവരുന്ന ധർമ്മോപദേശങ്ങളും, മുന്നറിയിപ്പുകളുമാണല്ലോ. സ്വീഡൻ ബർഗ്ഗിന്റെ Spiritual Diary (സ്പിരിച്വൽഡയറി)എന്ന ഗ്രന്ഥത്തിൽനിന്നു ഈയിടെ എന്റെ ഒരു സ്നേഹിതൻ എനിക്കു പകർത്തിഅയച്ചുതന്നതായ ഭാഗം, ഈ സംഗതിയെ വിശദപ്പെടുത്തുന്നുണ്ടു്. അതു ഇപ്രകാരമാണു്:— "മരിച്ചവരുടെ ആത്മാ

ക്കും, മരണശേഷവും, അവ തങ്ങളുടെ ശരീരത്തിൽ തന്നെ സ്ഥിതിചെയ്യുകയാണെന്നു വിശ്വസിക്കുന്നു. ഏതുവിധത്തിൽ അവയുടെ സർവ്വ പ്രകൃതങ്ങളേയും അവയോടുകൂടിത്തന്നെ കൊണ്ടുപോകുന്നു. ഭക്ഷണത്തിനുള്ള ആഗ്രഹവും, അതുപോലെയുള്ള മറ്റു ഇച്ഛകളും അവയ്ക്കുമുണ്ട്. അതിനാൽ ശാരീരികമായ വികാരങ്ങൾ ആത്മാവിലും ദൃഢമൂലങ്ങളായിരിക്കുന്നു. ഇപ്രകാരം ലോകത്തു നിന്നു കൊണ്ടുപോകുന്ന പ്രകൃതങ്ങൾ അവയിൽ ശേഷിച്ചിരിയ്ക്കും; എന്നാൽ കാലക്രമേണ ഇവ വിസ്മൃതകോടിയിൽ മറഞ്ഞുപോകുന്നതാണ്"

* * * * *

വിജന സ്ഥലത്തുള്ള ഒരു മന്ദിരത്തിൽ ഏതാനും ദൈവഭക്തന്മാർ കൂടിയിരുന്നു പ്രാർത്ഥന മുതലായ സൽപ്രവൃത്തികൾ ചെയ്യുന്നുവെന്നുതന്നെ വിചാരിക്കുക. ആയവസരത്തിൽ അവിടെ ആഗതനാകുന്ന ഒരു പാമ്പാൻ, ആ ഭക്തമന്ദിരത്തെ, ഒരു ഹോട്ടൽ എന്നു തെറ്റിദ്ധരിച്ചുകൊണ്ടു ഒരു കുപ്പി വിസ്കിയോ, സോഡായെങ്കിലോ അവിടെ ഇരിക്കുന്നവരോടു ചോദിച്ചുവെന്നും വയ്ക്കുക. ഇതിൽ നിന്നും മദ്യപാനം, അവിടെ നടപ്പുണ്ടെന്നോ, ആ പരിതഃസ്ഥിതി അതിനു അനുയോജ്യമാണെന്നോ അനുമാനിക്കാൻ അവകാശമുണ്ടോ? (അതുപോലെ കള്ളുകുടിക്കുന്നതു കണ്ടുവെന്നു ഏതെങ്കിലും ഒരു ആത്മാവു പറയുന്ന പക്ഷം, അതിന്റെ തെറ്റിദ്ധാരണകൊണ്ടാണു അ

ങ്ങനെ തോന്നുന്നതെന്നതെ ഒളിവർ ലാഡ്ജ് സമ
ത്ഥിക്കുന്നത്.)

* * * * *

ആത്മവാദത്തെ സംബന്ധിച്ച് "ബുദ്ധിമാന്മാ
രുടേയും, വിവേകികളുടേയും നില" എന്നപ്രത്യേ
ക തലക്കെട്ടിൽ സർ ഒളിവർ ലാഡ്ജ് ഏഴുതിയിരി
ക്കുന്ന മറെറാരദ്ധ്യായത്തിന്റെ സംക്ഷേപം കൂടി
ഇവിടെ ചേർക്കുന്നതു സന്ദർഭോചിതമെന്നു കരുതുന്നു.

അനേകമാളുകൾക്ക് യഥാർത്ഥമെന്നു അനുഭവ
പ്പെടുന്ന വിഷയങ്ങളെ സംബന്ധിച്ചു, ഭൂരിപക്ഷം
പണ്ഡിതന്മാരും തീരെ ശ്രദ്ധാവിഹീനരായി കഴിച്ചു
കൂട്ടുന്നതു് അത്ഭുതകരമായിരിക്കുന്നു. ആത്മവാദിക
ൾ എന്നു പറയപ്പെടുന്നവരുടെ വിശ്വാസം എത്രയും
സുവ്യക്തവും സുദൃഢവുമാണ്; അവരുടെ അനുഭ
വങ്ങളെ അവർ വെളിപ്പെടുത്തുന്നതും എത്രയും
നേരായ മാർഗ്ഗത്തിൽ കൂടി, തീരെ നിർവ്യാജമായ രീതി
യിലാണ്. എന്നാൽ നിർഭാഗ്യവശാൽ ഇവരിൽ
ചിലർ അന്യരുടെ വഞ്ചനയിൽപ്പെട്ട എന്തും വിശ്വ
സിച്ചുപോകുന്ന സാധുപ്രകൃതികളായിപ്പോയി. എ
ങ്ങനെ ആയാലും, നവീനവാദങ്ങളെ [illegible]
ശ്വസിക്കുന്നതു് ഇത്തരം നിഷ്കപടന്മാരുടെ [illegible]
ന്നുള്ളതു ചരിത്രവും സാക്ഷീകരിക്കുന്ന ഒരു [illegible]
ത്ഥമാണല്ലോ. യുക്തിവാദം കൊണ്ടല്ലാതെ. പ്രത്യ
ക്ഷാനുഭവംമൂലം എന്തെങ്കിലും നവീനജ്ഞാനത്തെ
പ്രബോധനം ചെയ്യേണ്ടിവരുമ്പോഴും, ദൈവിക

മായ എന്തെങ്കിലും ജ്ഞാനം വെളിപ്പെട്ടതപ്പെട്ട മ്പോഴൊ, അവയെ ആത്മമായി സ്വീകരിക്കുന്നതു ബുദ്ധിമാന്മാരല്ല; പിന്നയൊ ഋജുബുദ്ധികളായ സാധുക്കളായിരിക്കും അതുകളെ സഹർഷം സ്വാഗതം ചെയ്യുന്നതു്. ഈ വസ്തുതകൾ ഇരുഭാഗത്തുമുള്ള വാദമുഖങ്ങളുടെ തെളിവിനു സാധകബാധകമായി ഭവിക്കുന്നില്ലെന്നു എനിക്കുതന്നെ അറിയാം. ഈ ഋജുബുദ്ധികൾ തെറ്റിദ്ധരിച്ചു പോയി എന്നു വരാം; അതുപോലെ പണ്ഡിതന്മാരുടെ ദൃഷ്ടികൾ, അവരുടെ പൂർവ്വാനുഭവങ്ങളോടു അടുപ്പമില്ലാത്ത സർവ അനുഭവങ്ങളെ സംബന്ധിച്ചും തിരെ അടഞ്ഞു പോയതാണെന്നും വന്നേയ്ക്കാം. യഥാർത്ഥത്തിൽ നവീനങ്ങളായ വിശേഷാനുഭവങ്ങൾ, പൂർവാനുഭവങ്ങളുമായി ബന്ധവിഹീനങ്ങളായിരിക്കാനല്ലെ തരമുള്ളു. പരമാർത്ഥങ്ങളായ അനുഭവങ്ങളുടെ അപ്രതിഹതമായ പ്രേരണാശക്തിയ്ക്കു, ഈ പണ്ഡിത ദൃഷ്ടികളെ ഒരു നവീനവിഷയത്തിലേയ്ക്കു തിരിയ്ക്കുവാൻ കുറച്ചൊരു സമയം വേണ്ടിവരും. ഇതിടകൊണ്ടു, പാമരജനം, അവരുടെ സ്വാനുഭവങ്ങളെ നേരിട്ടു കണ്ടറിയുകയും, അവക്കു വിഹിതമായ ഒരു മാർഗ്ഗത്തിലൂടെ അവർ ജ്ഞാനപതാകയെ വഹിച്ചു കൊണ്ടു മുമ്പോട്ടു പോകയും ചെയ്യുന്നു.

അദ്ധ്യാത്മ വിഷയകമായി നടത്തപ്പെട്ട പരീക്ഷണങ്ങളുടെ ഫലമായി, ചില ദർശനങ്ങൾ, ജീവിച്ചിരിപ്പുള്ള മനുഷ്യരുടെ ബുദ്ധിയ്ക്കു് അതിതമായിരി

ക്കുന്നതെന്നു തോന്നുകയാൽ അത്തരം പ്രതിഭാസങ്ങൾക്കു ആത്മാവാണു കാരണമെന്നു വിചാരിക്കപ്പെട്ടു. ഇവയെ അന്യഥാ വ്യാഖ്യാനിക്കാൻ തരമുണ്ടോ എന്നു നോക്കാനായി ഓരോരുത്തർ ഓരോവിഷയത്തെ ശോധനചെയ്യുവരുന്നു. ഇക്കൂട്ടത്തിൽ ചിലർ പരമനസ്സംക്രമണത്തേയും പ്രസ്തുത ദർശനങ്ങൾക്കു കാരണമായി ഗണിച്ചുപോരുന്നു. ഈ വിധമുള്ള എല്ലാ പരിശോധനകളും അവശ്യവും ന്യായയുക്തവുമാണു്. ഈ പരിശോധകന്മാർക്കു വിജയം ലഭിക്കുന്നുവെങ്കിൽ അതും വളരെ നല്ലതുതന്നെ. എന്നാൽ അവർക്കു വ്യാഖ്യാനിക്കാൻ കഴിയാത്തതായ ചില അനുഭവങ്ങളുണ്ടെന്നും, ഇവ ആത്മവാദികളുടെ സിദ്ധാന്തങ്ങളെ സ്ഥിരീകരിയ്ക്കുന്നപക്ഷം സുദൃഢങ്ങളായി ഭവിക്കുന്നുവെന്നും കാണുകയാൽ ഗത്യന്തരമില്ലാതെയാണു് ഈ വിശ്വാസത്തിൽ ഞാനും പങ്കുകൊണ്ടിട്ടുള്ളൂ.

ഈ വിഷയത്തിൽ നിന്നു അകലെ മാറി നില്ക്കുന്ന ശാസ്ത്രജ്ഞന്മാരുടെ മനഃസ്ഥിതിയെ നമുക്കു തീരെ നിന്ദിച്ചു തള്ളുവാൻ പാടില്ല. തങ്ങൾക്കുള്ള ന്യൂനതകളേയും ശക്തിക്കുറവിനേയും മറന്നിട്ടു്, തങ്ങളുടെ കണ്ണിലും കാതിലും പെടാത്തതൊക്കെ അബദ്ധമാണെന്നു മക്കടമുഷ്ടി പിടിക്കുമ്പോഴാണു ഇവരുടെ നില ന്യായരഹിതമായി ഭവിക്കുന്നതു്. രസതന്ത്രശാസ്ത്രം പഠിക്കുന്നവൻ ആ വിഷയത്തെപ്പറ്റി പലതും അറിയുന്നുവെന്നുവച്ചു, അവന്റെ കണ്ണിൽ പെടാത്തതു

തിനെയെല്ലാം നിഷേധിക്കാൻ അവനു കഴികയില്ല. പ്രകൃതി ശാസ്ത്രാന്വേഷകന്മാരുടെ നിരീക്ഷണ വൃത്തത്തിന്റെ വ്യാപ്തിയെപ്പറ്റി, അഥവാ അതിന്റെ പരിമിതതയെക്കുറിച്ച് അറിഞ്ഞിരുന്നുവെങ്കിൽ, പലതിനേയും ഇവർ നിർവിശങ്കം നിഷേധിക്കുന്നതിലുള്ള നിരർത്ഥതയെ ജനങ്ങൾക്കു നിഷ്പ്രയാസം ഗ്രഹിക്കാമായിരുന്നു.

പ്രകൃതി ശാസ്ത്രത്തിനുള്ള ഈ കുറവിനെ പരിഹരിച്ചു, അതിന്റെ പ്രവൃത്തിപരിധിയെ കഴിയുന്നത്ര വിശാലപ്പെടുത്തി, വിശ്വത്തിലുള്ള സർവ്വവിഷയങ്ങളേയും അതിന്റെ ഗവേഷണകവാടത്തിനുള്ളിൽ പെടുത്തേണമെന്നാണു ഞങ്ങളിൽ ചിലരുടെ ഇപ്പോഴത്തെ ആഗ്രഹം, അഥവാ അത്യാഗ്രഹം. ഇതനുസരിച്ചാണു ആത്മതത്വാന്വേഷകസംഘമെന്ന പേരിൽ ഒരു സ്ഥാപനവും ഞങ്ങൾ ആരംഭിച്ചതു്. ഇന്നുവരേയും വിദ്വാന്മാരുടെ നിരീക്ഷണ പരിധിയിൽ പെടാതെ കിടന്നുപോയ ചില വിഷയങ്ങളെപ്പറ്റി ശാസ്ത്രീയമായി ആരായുകമാത്രമാണു അതിന്റെ ലക്ഷ്യം. ഇതിനായിട്ടുള്ള ഞങ്ങളുടെ ആദ്യത്തെ, അതിന്റെ ഉദ്ദേശം മനസ്സിലാക്കാതെ, ആളകലം പഴിച്ചു. ഈ ഉദ്യമം ഒരുവേള ഞങ്ങളുടെ അത്യാഗ്രഹത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടെങ്കിൽ തന്നേയും, അതു ന്യായരഹിതമെന്നു ഒരിക്കലും സമർത്ഥിക്കാവതല്ലതന്നെ. ഞങ്ങളുടെ ഉദ്യമം ഫലിച്ചില്ലെങ്കിൽ പൊയ്പ്പോട്ടെ എന്നുമാത്രമാണ് ഞാൻ സമാധാനിക്കുന്നതു്.

നവീന പ്രസ്ഥാനങ്ങൾക്കു മന്ദഗതിയിൽ വിജയം ലഭിക്കുന്നതുതന്നെയാണുത്തമം. പണ്ടേതന്നെ പ്രകൃതിശാസ്ത്രാന്വേഷണം നടത്തിവരുന്ന ശാസ്ത്രീയ പരിഷത്തുകൾ, പുറമേ നിന്നു കേൾക്കുന്ന പുതുമകളെ എതിർത്തുകൊണ്ടിരിക്കയും, ആത്മീയ വിഷയങ്ങളെപ്പറ്റി ആരായുവാനുള്ള അവകാശം ഒരു ആദ്ധ്യാത്മിക സംഘത്തിനായി അനുവദിച്ചു കൊടുക്കുന്നതും തന്നേയാണു നല്ലതു്.

ആർതർ ഹില്ലിന്റെ അനുമാനം.

Spiritualism സ്പിരിച്വലിസം എന്ന ഗ്രന്ഥത്തിന്റെ അവസാന-അദ്ധ്യായത്തിൽ ആർതർ ഹിൽ പറയുന്നതിങ്ങനെയാണു്:—

ആത്മീയ ദൃശ്യങ്ങളെയെല്ലാം ഒരു പ്രമാണംകൊണ്ടു പൊതിഞ്ഞു വെയ്ക്കുക സാദ്ധ്യമല്ലെന്നു വേണം പറവാൻ. ഇന്നത്തെ പ്രകൃതി ശാസ്ത്രത്തിന്റെ പരിധിയിൽ പെടാത്ത ഒട്ടനേകം അനുഭവങ്ങളേയും പ്രതിഭാസങ്ങളേയുമെല്ലാം "ആത്മീയം" എന്ന ഒരു ഇനത്തിലാണല്ലോ ആക്കിവെച്ചിരിക്കുന്നതു്. എന്നാൽ നമ്മുടെ അറിവു വർദ്ധിക്കുന്തോറും, ഈ വിവിധാനുഭവങ്ങളെ വിഭിന്ന വിധത്തിൽ വിവരിക്കുവാൻ നമുക്കു പക്ഷേ കഴിഞ്ഞേയ്ക്കും. നമ്മുടെ അറിവിൽ പെട്ട കാരണങ്ങൾ ഒന്നും കൂടാതെ സാധനങ്ങൾ ചലിക്കുന്നതിനു, ഇന്നു പലരും ആത്മാക്കളെയാ

ണല്ലോ ഉത്തരവാദികളാക്കുന്നത്. എന്നാൽ ഇതു തികച്ചും ശരിയായ ഒരഭിപ്രായമാണെന്നു എനിക്കു തോന്നുന്നില്ല. ഭാവിയിൽ പ്രകൃതി ശാസ്ത്രം തന്നെ ഇതിനു സമാധാനം നൽകിയേക്കുമെന്നാണു എനിക്കു തോന്നുന്നതു്. യുസേപിയാ പലാഡിനൊ മുതലായ, വിശേഷശക്തിക്കധീനരായവരുടെ ശരീരത്തിൽ നിന്നു ഒരു തരം അയസ്സാന്തം നിർഗ്ഗമിക്കുമെന്നു മെസ്മർ വിശ്വസിച്ചിരുന്നു. ഇതിനെത്തന്നെ, ഈ പ്രതിഭാസത്തിനു സമാധാനമായി നമുക്കു ഒരു കാലത്തു കൂട്ടുപിടിക്കാൻ കഴിഞ്ഞേയ്ക്കും.

'പ്രേത'ങ്ങളുടെ പ്രത്യക്ഷ പ്രദർശനത്തിലാണു ആത്മവാദികളുടെ വാദത്തിനു ശക്തി ഏറുന്നതു്. ഇവിടേയും പരമനസ്സംക്രമണ ശക്തി കുറുക്കിട്ടു നമ്മിൽ സംശയം ജനിപ്പിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ വഴിയല്ലാതെയും വിചാരവീചികൾ സഞ്ചരണം ചെയ്യുമെന്നു തത്വാന്വേഷികൾ പരിശോധനകൊണ്ടും മറ്റും കണ്ടുപിടിച്ചിട്ടുള്ളതാണു്. മതിഭ്രമവും മറ്റൊരു കാരണമായി പറയാം. എങ്കിലും എന്റെ അറിവിൽ പെട്ടിട്ടുള്ള ചില അനുഭവങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ, ആത്മാക്കളുടെ പ്രവൃത്തിയാണിതെന്നു വിചാരിക്കാൻ ധാരാളം വഴിയുണ്ടു്.

സ്വയം പ്രേരിത ലേഖനത്തെ സംബന്ധിച്ചായാലും ഒന്നിലധികം സമാധാനങ്ങൾ പറയാനുണ്ടു്. ചില അനുഭവങ്ങൾ തീച്ചയായും നിഗൂഢ മനസ്സിന്റെ പ്രവൃത്തിയാണെന്നതിനു സംശയമില്ല. ചിലർ

കടലാസിൽ "സ്വപ്നം കാണുക" യാണെന്നു ധാരാളം പറയാം. വേറെ ചിലതു പരമനസ്സംക്രമണത്താലും ഉണ്ടാകുന്നുണ്ട്. മറ്റു ചിലതു "മഹാഭാഗത്തു" നിന്നുള്ള സന്ദേശങ്ങളുമായിരിയ്ക്കാം. എന്തെങ്കിലും ഒന്നു ഖണ്ഡിച്ചു പറയുക എളുപ്പമല്ല. എന്നാൽ ഇതൊക്കെ പിശാചുക്കളുടെ വേലയാണെന്നുള്ള പക്ഷത്തെ ഞാൻ അശേഷം ആദരിക്കുന്നില്ല. ഈ "പൈരാചിക" പ്രമാണത്തിനു ഒരു തെളിവുമില്ല. മനുഷ്യേതരരായ അകാശീയ ജീവികൾ ലോകത്തുതന്നെ ഉണ്ടായേക്കാം. എന്നാൽ ഇതിനെ തെളിയിക്കുക ശ്രമസാദ്ധ്യമായിട്ടാണിരിക്കുന്നതു്.

ഈ ഗ്രന്ഥത്തിന്റെ അവസാന പതിപ്പിന്റെ മുഖവുരയായി ആർതർ ഹിൽ ഇങ്ങനെ പറയുന്നു:— എന്റെ സ്വന്തമായ നിഗമനങ്ങൾ ഈ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതു് തന്നേയാണ്. എന്നാൽ എന്റെ അഭിപ്രായങ്ങളെ പൂർവ്വാധികം ഉറപ്പോടുകൂടി പറയാൻ ഇപ്പോൾ എനിക്കു് കഴിവുണ്ടു്. മരണാനന്തര സത്തയേയും, ആത്മ സന്ദേശത്തേയും പറ്റിയുള്ള എന്റെ ആദ്യ അഭിപ്രായങ്ങളെ എന്റെ അനന്തര പരീക്ഷണങ്ങൾ ബലപ്പെടുത്തിയിരിക്കുന്നു. പദാർത്ഥങ്ങളുടെ സ്വയംചലനം ആദിയായ ഭൌതിക ദൃശ്യങ്ങളെ സംബന്ധിച്ചു എനിക്കുണ്ടായിരുന്ന അവിശ്വാസം ഡാക്ടർ ക്രാഫോർഡിന്റെ പരീക്ഷണങ്ങൾ മൂലം ഇല്ലാതിപ്പോയിരിക്കുന്നു. ആത്മീയ ദൃശ്യങ്ങൾ എന്നു പറയപ്പെടുന്ന അനുഭവങ്ങളിൽ മിക്ക

തും, അഥവാ എല്ലാവും വാസ്തവത്തിൽ സംഭവിക്കുന്നു വെന്നും, ഇവയെ സംബന്ധിച്ച ആത്മവാദികളുടെ സമാധാനമാണ് യുക്തിക്കു ചേർന്നതെന്നും ഞാൻ വിശ്വസിക്കയാണു ചെയ്യുന്നതു്. എന്നാൽ പൊതുവായ ശാസ്ത്രീയ വിഷയങ്ങളോടു ഇവയേയും ഘടിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി, ശാസ്ത്രീയ ഈ പ്രതിഭാസങ്ങളെ അവധാനപൂർവ്വം പഠനം ചെയ്യേണ്ടിയിരിക്കുന്ന ത്യാജ്യകോടിയിൽപ്പെട്ട ഒരു വിഷയമായി ഇതിനെ കരുതാൻ പാടില്ല. എന്നാൽ നിരൂപണപരമായി നിഗമനം ചെയ്യാൻ നിവൃത്തിയില്ലാത്ത നിരീക്ഷകന്മാർ ഇതിനെ നിഗ്ഗ്രഹം നിരാകരിക്കയും വേണ്ടതാണ്.

